# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 11, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--396]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി | : 774 മുതൽ 907 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 908 മുതൽ 987 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 988 മുതൽ 1098 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 1099 മുതൽ 1169 വരെ |

**ഭൂരഹിത പുനരധിവാസ പദ്ധതി**

774 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എ. രാജ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും സ്വന്തമായി ഭൂമി എന്ന നയം സംസ്ഥാന സർക്കാർ നടപ്പിലാക്കിയതിന്റെ ഭാഗമായി ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ അപേക്ഷിക്കുന്നതിനുള്ള പ്രായപരിധിയും വരുമാനപരിധിയും ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് ലഭ്യമായ ഭൂമി സർക്കാർ അനുമതിയോടെ ഏതൊക്കെ ആവശ്യങ്ങൾക്കാണ് പണയപ്പെടുത്താൻ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ലൈഫ്മിഷൻ ഭവന പദ്ധതി**

775 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ലൈഫ്മിഷൻ ഭവന പദ്ധതിയിലൂടെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്;

വ്യക്തമാക്കാമോ?

<u>വന്യജീവി സങ്കേതങ്ങളിലെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കൽ</u>

776 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾക്കകത്ത് അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി</u>

777 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങിനൽകുവാൻ 2016 മുതൽ നാളിതുവരെ ബജറ്റുകളിൽ ഓരോ വർഷവും എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ; ഇതിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും എത്ര ഏക്കർ ഭൂമി വാങ്ങിയെന്നും ഇപ്രകാരം വാങ്ങിയ ഭൂമി എത്ര ഗുണഭോക്താക്കൾക്ക് ഇതിനകം വിതരണം ചെയ്തുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

<u>ഭവനരഹിത പട്ടിക ജാതി, പട്ടിക വർഗ്ഗ കുടുംബങ്ങൾ</u>

778 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഭവനരഹിതരായ എത്ര പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണുള്ളതെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന്റെ ഭാഗമായി പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നാളിതുവരെ എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്നും ആയതിൽ എത്ര തുകയാണ് ചെലവഴിച്ചതെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) ലൈഫ് മിഷൻ പദ്ധതിയിലൂടെ 2017-18 മുതൽ നാളിതുവരെ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ഭവന നിർമ്മാണമാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കുമോ?

<u>കൊയിലാണ്ടി മണ്ഡലത്തിലെ ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി</u>

779 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വീട് വയ്ക്കാൻ സ്ഥലമില്ലാത്ത പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട എത്ര കുടുംബങ്ങൾ ഭൂമി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേർക്ക് ഭൂമി ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി**

780 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങിനൽകുവാൻ 2016 മുതൽ നാളിതുവരെയുള്ള ബജറ്റുകളിൽ ഓരോ വർഷവും എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ; ഇതിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും എത്ര ഏക്കർ ഭൂമി വാങ്ങിയെന്നും ഇപ്രകാരം വാങ്ങിയ ഭൂമി എത്ര ഗുണഭോക്താക്കൾക്ക് ഇതിനകം വിതരണം ചെയ്തുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

**ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി**

781 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങിനൽകുവാൻ 2016 മുതൽ നാളിതുവരെ ബജറ്റുകളിൽ ഓരോ വർഷവും എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ; ഇതിൽ ഓരോ വർഷവും എത്ര ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

**ഉടുമ്പൻചോല മണ്ഡലത്തിലെ ഭൂ-ഭവനരഹിതർക്ക് വീട്**

782 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂ-ഭവനരഹിതർക്ക് വാസയോഗ്യമായ വീട് നിർമ്മിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഉടുമ്പൻചോല മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ഭൂ-ഭവനരഹിതരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകി എന്നതിന്റെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## ഭവനരഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി

783 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുവാൻ 2016 മുതൽ നാളിതുവരെ ബജറ്റുകളിൽ ഓരോ വർഷവും എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ; ഇതിൽ ഓരോ വർഷവും എത്ര ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും എത്ര ഏക്കർ ഭൂമി വാങ്ങി എന്നും ഇപ്രകാരം വാങ്ങിയ ഭൂമി എത്ര ഗുണഭോക്താക്കൾക്ക് ഇതിനകം വിതരണം ചെയ്തുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി

784 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) എത്രപേർക്കാണ് ഈ സർക്കാർ കാലയളവിൽ ഭൂമി നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഭൂമിയില്ലാത്ത കുടുംബാംഗങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിച്ചുനൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

## കോടഞ്ചേരി വട്ടച്ചിറ ഉന്നതിയിലെ ഭവന നിർമ്മാണ പദ്ധതി

785 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി പഞ്ചായത്തിലെ വട്ടച്ചിറ ഉന്നതിയിൽ നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ ഭൂമിയിൽ ഭവന പദ്ധതി

786 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരായ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കായി 1997-ൽ കളക്ടറുടെ ഉത്തരവ് പ്രകാരം വാങ്ങിയതും വർഷങ്ങളായി ഉപയോഗിക്കാത്തതുമായ 1.87 ഏക്കർ ഭൂമിയിൽ

ഉപയോഗയോഗ്യമായ ഒരേക്കർ ഭൂമിയിൽ അർഹരായ ഗുണഭോക്താക്കൾക്ക് വാസഗൃഹം ഒരുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബാക്കിയുള്ള ഭൂമി ഉപയോഗ്യമാക്കുന്നതിനായി പാലം നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി സി.ആർ.ഇസഡ്. പരിധിയിൽപ്പെട്ടതിനാൽ വീട് നിർമ്മാണത്തിന് പ്രത്യേക അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ ഇളവ് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

## <u>അംബേദ്കർ ഗ്രാമം പദ്ധതി</u>

787 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ നടത്തിപ്പാറ-രക്കാണ്ടി പദ്ധതിയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>പേരാമ്പ്ര മണ്ഡലത്തിലെ അംബേദ്കർ നഗറുകൾ</u>

788 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ഏതൊക്കെ അംബേദ്കർ നഗറുകൾക്കാണ് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## <u>വേളം ഗ്രാമപഞ്ചായത്തിലെ അബേദ്കർ ഗ്രാമ പദ്ധതി</u>

789 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വേളം ഗ്രാമപഞ്ചായത്തിലെ ചോയ് മഠം പട്ടികജാതി നഗർ, കുളിക്കുന്ന് പട്ടികജാതി നഗർ എന്നീ അംബേദ്കർ ഗ്രാമപദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഈ പ്രവൃത്തിയുടെ ഭാഗമായി എന്തൊക്കെ പ്രധാന പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

## <u>മുത്തപ്പൻപ്പുഴ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി</u>

790 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി പഞ്ചായത്തിലെ മുത്തപ്പൻപുഴ ഉന്നതിയിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ ഭരണാനുമതി നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിക്കുന്നതിനും പദ്ധതികൾ ആരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

791 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കുന്നത്തുനാട് മണ്ഡലത്തിലെ എത്ര നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഓരോ നഗറിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോ നഗറിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ;

(സി) നിലവിൽ എത്ര നഗറുകളിൽ പദ്ധതി പൂർത്തിയായെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി പൂർത്തീകരിക്കാത്ത നഗറുകളിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഇ) മുഴുവൻ നഗറുകളിലും പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമപദ്ധതി</u>**

792 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമപദ്ധതിയിൽ എത്ര ഉന്നതികളെ 2020 മുതൽ 2024 വരെയുള്ള കാലയളവിൽ ഉൾപ്പെടുത്തിയെന്ന് ഉന്നതിയുടെ പേര്, പഞ്ചായത്ത് എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ ഉന്നതികൾക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

**<u>അരൂർ മണ്ഡലത്തിലെ അംബേദ്കർ നഗർ പദ്ധതി</u>**

793 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ അരൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ നഗർ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ബാക്കിയുള്ളവയുടെ നിർമ്മാണഘട്ടം, ഏജൻസി എന്നിവ സംബന്ധിച്ച വിവരം വിശദമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിക്കാത്ത എത്ര നഗറുകൾ ഉണ്ടെന്നും അവ പൂർത്തീകരിക്കാത്തതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

**<u>പഴയകളം നഗർ നവീകരണ പ്രവൃത്തി</u>**

794 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ പഴയകളം നഗർ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## പട്ടികജാതി, പട്ടികവർഗ്ഗ നഗറുകളിലെ അടിസ്ഥാന സൗകര്യ വികസനം

795 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ നഗറുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഒരു നഗറിൽ ചെലവഴിക്കുന്ന പരമാവധി തുക എത്രയാണെന്നും ഇതിന്റെ മാനദണ്ഡങ്ങളും വ്യക്തമാക്കാമോ;

(സി) നഗറുകളിലെ ഏതെല്ലാം അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയാണ് ഫണ്ട് അനുവദിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) 2016 മുതൽ നാളിതുവരെ സംസ്ഥാനത്തെ പട്ടികജാതി നഗറുകളിൽ നടപ്പിലാക്കിയ പദ്ധതികൾക്ക് അനുവദിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ഇ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്തെ പട്ടികവർഗ്ഗ നഗറുകളിൽ നടപ്പിലാക്കിയ പദ്ധതികൾക്കായി നൽകിയ തുക വർഷം തിരിച്ച് ലഭ്യമാക്കാമോ?

## കയ്പമംഗലം മണ്ഡലത്തിലെ അംബേദ്കർ നഗർ നവീകരണം

796 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിൽ അംബേദ്കർ നഗർ നവീകരണവുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തിയിട്ടുള്ള മതിലകം ഗ്രാമപഞ്ചായത്തിലെ പൊന്നാംപടി നഗർ, പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ എസ്.ബി. നഗർ, എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ വാർഡ് 12 പട്ടികജാതി നഗർ എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ഈ നഗറുകളുടെ നവീകരണം വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

## കരിഞ്ചാലോട് ഉന്നതിയിലെ അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതി

797 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കരിഞ്ചാലോട് ഉന്നതിയിൽ അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ

798 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതികളുടെയും നഗറുകളുടെയും നവീകരണത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## ചാക്കുടി-കടമ്പ്രവാരം ഉന്നതി

799 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാക്കുടി-കടമ്പ്രവാരം ഉന്നതിയുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## പെരിന്തൽമണ്ണ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

800 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി നിർവഹണ ഏജൻസിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും വിശദമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

801 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നഗറുകളുടെ നവീകരണത്തിന് അനുവദിച്ച ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിവരുന്ന 2020 മുതൽ 2024 വരെയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## മുനിക്കുന്ന് ലക്ഷം വീട് നഗറിന്റെ നവീകരണം

802 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ൽ ഫണ്ട് അനുവദിച്ച വർക്കല മണ്ഡലത്തിലെ മുനിക്കുന്ന് ലക്ഷം വീട് നഗറിന്റെ നവീകരണ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കള്ളാംതോട് നഗറിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി

803 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി പഞ്ചായത്തിലെ കള്ളാംതോട് നഗറിന്റെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് വകുപ്പ് ഡയറക്ടർ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വടശ്ശേരിക്കോണം അംബേദ്കർ ഗ്രാമം പദ്ധതി

804 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ വടശ്ശേരിക്കോണം ഉന്നതിയിൽ നടപ്പാക്കുന്ന അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## പുതുക്കോട് പാടോല അംബേദ്കർ ഗ്രാമവികസന പദ്ധതി

805 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പുതുക്കോട് ഗ്രാമപഞ്ചായത്തിലെ പാടോല പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ?

## കല്ലുവാതുക്കൽ പാറയിൽ സെറ്റിൽമെന്റ് നഗർ പുനരുദ്ധാരണം

806 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ലെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ കല്ലുവാതുക്കൽ പാറയിൽ സെറ്റിൽമെന്റ് നഗർ പുനരുദ്ധരിക്കുന്നതിന് അനുമതി ലഭിച്ചതിൻ പ്രകാരം സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അനുമതി പ്രകാരം നിർവ്വഹണ ചുമതലയുള്ള കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയർക്ക് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം വ്യക്തമാക്കിയും കൊല്ലം ജില്ലാ

നിർമ്മിതികേന്ദ്രത്തിന് പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല നല്കണമെന്നും ആവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(ഡി) നിവേദനം നൽകി ഒരു വർഷത്തിലധികമായെങ്കിലും നാളിതുവരെ പ്രസ്തുത വിഷയത്തിന്മേൽ തീരുമാനം കൈക്കൊള്ളാൻ കഴിയാത്ത സാഹചര്യം എന്താണെന്ന് വിശദമാക്കാമോ?

### <u>മഞ്ഞക്കടവ്, മാങ്കുന്ന് ഉന്നതികളിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി</u>

807 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടരഞ്ഞി പഞ്ചായത്തിലെ മഞ്ഞക്കടവ്, മാങ്കുന്ന് ഉന്നതികളിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിക്കായുള്ള ഭരണാനുമതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### <u>ചൊവ്വല്ലൂർ പട്ടികജാതി നഗറിന്റെ വികസനം</u>

808 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ ചൊവ്വല്ലൂർ പട്ടികജാതി നഗറിന്റെ വികസനത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നഗറിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള നിർവ്വഹണ ഏജൻസി ഏതാണെന്ന് അറിയിക്കാമോ?

### <u>വാളാഞ്ഞികുളങ്ങരത്ത് നഗർ അംബേദ്കർ ഗ്രാമപദ്ധതി</u>

809 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമപദ്ധതി പ്രകാരം കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വാളാഞ്ഞികുളങ്ങരത്ത് പട്ടികജാതി നഗർ വികസന പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) ടി പ്രവൃത്തിയിൽ ഏതൊക്കെ പ്രധാന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രവൃത്തി എന്ന് പൂർത്തിയാക്കുവാൻ സാധിക്കുമെന്നും അറിയിക്കാമോ?

### <u>അംബേദ്കർ ഗ്രാമവികസന പദ്ധതി</u>

810 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം പട്ടികജാതി നഗറുകളുടെ നവീകരണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) കോട്ടക്കൽ മണ്ഡലത്തിലെ മൂർദ്ധനാവ് പട്ടികജാതി നഗറിനെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത നഗർ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## നാക്കിലംപാട് ഉന്നതിയിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

811 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി പഞ്ചായത്തിലെ നാക്കിലംപാട് ഉന്നതിയിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നാക്കിലംപാട് ഉന്നതിയെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ചേലക്കര മണ്ഡലത്തിലെ പട്ടികജാതി നഗറുകൾ

812 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി എത്ര പട്ടികജാതി നഗറുകളുണ്ട്; പഴയന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസ്, വടക്കാഞ്ചേരി ബ്ലോക്ക് പട്ടികജാതി വികസന ആഫീസ് എന്നിവയ്ക്ക് കീഴിൽ വരുന്ന നഗറുകളും അവയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണവും പ്രത്യേകം വ്യക്തമാക്കാമോ?

## ദേവികുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി

813 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ദേവികുളം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം അനുവദിച്ച നഗറുകൾ ഏതൊക്കെയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഈ നഗറുകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വർഷം തിരിച്ച് വിശദമാക്കാമോ?

## <u>പിറവം മണ്ഡലത്തിലെ ഭവനരഹിതർക്ക് വീട്</u>

814 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിലെ ആറാം വാർഡിൽ വെട്ടിക്കൽ ലക്ഷം വീട് നഗറിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആറ് കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(സി) എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിലെ പാർപ്പാംകോട് ലക്ഷം വീട് നഗറിലെ ഭവന രഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പിറവം മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് അടിയന്തരമായി വീട് നിർമ്മിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വീട് നിർമ്മാണത്തിന് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ?

## <u>അട്ടപ്പാടിയിലെ ശിശുമരണങ്ങൾ</u>

815 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ നടന്ന ശിശുമരണങ്ങൾ എത്രയാണെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം ഉണ്ടായിട്ടും അട്ടപ്പാടിയിൽ ശിശു മരണങ്ങൾ വർദ്ധിച്ചുവരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ?

## <u>പട്ടികവർഗ്ഗ സങ്കേതങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ</u>

816 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടുത്ത കാലത്തായി വന്യജീവി ആക്രമണങ്ങൾ വർധിച്ച് വരുന്നതായും ആളുകൾക്ക് ജീവഹാനി സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ സങ്കേതങ്ങളിലെ രാത്രികാല സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(സി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കണ്ണവം വനമേഖല ഉൾപ്പെടുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കുമോ?

## <u>അഴീക്കോട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>

817 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്ന ഉന്നതികളിലെ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പ്രയാസമുള്ള ഉന്നതികൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>സാമൂഹികാവകാശം</u>

818 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമത്തിലെ സാമൂഹികാവകാശം വഴി പട്ടികവർഗ്ഗ നഗറുകൾക്ക് എത്ര ഹെക്ടർ വനഭൂമി ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) അതിൽ വിഭവശേഖരണം മാത്രമല്ലാതെ എന്തെല്ലാം പദ്ധതികളാണ് വകുപ്പ് പ്ലാൻ ചെയ്തിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നിയമപ്രകാരം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് സ്വന്തം നിലയിൽ ശാക്തീകരണം സാധ്യമാക്കിയ ഏതെങ്കിലും പട്ടികവർഗ്ഗ ജനത സംസ്ഥാനത്തുണ്ടോ; വ്യക്തമാക്കുമോ?

## <u>വിദ്യാർത്ഥികൾക്കുള്ള സ്വർണ്ണമെഡൽ</u>

819 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തിലും കലാപ്രകടനങ്ങളിലും മികവ് പുലർത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നൽകിയിരുന്ന സ്വർണ്ണ മെഡൽ, പ്രോത്സാഹന തുക എന്നിവയുടെ വിതരണം മുടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ എത്ര കാലമായി വിതരണം മുടങ്ങിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) മെഡൽ വിതരണം മുടങ്ങിയതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഏതെല്ലാം പരീക്ഷകളിൽ ഉന്നത വിജയം നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് മെഡലും തുകയും വിതരണം ചെയ്തിരുന്നതെന്ന് വിശദമാക്കുമോ;

(ഇ) മുടങ്ങിയ മെഡൽ വിതരണം എപ്പോൾ നടത്തുമെന്ന് വിശദമാക്കുമോ?

## <u>വർക്കല മണ്ഡലത്തിലെ ഐ.ടി.ഐ. കെട്ടിട നിർമ്മാണം</u>

820 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. യ്ക്ക് കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആയത് സംബന്ധിച്ച നടപടികൾ വിശദമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ പഠനമുറി പദ്ധതി

821 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വാമനപുരം മണ്ഡലത്തിൽ ഏത്ര പഠനമുറികൾ ആരംഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## ഇ-ഗ്രാന്റ് വിതരണത്തിലെ തടസ്സം

822 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർഥികളുടെ ഇ-ഗ്രാന്റ് വിതരണത്തിൽ തടസ്സം നേരിട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കുമോ;

(ബി) ഇ-ഗ്രാന്റ് വിതരണത്തിൽ ഉണ്ടായ തടസ്സം പരിഹരിച്ച് ഗ്രാന്റ് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഇനത്തിൽ വിതരണം ചെയ്യാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) ഇ- ഗ്രാന്റ് വിതരണത്തിൽ ഉണ്ടായ തടസ്സം പരിഹരിച്ച് ഗ്രാന്റ് പൂർണ്ണമായും വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

## സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

823 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് മാസംതോറും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങളിൽ എത്ര മാസത്തെ തുകയാണ് കുടിശ്ശികയെന്ന് വ്യക്തമാക്കാമോ?

## ലംപ്സം ഗ്രാന്റ്/ഫിനാഷ്യൽ അസിസ്റ്റന്റ്സ് പദ്ധതി

824 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്/ഫിനാഷ്യൽ അസിസ്റ്റന്റ്സ് പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം എത്ര

വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ഹൈസ്കൂൾ, ഹയർ സെക്കന്ററി, പ്രൊഫഷണൽ കോഴ്സുകൾ എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) വിദേശത്ത് വിവിധ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വകുപ്പ് അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയാണെന്ന പരാതി നിലവിൽ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ?

## ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതി

825 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതി പ്രകാരം നിലവിൽ ഏതെല്ലാം മേഖലയിലാണ് ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നത്;

(ബി) ഇതിലൂടെ പട്ടികവിഭാഗം ഉദ്യോഗാർത്ഥികൾക്ക് ഏതെല്ലാം മേഖലയിൽ ഓണറേറിയത്തോടെ തൊഴിൽ ലഭിക്കുമെന്ന് അറിയിക്കാമോ;

(സി) ഓരോ മേഖലയിലും എത്ര പേർക്കാണ് ഇതിനോടകം പ്രയോജനം ലഭിച്ചിട്ടുള്ളത്;

(ഡി) ഈ പദ്ധതി വളരെ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളത്?

## വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ് മുടങ്ങൽ

826 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി., എസ്.ടി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ് മുടങ്ങിയത് കാരണം പ്രസ്തുത കുട്ടികളുടെ പഠനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റ് അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പാലാ നിയോജകമണ്ഡലത്തിലെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള ഗ്രാന്റ് വർഷങ്ങളായി മുടങ്ങിയത് സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഇ-ഗ്രാന്റ്സ് അപേക്ഷ നടപടിക്രമങ്ങൾ

827 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യു.ജി., പി.ജി. പഠനത്തിന് അനുവദിച്ചിട്ടുള്ള ഇ-ഗ്രാന്റ്സ് -നുള്ള അപേക്ഷ സമർപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ അറിയിക്കാമോ;

(ബി) ഓൺലൈനായി അപേക്ഷ സമർപ്പിച്ചാൽ അപേക്ഷയിൽ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) അപേക്ഷയിൽ തെറ്റ് സംഭവിച്ചാൽ ആയത് പരിഹരിക്കുന്നതിന് ഏത് ഓഫീസുമായിട്ടാണ് ബന്ധപ്പെടേണ്ടതെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ

828 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന മാർക്ക് വാങ്ങി യോഗ്യത പരീക്ഷ വിജയിച്ചിട്ടും, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് ബാങ്കുകൾ വഴിയും പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയും നൽകുന്ന വായ്പകൾക്കുള്ള കടുത്ത ജാമ്യ വ്യവസ്ഥകൾ കാരണം വായ്പ ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് വായ്പ തുകയ്ക്ക് ആനുപാതികമായി ഈട് നൽകുന്നതിന് സ്വന്തം ഭൂമിയോ ജാമ്യം നിൽക്കാൻ ഉദ്യോഗസ്ഥരോ വേണമെന്ന് ബാങ്കുകൾ നിബന്ധന വയ്ക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) സ്വന്തമായി ഭൂമിയോ ജാമ്യം നിൽക്കുന്നതിന് ബന്ധുക്കളായ ഉദ്യോഗസ്ഥരോ ഇല്ലാത്ത ആളുകളാണ് പട്ടികജാതി വിഭാഗത്തിൽ ഏറെയും എന്നിരിക്കെ ബാങ്കുകളുടെ കടുത്ത ജാമ്യ വ്യവസ്ഥ കാരണം മികച്ച പഠനനിലവാരമുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് അവസരങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന ഉന്നത വിദ്യാഭ്യാസത്തിന് നൽകുന്ന ലോണിനായി അപേക്ഷ നൽകിയിട്ട് ലോൺ അനുവദിക്കാത്തതോ നിരസിച്ചതോ ആയ എത്ര അപേക്ഷകളാണ് നിലവിലുള്ളത്; വർഷം തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ഇ) ഫണ്ടിന്റെ അപര്യാപ്തതയാണോ ഇപ്രകാരം വിദ്യാർത്ഥികൾക്ക് ലോൺ നിരസിക്കുന്നതിന് കാരണമാകുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വായ്പയെടുക്കുന്ന വിദ്യാർത്ഥികൾക്ക് തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ടിൽ നിന്ന് വായ്പയുടെ വലിയ പങ്കും ബാങ്കുകൾക്ക് കിട്ടുന്ന സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തിരിച്ചടവ് തുകയുടെ എത്ര ശതമാനം വരെയാണ് ഇപ്രകാരം ബാങ്കുകൾക്ക് ലഭ്യമാകുകയെന്ന് അറിയിക്കാമോ?

## വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ നടപടി

829 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക

ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാത്തത് അവരുടെ തുടർവിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) വിദ്യാഭ്യാസാനുകൂല്യങ്ങളുടെ കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ പഠന മുറി പദ്ധതി

830 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ എത്രപേർക്ക് പഠന മുറി അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പഠനമുറികൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്

831 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതി ഓവർസീസ് സ്കോളർഷിപ്പിന് 2023-24, 2024-25 വർഷങ്ങളിൽ എത്ര അപേക്ഷകർ ഉണ്ടായിരുന്നു; ആയതിൽ എത്ര പേർ അർഹത നേടി; എത്ര രൂപയാണ് പരമാവധി സ്കോളർഷിപ്പായി നൽകുന്നതെന്ന് വിശദമാക്കാമോ?

## പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ

832 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011-12 സാമ്പത്തിക വർഷം മുതൽ 2023-24 വരെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളിലായി ആകെ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി എന്നിവ ആരംഭിച്ചത് മുതൽ ഓരോ വർഷവും ഈ പദ്ധതികളിലൂടെ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കുള്ള സാമ്പത്തിക സഹായം

833 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് ഏതെല്ലാം കാര്യങ്ങൾക്കാണ് സാമ്പത്തിക സഹായം നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തും രാജ്യത്തെ മറ്റ് സർവ്വകലാശാലകളിലും പഠിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമോ;

(സി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ഓരോ വർഷവും എത്ര പേർക്ക് ഇത്തരത്തിലുള്ള സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റ്

834 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് നല്കിവരുന്ന വിദ്യാഭ്യാസ ഗ്രാന്റ് നിർത്തലാക്കിയിട്ടുണ്ടോ; ഗ്രാന്റ് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഗ്രാന്റ് നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) 2024-25 വർഷം ഗ്രാന്റ് ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് ആയത് ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) നഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻഡ്, ഹോസ്റ്റൽ ഫീസ് എന്നിവ 2024-25 വർഷം വിതരണം ചെയ്തിട്ടുണ്ടോ; വിതരണത്തിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വെബ് പോർട്ടലുകൾ ഇ-ഗ്രാന്റ് പോർട്ടലുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

## പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ

835 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ നിലവിൽ കൃത്യമായി വിതരണം ചെയ്യുന്നുണ്ടോ; എത്ര വിദ്യാർത്ഥികൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്; ജില്ലതിരിച്ചുള്ള കണക്കുകൾ നൽകാമോ;

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്ന എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ മുടങ്ങിയിട്ടുള്ളതെന്നും ഇതിന്റെ കുടിശ്ശികയുടെ

വിശദാംശങ്ങളും ജില്ല അടിസ്ഥാനത്തിൽ നൽകാമോ;

(ഡി) പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കോഴ്സുകൾ പഠിക്കുന്ന എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കാമോ; എത്ര രൂപയാണ് ഈ ഇനത്തിൽ കുടിശ്ശികയായി നൽകാനുള്ളതെന്നും വിശദമാക്കാമോ;

(ഇ) സ്കോളർഷിപ്പുകൾ മുടങ്ങിയത് കാരണം എസ്.സി, എസ്.ടി വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രതിസന്ധികളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## <u>ഹരിപ്പാട് സൈബർശ്രീ സെന്റർ</u>

836 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി അനുവദിച്ചിരുന്ന സൈബർശ്രീ സെന്ററിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഹരിപ്പാട് സൈബർശ്രീ സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ പട്ടികജാതി വകുപ്പിന്റെ പരിഗണനയിലുള്ള നടപ്പ്, കുറിപ്പ് ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## <u>പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് കുടിശിക</u>

837 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി, ഒ.ഇ.സി വിഭാഗങ്ങളിൽപ്പെടുന്ന പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് ഏത് വർഷം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇ-ഗ്രാന്റ്സ് നൽകുന്നതിൽ കുടിശികയുണ്ടെങ്കിൽ ഏതെല്ലാം വിഭാഗത്തിന്റേതാണെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ അത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും സ്റ്റൈപന്റും നൽകാൻ നടപടി</u>

838 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് മാസംതോറും നല്കി വരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ മാസങ്ങളായി അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റുകൾ അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സേഫ്, പഠനമുറി പദ്ധതികൾ

839 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സേഫ്, പഠനമുറി പദ്ധതികളിൽ നിശ്ചിത ഘട്ടം പൂർത്തീകരിച്ചിട്ടും പണം ലഭിക്കാത്ത എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നും അവർക്ക് എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യം അനുവദിച്ച് ഉത്തരവായ എത്ര ഗുണഭോക്താക്കൾക്ക് തുക കുടിശ്ശികയുണ്ടെന്നും ഇതിന് എത്ര രൂപ വേണ്ടിവരുമെന്നും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 21/09/2023-ലെ സ.ഉ.(സാധാ) നം.1877/2023 തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ നിർവഹണം നടത്തുന്ന പഠനമുറി പദ്ധതിക്ക് ആരംഭഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും അസിസ്റ്റന്റ് എൻജിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത് ഗുണഭോക്താക്കൾക്ക് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നതിനാൽ വാല്യൂവേഷൻ പൂർത്തീകരണ ഘട്ടത്തിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ഇ-ഗ്രാന്റ്സ്

840 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി, ഒ.ഇ.സി വിഭാഗങ്ങളിലെ പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് ഏത് വർഷം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇ-ഗ്രാന്റ്സ് നൽകുന്നതിൽ കുടിശ്ശികയുണ്ടെങ്കിൽ ഏതെല്ലാം വിഭാഗത്തിന്റേതാണെന്ന് വ്യക്തമാക്കാമോ; ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി, ഒ.ഇ.സി വിഭാഗങ്ങളിലെ പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

## വട്ടവട പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മാണം

841 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വട്ടവടയിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ നിർമ്മാണം നടക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**വില്ലുമല പ്രീ മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം**

842 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴ വില്ലുമല നഗറിൽ ആരംഭിച്ച പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ തകർച്ചയിൽ ആയതിനെ തുടർന്ന് വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റലിനോട് ചേർന്ന് പട്ടികവർഗ്ഗ വിഭാഗത്തിനായി നിർമ്മിച്ച ആയുർവേദ ഡിസ്പെൻസറി കെട്ടിടം കാലപ്പഴക്കത്താൽ തകർന്ന് ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കുളത്തൂപ്പുഴ വില്ലുമല പട്ടികവർഗ്ഗ നെയ്ത്തുശാല/പരിശീലനകേന്ദ്രം പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗ വകുപ്പിന്റെ മേൽനോട്ടത്തിൽ വിശദമായ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത് പുനരുജ്ജീവിപ്പിച്ച് ആദിവാസികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ നൈപുണ്യ വികസന പരിശീലനം**

843 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യവികസന പരിശീലന പരിപാടികളുടെ ഭാഗമായി കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിന്നും എത്രപേർക്ക് പരിശീലനം നല്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നേടിയിട്ടുള്ളവരിൽ എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും എത്രപേർ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ പേരിലേക്ക് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പെരിങ്ങോം സ്കൂളിൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

844 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കുട്ടികൾ ഇല്ലാത്ത സാഹചര്യത്തിൽ നിലവിലെ ഭൗതിക സൗകര്യം ഉപയോഗപ്പെടുത്താവുന്ന എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി നൂതനമായ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിനോ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനോ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കുറിച്ചി സചിവോത്തമപുരം നഗറിലെ തൊഴിൽ സംരംഭങ്ങൾ**

845 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിച്ചി സചിവോത്തമപുരം നഗറിൽ 2012-13 ൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളിലെ സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കി നഗർ അസോസിയേഷന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംരംഭങ്ങൾ പ്രവർത്തന സജ്ജമാകുന്നതോടെ സചിവോത്തമപുരം നഗറിലെ തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം നിലവിലുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സചിവോത്തമപുരം നഗറിലെ തൊഴിൽ രഹിതർക്ക് ആവശ്യമായ പരിശീലനം നൽകി ഈ സംരംഭങ്ങളിൽ തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഐ.ടി. പാർക്കുകളിൽ തൊഴിൽ പരിശീലനവും സംവരണവും**

846 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്ക്, ഇൻഫോപാർക്ക് അടക്കമുള്ള ഐ.ടി. പാർക്കുകളിൽ എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഐ.ടി. പാർക്കുകളിൽ നിയമനവുമായി ബന്ധപ്പെട്ട് എസ്.സി., എസ്.ടി. വിഭാഗക്കാർക്ക് നിലവിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവർക്ക് തൊഴിൽ പരിശീലനവും ജോലിയിൽ പ്രവേശിക്കുന്നതിന് സംവരണവും ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

**കാഞ്ഞാണി നഗറിൽ പുതിയ വ്യവസായ സംരംഭങ്ങൾ**

847 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനായി മണലൂർ പഞ്ചായത്തിലെ കാഞ്ഞാണി പട്ടികജാതി നഗറിൽ പട്ടികജാതി വികസന

വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച എത്ര കെട്ടിടങ്ങൾ നിലവിലുണ്ട്; പ്രസ്തുത കെട്ടിടങ്ങൾക്ക് ആകെ എത്ര ചതുരശ്ര അടി വിസ്തീർണ്ണമുണ്ട്;

(ബി) പ്രസ്തുത കെട്ടിടങ്ങളിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത സ്ഥലത്ത് ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളിൽ പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതിക്കാർക്ക് ധനസഹായം നൽകി പ്രസ്തുത സ്ഥലത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ

848 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപ്പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യപരിശീലനം നൽകുന്നതിനുമുള്ള പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ കണ്ണൂർ ജില്ലയിൽ എവിടെയെല്ലാം സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഡിസ്പെൻസറികളിലെ ജീവനക്കാർ

849 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം സ്ഥാപനം, തസ്തിക എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഹോമിയോ ഡിസ്പെൻസറികളിൽ ജോലിചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം സ്ഥാപനം, തസ്തിക എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

## പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ

850 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ക്രോഡീകരിച്ച ശിപാർശകൾ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത് ; വിശദാംശം നല്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ;

(സി) വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാർ ഇല്ലാത്തതു മൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മലപ്പുറം നഗരസഭയിൽ ഉൾപ്പെടെ മലപ്പുറം ജില്ലയിലെ പത്ത് നഗരസഭകളിൽ കൂടി പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ശിപാർശകളിൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ?

## ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർ നിയമനം

851 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന ആയുർവേദ, ഹോമിയോ, അലോപ്പതി ഡിസ്പെൻസറികളുടെ വിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർമാരുടെ നിയമനം എപ്രകാരമാണ് നടത്തുന്നത്; മെഡിക്കൽ ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമുണ്ടോ; വിശദമാക്കുമോ;

(സി) ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർമാരുടെ സ്ഥിരനിയമനം നടത്തുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## പട്ടികജാതി വികസന ഓഫീസർമാരുടെ ജോലിഭാരം

852 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന ഓഫീസർമാരുടെ ജോലിഭാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തദ്ദേശ സ്ഥാപനങ്ങളിൽ ഇലക്ട്രിക് സ്കൂട്ടർ അനുവദിച്ച് സർക്കാർ ഉത്തരവിട്ടത് പോലെ ഫീൽഡ് വർക്കിലെ ജോലിഭാരം കണക്കിലെടുത്ത് പട്ടികജാതി വികസന ഓഫീസർമാർക്കും ഇലക്ട്രിക് സ്കൂട്ടർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, തിരൂരങ്ങാടി മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് - III തസ്തിക സൃഷ്ടിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്(എ.ആർ - 4) സമർപ്പിച്ച ശിപാർശയിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കുന്ന നടപടി

853 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനു കീഴിൽ അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഇത്തരത്തിൽ അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ?

## കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

854 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മാവേലിക്കര, ഭരണിക്കാവ് എസ്.സി.ഡി.ഒ. (ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ) -മാർ മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ കോർപ്പസ് ഫണ്ട് പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ കോർപ്പസ് ഫണ്ട് വിനിയോഗം

855 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എട്ട് വർഷക്കാലം കാസർഗോഡ് ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കോർപ്പസ് ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാമെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ അടുത്തകാലത്ത് കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിലും വിനിയോഗിക്കുന്നതിലും നിയമഭേദഗതികൾ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## വർക്കല മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പദ്ധതികൾ

856 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വർക്കല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള എത്ര വികസന പദ്ധതികൾക്കാണ് അനുമതി നല്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

## പഴയന്നൂർ ബ്ലോക്കിലെ വികസന പ്രവർത്തനങ്ങൾ

857 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ പഴയന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന് കീഴിൽ നിലവിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദാംശം നൽകാമോ;

(ബി) ഇതിൽ കോർപ്പസ് ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

## വിതുര ഗ്രാമപഞ്ചായത്തിലെ പാലം നിർമ്മാണം

858 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര ഗ്രാമപഞ്ചായത്തിൽ എസ്.ടി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ആറ്റുമൺപുറം പാലം, നാരകത്തിൻകാല-മുണ്ടൻകുഴി പാലം എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പട്ടികജാതി വികസന പദ്ധതികളിലെ കുടിശ്ശിക

859 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന സേഫ്, പഠനമുറി, വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ സഹായം തുടങ്ങിയ പദ്ധതികളിലെ ഗുണഭോക്താക്കളിൽ ഇനിയും തുക ലഭിക്കാത്തവർ എത്ര; ഓരോ പദ്ധതിയിലും എത്ര തുക വീതം അനുവദിക്കാൻ കുടിശ്ശികയുണ്ടെന്ന് പദ്ധതി തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന മറ്റേതെല്ലാം പദ്ധതികളിലാണ് നിലവിൽ കുടിശ്ശികയുള്ളത്; ഓരോ പദ്ധതിയിലും എത്ര ഗുണഭോക്താക്കൾക്ക് തുക അനുവദിക്കാൻ ബാക്കിയുണ്ട്; ഓരോ പദ്ധതിയിലെയും കുടിശ്ശിക എത്ര; വിശദാംശങ്ങൾ തരം തിരിച്ച് ലഭ്യമാക്കുമോ;

(സി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളിലും അടിയന്തരമായി കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## ഗോത്രവർഗ്ഗ കലാ മേള

860 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിർത്താഡ്സിൽ വർഷം തോറും നടത്തിവരുന്ന ഗോത്രവർഗ്ഗ കലാ മേളയായ 'നിറതിങ്ക'യുടെ സംഘാടന നിർവ്വഹണ ചുമതല ആർക്കാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മേളയ്ക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, മറ്റ് ഏജൻസികൾ എന്നിവയുടെ ഭാഗത്തുനിന്നും സഹായം നൽകി വരുന്നുണ്ടോ;

(സി) ഒരു വർഷം മേളക്ക് എത്ര രൂപ ചെലവഴിക്കാറുണ്ട്;

(ഡി) മേളയുടെ നടത്തിപ്പിന് ഏതെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിട നിർമ്മാണം

861 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## ഉന്നതി പദ്ധതി

862 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഉന്നതി എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഉന്നതി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഉന്നതിയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## ഉദുമ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

863 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉദുമ മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

## പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്ററുകൾ

864 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതിയിൽപ്പെട്ട യുവതീ യുവാക്കൾക്ക് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്ററുകൾ മുഖേന പോലീസിലും കേന്ദ്ര സേനയിലും മറ്റ് സെക്യൂരിറ്റി വിഭാഗങ്ങളിലും ജോലി ലഭിക്കുന്നതിനായി 2016 മുതൽ 2024 വരെ എത്ര പേർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്;വിശദമാക്കുമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ട്രെയിനിംഗ് നൽകപ്പെട്ടവരുടെ പേരുവിവരവും ലഭ്യമാക്കാമോ?

## നന്ദിയോട് ഗ്രാമപഞ്ചായത്തിലെ കൂൺ ഗ്രാമം പദ്ധതി

865 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ കൃഷി വികാസ് യോജന-യുടെ ഭാഗമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് വാമനപുരം മണ്ഡലത്തിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന കൂൺ ഗ്രാമം പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കുള്ള കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ എത്രയാണെന്നും തുക കൈമാറിയിട്ടുണ്ടോയെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) ഹോർട്ടികൾച്ചർ മിഷൻ പട്ടികവർഗ്ഗ വികസന വകുപ്പുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ടോയെന്നും പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കുമോ?

## മണ്ണന്തല അംബേദ്കർ ഭവൻ നവീകരണം

866 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല അംബേദ്കർ ഭവനിൽ ശോച്യാവസ്ഥയിലായ ട്രെയിനിംഗ് സെന്റർ നവീകരണം നടത്തി സർക്കാർ വകുപ്പുകളുടെ ട്രെയിനിംഗ് സെന്ററായി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) മികച്ച അടിസ്ഥാന സൗകര്യങ്ങളും പാർക്കിംഗ് സൗകര്യങ്ങളും ഉള്ള പ്രസ്തുത സെന്റർ പൊതുജനാവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ക്യാമ്പസിലെ ഹോസ്റ്റലുകളും രണ്ട് കുളങ്ങളും നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

867 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നും ആയതിലെ കാലതാമസത്തിന്റെ കാരണവും വ്യക്തമാക്കാമോ?

## കണ്ണൂർ ജില്ലയിലെ പ്രീ-എക്സാമിനേഷൻ സെന്ററുകൾ

868 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എസ്.സി. വകുപ്പിന് കീഴിലായി പ്രീ-എക്സാമിനേഷൻ സെന്റർ എവിടെയൊക്കെയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഏതൊക്കെ സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്;

(സി) നിർമ്മാണം പൂർത്തിയായ എല്ലാ സെന്ററിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഉദ്ഘാടനം നിർവ്വഹിച്ച സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘങ്ങൾ

869 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന എത്ര പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘങ്ങളുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവർത്തനം അവസാനിപ്പിച്ച സംഘങ്ങൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ;

(സി) കൊല്ലം ജില്ലയിലെ ആര്യങ്കാവ് പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം പ്രവർത്തനം അവസാനിപ്പിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംഘത്തിൽ തെരഞ്ഞെടുപ്പ് നടത്തി ആയതിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), പുനലൂർ മുഖേന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

870 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി നഗറുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രവൃത്തികൾ പൂർത്തീകരിച്ച് ഓരോന്നിന്റെയും ഉദ്ഘാടനം എപ്പോൾ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

## ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാക്കാൻ നടപടി

871 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ ഇപ്പോഴും വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ആയത് എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ;

(ബി) വൈദ്യുതിയുള്ള മേഖലകളിൽ കേബിൾ നെറ്റ് വർക്കോ ടവറുകളുടെ അഭാവമോ മൂലം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം അസാധ്യമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

## വടക്കാഞ്ചേരി ബ്ലോക്കിലെ വികസന പ്രവൃത്തികൾ

872 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ വടക്കാഞ്ചേരി ബ്ലോക്ക് പട്ടികജാതി വികസന ആഫീസിനു കീഴിൽ വരുന്ന മുള്ളൂർക്കര, വരവൂർ, ദേശമംഗലം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പട്ടികജാതി സങ്കേതങ്ങളിൽ എന്തൊക്കെ വികസന പ്രവൃത്തികളാണ് നടന്നുവരുന്നത്; അവയുടെ വിശദാംശങ്ങൾ പ്രത്യേകം വ്യക്തമാക്കുമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ചികിത്സ ധനസഹായം</u>**

873 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കാഞ്ഞങ്ങാട് മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) ആയതിൽ ആർക്കൊക്കെ എത്ര തുക വീതം ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

**<u>വിവാഹ ധനസഹായം</u>**

874 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പിൽ വിവാഹ ധനസഹായത്തിനായി 2016 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര അപേക്ഷകളാണ് ലഭിച്ചത്; ആയതിൽ എത്രപേർക്ക് വിവാഹ ധനസഹായം ഇതിനകം വിതരണം ചെയ്തു; വിശദാംശങ്ങൾ നൽകാമോ?

**<u>ആദിവാസികൾക്കിടയിലെ ആത്മഹത്യകൾ</u>**

875 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ ആദിവാസി സമൂഹത്തിൽപെട്ട എത്ര പേർ ആത്മഹത്യ ചെയ്തുവെന്ന് വർഷം, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആദിവാസി സമൂഹത്തിൽപെട്ടവരിൽ ആത്മഹത്യ വർധിച്ചുവരുന്നത് തടയുന്നതിന് അടിയന്തര ഇടപെടൽ നടത്താൻ വകുപ്പ് തയ്യാറാകുമോ?

**<u>കണ്ണവം ഗവ. ട്രൈബൽ യു.പി. സ്കൂളിന് ചുറ്റുമതിൽ</u>**

876 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണവം വനമേഖലയോട് ചേർന്നു കിടക്കുന്ന കണ്ണവം ഗവണ്മെന്റ് ട്രൈബൽ യു.പി. സ്കൂളിന് സ്വന്തമായി കെട്ടിടം ആയെങ്കിലും മതിയായ സുരക്ഷ ഒരുക്കുന്നതിന്

ചുറ്റുമതിൽ നിർമ്മിക്കേണ്ടത് അനിവാര്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പതിനഞ്ചാം നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ നക്ഷത്ര ചിഹ്നം ഇടാത്ത 2716 നമ്പർ ചോദ്യത്തിനുള്ള മറുപടിയിൽ പ്രസ്തുത സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും ആയത് ഇതുവരെയും നടപ്പിലാക്കാത്തത് പരിശോധിക്കുമോ; വിശദമാക്കുമോ;

(സി) അടുത്ത കാലത്തായി വന്യജീവി ആക്രമണങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത സ്കൂളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ സ്കൂളിന് ചുറ്റുമതിൽ നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കുമോ?

## <u>അഴീക്കോട് മണ്ഡലത്തിലെ പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം</u>

877 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ബജറ്റിൽ അനുവദിച്ചിട്ടുള്ള പ്രീ-മെട്രിക് ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ; എന്തെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## <u>ഏക വരുമാനദായകർ നഷ്ടപ്പെട്ട കുടുംബങ്ങൾക്കുള്ള ആനുകൂല്യം</u>

878 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി മണ്ഡലത്തിൽ പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകർ നഷ്ടപ്പെട്ട കുടുംബത്തിനുള്ള ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## <u>കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം</u>

879 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>മണിമലയിൽ കരിയർ ഡവലപ്‌മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ</u>

880 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി കരിയർ ഡവലപ്മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും ആധുനിക നിലവാരത്തിലുള്ള ഒരു ഓഡിറ്റോറിയവും ഒരു കളിസ്ഥലവും നിർമ്മിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്നതും നിർദ്ദിഷ്ട ശബരിമല എയർപോർട്ടിന് അടുത്തുള്ളതുമായ പട്ടികജാതി വികസന വകുപ്പിന്റെ സ്വന്തം സ്ഥലം എന്നത് പരിഗണിച്ച് പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ?

## <u>മഞ്ചേശ്വരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ പദ്ധതി</u>

881 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ പദ്ധതികൾ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## <u>ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് നിർമ്മാണം</u>

882 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വളയം-ചെക്ക്യാട് ഗ്രാമ പഞ്ചായത്തിലെ എസ്.സി നഗറിലേക്കുള്ള ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് യാത്രായോഗ്യമാക്കുന്ന വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് എപ്പോൾ യാത്രാ യോഗ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

## <u>ഇലയ്ക്കാട് നഗർ നിവാസികൾക്ക് പട്ടയം</u>

883 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്ലാമറ്റം ഗ്രാമ പഞ്ചായത്തിലെ ഇലയ്ക്കാട് നഗറിൽ 43 വർഷമായി താമസിക്കുന്ന പെണ്ണമ്മകുട്ടൻ, ലീലാ വർക്കി, അമ്മിണി തങ്കപ്പൻ, വിജയമ്മ വിജയൻ എന്നിവർക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടികജാതി വികസന വകുപ്പ് ഇവരുടെ അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; ആയതിന്റെ പട്ടിക ജാതി വികസന ഡയറക്ടറേറ്റിലെ ഫയൽ നമ്പർ, ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടി എന്നിവ അറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് സർക്കാരിലെ ഫയൽ നമ്പർ, പ്രസ്തുത ഫയലിൽ സ്വീകരിച്ചുവരുന്ന നടപടി എന്നിവ വിശദമാക്കാമോ?

## കുവ്വപ്പാറ നഗറിലെ അംബേദ്കർ ഗ്രാമ പദ്ധതി

884 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കാരശ്ശേരി കുവ്വപ്പാറ നഗറിലെ അംബേദ്കർ ഗ്രാമ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭരണാനുമതി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രം

885 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ പണി പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച നിർവഹണ ഏജൻസിയായ എൽ.എസ്.ജി.ഡി. ക്ക് എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് നല്കിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനും നിലവിലെ നിർമ്മാണ ഏജൻസിക്ക് പകരം പുതിയൊരു ഏജൻസിയെ ഏല്പിക്കുന്നതിനും സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി ഉപയോഗ സജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കാമോ?

## ചികിത്സ ധനസഹായം

886 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്ക് നൽകിയിട്ടുള്ള ചികിത്സ ധനസഹായത്തിന്റെ വിവരം നൽകാമോ;

(ബി) ഓരോ വിഭാഗത്തിനും എത്ര രൂപയാണ് ചികിത്സ ധനസഹായം ഇനത്തിൽ നൽകിയിട്ടുള്ളതെന്ന് വർഷം തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ?

## പട്ടികജാതി വിഭാഗങ്ങളുടെ അധീനതയിലുള്ള കാവുകളുടെ നവീകരണം

887 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ അധീനതയിലുള്ള കാവുകളും അമ്പലങ്ങളും പുനരുദ്ധരിക്കുന്നതിനായി ധനസഹായം അനുവദിക്കാറുണ്ടോ; ധനസഹായം

അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങളും അപേക്ഷയുടെ നടപടിക്രമങ്ങളും വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ധനസഹായത്തിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോയെന്നും കഴിഞ്ഞ എട്ടു വർഷത്തിനുള്ളിൽ ലഭിച്ച അപേക്ഷകളിൽ എന്നു വരെയുള്ളവ തീർപ്പാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) അപേക്ഷകൾ തീർപ്പാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; നിലവിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണവും ഇതിനായി വേണ്ടി വരുന്ന തുകയും എത്രയാണ്; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ, വിശദമാക്കാമോ?

## <u>വൈപ്പിൻ കരയിലെ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം</u>

888 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്താൽ വർഷം തോറും വർദ്ധിച്ചുവരുന്ന വേലിയേറ്റത്താലും കടലാക്രമണത്താലും ഉപയോഗയോഗ്യമല്ലാതായി തീരുന്ന വസ്തുവകകളിലും ജീർണ്ണാവസ്ഥയിലായ ഗൃഹങ്ങളിലും താമസിക്കുന്ന വൈപ്പിൻകരയിലെ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കുടുംബങ്ങളെ ഇവർക്കായി അനുവദിച്ചിട്ടുള്ള ഞാറക്കൽ, എളങ്കുന്നപ്പുഴ പഞ്ചായത്തുകളിലെ ഭൂമിയിൽ പുനരധിവസിപ്പിക്കാനും സംരക്ഷിക്കാവുന്ന വസ്തുവകകൾ സംരക്ഷിക്കാനും ജീർണ്ണാവസ്ഥയിലായ വാസഗൃഹങ്ങൾ പുനരുദ്ധരിക്കാനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാനും സംരക്ഷിക്കാനും പുനരുദ്ധരിക്കാനും സാധ്യമായ ഭൂമിയും വാസഗൃഹവും സംരക്ഷിക്കാനും അല്ലാത്തവരെ ലഭ്യമായ ഭൂമിയിൽ പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കുമോ;

(ഡി) ഓരുവെള്ളം കയറി വെള്ളത്തിനടിയിലായ ഭൂമിയിൽ ജീർണ്ണാവസ്ഥയിലായ വീട്ടിൽ താമസിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം പഞ്ചായത്തിൽ നികത്തിത്തറ വീട്ടിൽ രാജി സെൽവദാസിനെയും രമേഷിനെയും പുനരധിവസിപ്പിക്കുന്നതിന് എം.എൽ.എ. മുഖാന്തരം സമർപ്പിച്ചതും പട്ടികജാതി വികസന ഡയറക്ടർക്ക് കൈമാറിയിട്ടുമുള്ളതുമായ നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

## <u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് വിനിയോഗം</u>

889 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെയുള്ള ബജറ്റുകളിൽ സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായ തുക എന്നിവയുടെ ശതമാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലഴിച്ച തുക,

ചെലവഴിക്കാതെ ബാക്കിയായതും നഷ്ടപ്പെട്ടതുമായ തുക എന്നിവ എത്ര വീതമാണെന്ന് ശതമാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഏറ്റവും പരിഗണന അർഹിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് വിനിയോഗിക്കുന്നതിൽ ഉണ്ടായ വീഴ്ചകൾക്ക് കാരണമെന്താണെന്ന് അറിയിക്കുമോ; ഫണ്ട് പരമാവധി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ആദിവാസികൾക്കിടയിലെ ആത്മഹത്യ

890 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികൾക്കിടയിൽ ആത്മഹത്യ വർധിക്കുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ 2024-ൽ മാത്രം 23 ആദിവാസികൾ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്താൻ തയ്യാറാകുമോ?

## പട്ടികജാതി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

891 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന് സർക്കാർ ധനസഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി നിലവിലുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) നിലവിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ ഇല്ലാത്ത ബ്ലോക്കുകളും മുൻസിപ്പാലിറ്റികളും ഏതെല്ലാമാണെന്ന് അറിയിക്കാമോ; അവിടങ്ങളിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പത്താം ക്ലാസിനു മുകളിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗ്രാന്റ് കുടിശ്ശിക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിവാഹ ധനസഹായ കുടിശ്ശിക അനുവദിക്കുന്ന കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) എസ്.സി. പ്രൊമോട്ടർമാരുടെ നിലവിലുള്ള ഓണറേറിയം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) മിശ്ര വിവാഹ ധനസഹായത്തിന്റെ ആനുകൂല്യ തുക വർധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എത്ര രൂപയായി ഉയർത്താനാണ്

ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>ക്ഷേമ, വികസന പദ്ധതികൾ പരിഷ്കരിക്കാൻ നടപടി</u>**

892 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുകളുടെ ക്ഷേമ, വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് പഠനം നടത്താൻ കമ്മിറ്റിയെ നിയോഗിക്കുമോ; വിശദമാക്കുമോ;

(ബി) എല്ലാ ഉന്നതി/നഗറുകളിലും അടച്ചുറപ്പുള്ള വീട്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

**<u>എസ്.സി.പി./ടി.എസ്.പി. ഫണ്ടിൽ വെട്ടിക്കുറവ്</u>**

893 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50 ശതമാനം വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് എസ്.സി.പി./ടി.എസ്.പി. ഫണ്ടിൽ കുറവ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായി സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള എസ്.സി.പി./ടി.എസ്.പി. ഫണ്ടിലെ വെട്ടിക്കുറവ് ഈ വിഭാഗങ്ങളുടെ പദ്ധതികൾ പ്രതിസന്ധിയിലാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം എസ്.സി.പി./ ടി.എസ്.പി. ഫണ്ടിലെ വെട്ടിക്കുറവ് ഈ ദുർബല വിഭാഗങ്ങളെ ഏതുതരത്തിലാണ് ബാധിക്കുകയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ഉടുമ്പൻചോല മണ്ഡലത്തിലെ പദ്ധതികൾ</u>**

894 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ 2016 മുതൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) ഓരോ പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളിലും അനുവദിച്ച പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടത്തിയ പ്രവൃത്തികൾ</u>**

895 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ആലപ്പുഴ മണ്ഡലത്തിൽ ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം എത്ര വീടുകൾക്കാണ് തുക അനുവദിച്ചത്; വിശദമാക്കാമോ?

**<u>പട്ടികവർഗ ക്ഷേമ പദ്ധതി തുക വെട്ടിച്ചുരുക്കൽ</u>**

896 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് പട്ടികവർഗ ക്ഷേമ പദ്ധതി തുക വെട്ടിച്ചുരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈയിനത്തിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും വിനിയോഗിച്ചോ; വിശദീകരിക്കുമോ;

(സി) പാവപ്പെട്ടവർക്കുള്ള വീട് നിർമ്മാണത്തിനും ഊരുകൂട്ടം സംഘാടനത്തിനുമുള്ള തുക വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര പുരോഗതി</u>**

897 **ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവനവും തൊഴിലും ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ ആരംഭിച്ച സമഗ്ര വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ പുരോഗതി ലക്ഷ്യമാക്കി പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) വർദ്ധിച്ച ജനപങ്കാളിത്തത്തോടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന്റെ വരുംതലമുറയെ മാറിവരുന്ന ലോക ക്രമത്തിനനുസൃതമായ കാഴ്ചപ്പാടുകളുള്ള സമൂഹമാക്കി വളർത്തിയെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദീകരിക്കുമോ?

## <u>കഴക്കൂട്ടം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>

898 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നടന്നുവരുന്ന പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ട് പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ സാധ്യതയുള്ള എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലും പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുമോ എന്ന് വിശദമാക്കാമോ?

## <u>'എൻ ഊര്'' പദ്ധതി</u>

899 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'എൻ ഊര്'' പദ്ധതിയിലൂടെ എന്തെല്ലാമാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ടൂറിസം വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്?

## <u>പദ്ധതി അടങ്കലിലെ വെട്ടിക്കുറവ്</u>

900 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50 ശതമാനം വരെ വെട്ടിച്ചുരുക്കൽ വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് എസ്. സി., എസ്. ടി., പിന്നാക്ക ക്ഷേമ വകുപ്പുകളിലെ ഏതൊക്കെ പദ്ധതികളാണ് വെട്ടിച്ചുരുക്കിയിട്ടുള്ളതെന്നും എത്ര ശതമാനം വരെ വെട്ടിച്ചുരുക്കൽ സംഭവിച്ചുവെന്നുമുള്ള വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

## മഞ്ചേരി മണ്ഡലത്തിലെ ക്ഷേമ പദ്ധതികൾ

901 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിച്ച ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്താമോ;

(സി) മഞ്ചേരി നഗരസഭ പരിധിയിൽ അനുവദിച്ച അംബേദ്കർ ഗ്രാമം പദ്ധതി പ്രവൃത്തികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) 2025-26 വർഷം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് മഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

902 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല മണ്ഡലത്തിൽ എത്ര ഉന്നതികൾ വികസിപ്പിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉന്നതികളുടെ വികസന പുരോഗതി വിശദമാക്കുമോ?

## മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

903 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മങ്കട മണ്ഡലത്തിൽ അനുവദിച്ച വിവിധ നഗറുകളിലെ പ്രവൃത്തികൾ ഓരോന്നും ഏത് ഘട്ടത്തിലാണ്; ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; ഇനി എന്തെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളത്; വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

904 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗക്കാർക്കായി ഏർപ്പെടുത്തിയിരിക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനും ഫ്രീഷിപ്പ് കാർഡിനും അർഹമായ ജാതിവിഭാഗങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) മെറിറ്റിൽ പ്രവേശനം നേടിയതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനവുമുള്ള ഈഴവ, തീയ തുടങ്ങിയ വിഭാഗങ്ങളെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഒഴിവാക്കിയതെന്ന് അറിയിക്കാമോ?

## പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ ഭൂ-ഭവന രഹിതർ

905 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടുംബങ്ങളിൽ ഭൂരഹിത കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും സ്വന്തമായി ഭൂമി ഉണ്ടായിട്ടും പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും വിശദമാക്കുമോ;

(സി) ഇവർക്ക് ഭൂമിയും ഭവനവും ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും ആയത് എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

## പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിലെ ഒഴിവുകൾ

906 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിലെ പ്രോജക്ട്/അസിസ്റ്റന്റ് യൂണിറ്റ് മാനേജർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഡയറക്ട് റിക്രൂട്ട്മെന്റ് - പ്രൊമോഷൻ സംബന്ധിച്ച് റേഷ്യോ സ്പെഷ്യൽ റൂളിൽ വ്യക്തമായി നിർവചിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട് പുതിയ ശാഖകൾ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## ആറളം ഫാമിലെ സംരംഭക കൃഷി

907 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ഫാമിലെ ഭൂമി സംരംഭക കൃഷി ചെയ്യുന്നതിനായി കമ്പനികൾക്കോ വ്യക്തികൾക്കോ നല്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ, എത്ര

ഭൂമി വീതം, ഏത് കൃഷിക്കെന്നും കരാർ വ്യവസ്ഥകൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

## തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം

908 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പക്ഷിസങ്കേതത്തിനകത്ത് ഉൾപ്പെട്ട ജനവാസമേഖലകളെ പൂർണ്ണമായി ഒഴിവാക്കിയുള്ള അതിർത്തി പുനർനിർണ്ണയ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വനം നിയമ ഭേദഗതി ബിൽ

909 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം നിയമ ഭേദഗതി ബില്ലിൽ പുതുതായി എന്തൊക്കെ മാറ്റങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമ ഭേദഗതി സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിലുള്ള ആശങ്ക പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

## വനനിയമ ഭേദഗതി

910 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ വനനിയമം ഭേദഗതി ചെയ്തുകൊണ്ടുള്ള ബിൽ അന്നത്തെ സംസ്ഥാന മന്ത്രിസഭ അനുമതി നൽകി ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## സ്വാഭാവികവനങ്ങളുടെ പുന:സ്ഥാപനവും അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയലും.

911 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ ജനവാസമേഖലയിലേക്കിറങ്ങുന്നത് കുറയ്ക്കുന്നതിനായി അവക്ക് ഭക്ഷണലഭ്യത, കുടിവെള്ളലഭ്യത എന്നിവ കാടിനുള്ളിൽ ഉറപ്പ് വരുത്താൻ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പ്രസ്തുത നടപടികൾ എത്രത്തോളം ഫലപ്രദമാണെന്ന വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പരിസ്ഥിതി പുനഃസ്ഥാപനനയപ്രകാരം കാടിനുള്ളിൽ തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുവളർത്താൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാം അത് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സ്വാഭാവികവനങ്ങളുടെ പുന:സ്ഥാപനത്തിനായി അധിനിവേശസസ്യങ്ങൾക്ക് പകരമായി ഓരോ പ്രദേശത്തിനും അനുയോജ്യമായ തദ്ദേശീയ സസ്യങ്ങളെ

നട്ടുവളർത്തുന്നതിന് പദ്ധതി രൂപീകരിക്കുമോ; വിശദമാക്കുമോ;

(ഡി) വന്യജീവികൾക്ക് ഉപയോഗപ്രദമല്ലാത്തതും തദ്ദേശയിനം സസ്യങ്ങളുടെ വളർച്ചയെ മുരടിപ്പിക്കുന്നതും സ്വഭാവികവനത്തിന് ദോഷം വരുത്തുന്നതുമായ അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയുന്നതിനും അവ നീക്കം ചെയ്യുന്നതിനും നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## ഇടുക്കി ജില്ലയിലെ വനഭൂമിയുടെ അളവ് വർദ്ധിപ്പിക്കൽ

912 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഭൂമി വനഭൂമിയാക്കി പരിവർത്തനം നടത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വനഭൂമിയാക്കി പരിവർത്തനം നടത്താനുദ്ദേശിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് അറിയിക്കുമോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത തീരുമാനപ്രകാരം ഇടുക്കി ജില്ലയിലെ ഏതൊക്കെ താലൂക്കുകളിലാണ് വനഭൂമിയാക്കുന്നതിനായി വിജ്ഞാപനം ചെയ്യാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(സി) 2010-ൽ കെ.ഡി.എച്ച്. വില്ലേജ് സംരക്ഷിത വനമാക്കുന്നതിന് കരട് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

## വനവിസ്തൃതി

913 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനവിസ്തൃതി നിലവിൽ എത്ര ഹെക്ടറാണെന്നും കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വനവിസ്തൃതിയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കേരളത്തിലെ വനങ്ങളുടെ കാർബൺ ശേഖരം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അത് രാജ്യത്തിന്റെ മൊത്തം കാർബൺ ശേഖരണത്തിന്റെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ?

## ഇക്കോ-സെൻസിറ്റീവ് ഏരിയ

914 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നോട്ടിഫിക്കേഷൻ പ്രകാരം പാലക്കാട് ജില്ലയിലെ ഇക്കോ-സെൻസിറ്റീവ് ഏരിയയിൽ ഉൾപ്പെടുന്ന വില്ലേജുകൾ ഏതൊക്കെയാണെന്നും അവയുടെ വിസ്തൃതി എത്രയാണെന്നും തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇക്കോ-സെൻസിറ്റീവ് ഏരിയയുടെ വ്യാപ്തി കുറയ്ക്കുന്നതിനായി സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

## ബംഗ്ലാവ് കടവ് പാലം നിർമ്മാണം

915 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടമ്പുഴ പഞ്ചായത്തിലെ വടാട്ടുപാറ - കുട്ടമ്പുഴ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബംഗ്ലാവ് കടവ് പാലം നിർമ്മാണത്തിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യത്തിന്മേൽ വനംവകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രാനുമതി ലഭ്യമാകാത്ത സാഹചര്യം വ്യക്തമാക്കാമോ?

## കോട്ടയം ജില്ലയിലെ നഗരവനങ്ങൾ

916 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറു വനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം കോട്ടയം ജില്ലയിൽ എവിടെയെല്ലാമാണ് നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം വൃക്ഷതൈകളാണ് നട്ടുപിടിപ്പിക്കുന്നതെന്നും അവയുടെ പരിപാലന ചുമതല ആർക്കാണെന്നും വിശദമാക്കുമോ?

## നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി

917 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം ഏതൊക്കെ നഗരങ്ങളിൽ നഗരവനങ്ങൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) തീരത്ത് ജൈവകവചം സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ തീരദേശപ്രദേശങ്ങളിലാണ് തീരവനം നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ വനംവകുപ്പിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും വകുപ്പിന് കീഴിൽ എത്ര സ്ഥലമാണ് ഉള്ളതെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## ഹൊസ്പൈസ് (HOSPICE) സെന്റർ, കോഴിക്കോട് ബയോളജിക്കൽ പാർക്ക്

918 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയമസഭാ മണ്ഡലത്തിൽ അനുവദിച്ച ഹൊസ്പൈസ് (HOSPICE) സെന്റർ, കോഴിക്കോട് ബയോളജിക്കൽ പാർക്ക് എന്നിവയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## വനം-വന്യജീവി വകുപ്പിന്റെ കീഴിലെ വിവിധ പദ്ധതികൾ

919 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികളിലായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിനു മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ അനുവദിച്ച പ്രവൃത്തികളിൽ/പദ്ധതികളിൽ നിലവിൽ നടപ്പിലുള്ളവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന് കീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പേരും, അനുവദിച്ച തുകയും, പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശവും നടപ്പിലുള്ളവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ; നിലവിൽ നടപ്പിലുള്ളവ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) വനം-വന്യജീവി വകുപ്പിന് കീഴിൽ മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഉണ്ടെങ്കിൽ ആവയുടെ വിശദാംശം ലഭ്യമാക്കാമോ?

## ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി

920 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം വനമേഖലയിൽ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ടത്തിനായി അനുവദിച്ച് ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ ടൂറിസം ഫണ്ട് ഉൾപ്പടെയുള്ള ഫണ്ട് വിനിയോഗിച്ച് ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കുമോ?

## പദ്ധതികളിലെ വെട്ടിക്കുറവ്

921 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി കാരണം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് വനം വന്യജീവി വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ്

വരുത്തിയിരിക്കുന്നതെന്നും എത്ര ശതമാനം കുറവാണ് വരുത്തിയിരിക്കുന്നതെന്നുമുള്ള വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

**ചങ്ങരം പക്ഷിസങ്കേതം**

922 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കോടംതുരുത്ത് പഞ്ചായത്തിൽ 'ചങ്ങരം പക്ഷിസങ്കേതം' ഒട്ടനവധി ദേശാടനപക്ഷികൾ എത്തുന്ന സ്ഥലമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തെ വികസനത്തിനു വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രദേശം വനം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണമുള്ള പ്രദേശമാണോ എന്ന് വിശദമാക്കാമോ?

**അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയത് സംബന്ധിച്ച്**

923 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ വനം ഡിവിഷൻ മച്ചാട് റെയിഞ്ച് ആഫീസിനു കീഴിൽ ഉണ്ടായിരുന്ന അകമല ഡെപ്യൂട്ടി റെയിഞ്ച് ആഫീസ് നിർത്തലാക്കിയത് എന്നാണ്; ഇത് നിർത്തലാക്കാനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് നിർത്തലാക്കിയതിന് ശേഷം അകമല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ചന്ദനമരങ്ങളടക്കമുള്ള വനവിഭവങ്ങൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ ; കാട്ടാനയും മറ്റു വന്യജീവികളും ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി കൃഷി നശിപ്പിച്ചതായ എത്ര കേസുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്;

(സി) കൃഷി ഇടങ്ങളും വനവിഭവങ്ങളും സംരക്ഷിക്കുന്നതിനും, ജനങ്ങൾക്ക് ഭയാശങ്കകളില്ലാതെ ജീവിക്കുന്നതിനും അകമല ഫോറസ്റ്റ് സ്റ്റേഷൻ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പുനർവിന്യസിച്ച ഉദ്യോഗസ്ഥരെ തിരിച്ച് നിയമിച്ച് അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനസ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

**പുനലൂർ നിയോജക മണ്ഡലത്തിലെ വനപാതകൾ**

924 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ വിവിധ വനം ഡിവിഷനുകളുടെ കീഴിൽ വനപാതകളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള റോഡുകളുടെ വിവരങ്ങൾ നൽകാമോ;

(ബി) ഓരോ വനപാതയും ഏതൊക്കെ വനം ഡിവിഷനുകളുടെയും ഫോറസ്റ്റ് റേഞ്ചുകളുടെയും കീഴിൽ ഏതൊക്കെ പ്രദേശത്താണെന്നും , അവ എത്ര മീറ്റർ

നീളത്തിൽ ആണെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത വനപാതകൾ ഗതാഗത യോഗ്യമാക്കുന്നതിന് വേണ്ടി ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; ഇതിനായി ചെലവഴിച്ച തുകയും വിശദവിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) അലിമുക്ക്-അച്ചൻകോവിൽ വനപാത അവസാനമായി നവീകരിച്ചത് എന്നാണെന്നും, ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; പാത നിലവിൽ തകർച്ചയിലായ പ്രദേശങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; ശബരിമല തീർത്ഥാടന പാതയായി പ്രഖ്യാപിച്ചിട്ടുള്ള ഈ പാത ഗതാഗതയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) പുനലൂർ നിയോജക മണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത വനപാതകൾ നിലവിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ഇവ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) പ്രസ്തുത നിയോജക മണ്ഡലത്തിലെ വനപാതകളിൽ ടാർ/ കോൺക്രീറ്റ് ചെയ്യാത്ത മൺപാതകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ജി) പ്രസ്തുത മൺപാതകൾ ടാർ/ കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുവാദം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

## റോഡ് നിർമ്മാണത്തിനു സർവ്വേ നടത്തുവാൻ വനത്തിലേക്കുള്ള പ്രവേശനാനുമതി

925 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വിലങ്ങാട്-വയനാട്ടിലെ കുഞ്ഞോം റോഡ് നിർമാണം സംബന്ധിച്ച് നിയമസഭയിൽ ഉന്നയിച്ച സബ് മിഷന്റെ മറുപടിപ്രകാരം റവന്യൂ-പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്ത വനസർവ്വേയുമായി ബന്ധപ്പെട്ട് വനത്തിലേക്കുള്ള പ്രവേശനാനുമതിക്കായി വകുപ്പിന് തന്നിട്ടുള്ള കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## വനമേഖലയിലെ റോഡുകൾ

926 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വന മേഖലയിൽ കൂടി കടന്ന് പോകുന്ന റോഡുകളുടെ പേര് , അവയുടെ നീളം, വീതി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി നാളിതുവരെ ചെലവാക്കിയ തുക, വർഷം, ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കിയത് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

## മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ കത്തിന് വനം വകുപ്പ് സ്വീകരിച്ച നടപടി

927 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ അലൈൻമെന്റിൽ നിന്നും ഒഴിവാക്കിയ ആറാം മൈൽ-എളംപ്ലാശ്ശേരി-കുരുത്തിക്കുടി റീച്ചിലെ പ്രവൃത്തി സംബന്ധിച്ച് മൂവാറ്റുപുഴ-ഇടുക്കി ഡിവിഷനിലെ കെ.ആർ.എഫ്.ബി പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും 23.12.2024 തീയതിയായി കെ.ആർ.എഫ്.ബി-പി.എം.യു./എം.വി.പി.എ-ഐ.ഡി.കെ/എച്ച്.എച്ച്./2021 എന്ന നമ്പറിൽ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ കത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് വനം വകുപ്പ് (ഡി എഫ് ഒ -മൂന്നാർ) കെ.ആർ.എഫ്.ബി- ക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>തീരദേശ ഇക്കോ ടൂറിസം പദ്ധതി</u>

928 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകളിലാണ് തീരദേശ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് എന്നറിയിക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് തീരദേശ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് എന്നറിയിക്കുമോ;

(സി) ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് പഞ്ചായത്തിലെ ഇക്കോ ടൂറിസം പദ്ധതി നടത്തിപ്പിലെ ഇതുവരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>ഇക്കോ ടൂറിസം വികസന അതോറിറ്റി</u>

929 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; പ്രകൃതി അടിസ്ഥാനമാക്കിയുള്ള വിനോദ സഞ്ചാരത്തിന്റെ ഭാഗമെന്ന നിലയിൽ ഇത് സംസ്ഥാനത്തിന് എത്രത്തോളം ഗുണകരമാകും എന്നറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേക വികസന അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത അതോറിറ്റി വഴി എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ?

## <u>പുനലൂർ മണ്ഡലത്തിലെ വനം ടൂറിസം പദ്ധതികൾ</u>

930 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ നിലവിലുള്ള വനം ടൂറിസം പദ്ധതികളും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ടൂറിസം പദ്ധതികൾക്ക് വേണ്ടി ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; ചെലവഴിച്ച തുകയും വിശദവിവരങ്ങളും ലഭ്യമാക്കാമോ;

(സി) കുളത്തൂപ്പുഴ വനം മ്യൂസിയത്തിന്റെ രണ്ടാംഘട്ട നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; അവ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; ;

(ഡി) കുംഭാവുരുട്ടി വെള്ളച്ചാട്ടം, പാലരുവി വെള്ളച്ചാട്ടം എന്നിവയുടെ നവീകരണത്തിന് വേണ്ടി തയ്യാറാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ; പാലരുവി ജലപാതത്തിലേക്ക് സഞ്ചാരികളെ എത്തിക്കുന്നതിന് വകുപ്പിന്റെ എത്ര വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ടെന്നും നിലവിൽ എത്ര വാഹനങ്ങൾ സേവനം ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ ; സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യങ്ങളിൽ ക്രമീകരിച്ചിട്ടുള്ള ബദൽ മാർഗങ്ങൾ വിശദമാക്കാമോ;

(ഇ) മറ്റു വകുപ്പുകളുമായി ചേർന്ന് പുനലൂർ മണ്ഡലത്തിലെ വനം ടൂറിസത്തിന് സാധ്യതയുള്ള പ്രദേശങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) ആര്യങ്കാവ് പഞ്ചായത്തിൽ ഉൾപ്പെട്ട രാജാത്തോട്ടം, ജുവൽ മല, അച്ചൻകോവിൽ, മാമ്പഴത്തറ തുടങ്ങിയ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളെ സഞ്ചാരികൾക്ക് സന്ദർശിക്കാൻ കഴിയുന്ന നിലയിലുള്ള ടൂറിസം കേന്ദ്രങ്ങളായി ഉയർത്തുന്നതിന് സാധ്യതയുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ; അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>വനം സ്ലീപ്പർ സെല്ലുകളുടെ രൂപീകരണം</u>

931 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വനം സർക്കിളിലും സ്ലീപ്പർ സെല്ലുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) സ്ലീപ്പർ സെല്ലുകൾ വനം കുറ്റകൃത്യങ്ങൾ തടയുന്നതിനും ഫീൽഡ് വിഭാഗത്തിന്റെ തുടർച്ചയായ വീഴ്ചകൾ തടയുന്നതിനും പര്യാപ്തമാകുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള സ്ലീപ്പർ സെല്ലുകളുടെ ചുമതല ആർക്കാണ് എന്നറിയിക്കുമോ ; ഇതിന്റെ നടപടിക്രമങ്ങൾ ഏത് രീതിയിലാണെന്ന് വിശദമാക്കാമോ?

## <u>ഇരുപത് വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാർ</u>

932 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ 2011- 16 കാലയളവിൽ വിവിധ തസ്തികകളിൽ 20 വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ തസ്തികകൾ ഇപ്പോഴും സൂപ്പർ ന്യൂമററി തസ്തികകളായി തുടരുകയാണോ ; എങ്കിൽ ഇവ സൂപ്പർ ന്യൂമററി തസ്തികകളായി തുടരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പി.എസ്.സി മുഖാന്തരം നിയമനം ലഭിച്ച ഫോറസ്റ്റ് വാച്ചർ /ട്രൈബൽ വാച്ചർമാരെ പോലെ യൂണിഫോം ധരിക്കുവാൻ ഇവർക്ക് അനുവാദം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ വനമേഖലകളിൽ സൗരോർജ്ജ തൂക്കുവേലി, ആനപ്രതിരോധ കിടങ്ങ് നിർമ്മാണ പ്രവർത്തനങ്ങൾ**

933 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി റേഞ്ചിൽ നബാർഡ് പദ്ധതിയിലും, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലും (ആർ. കെ. വി. വൈ.) ഉൾപ്പെടുത്തി സൗരോർജ്ജ തൂക്കുവേലികളും ആനപ്രതിരോധ കിടങ്ങുകളും നിർമ്മിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപടികൾ**

934 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവിആക്രമണം മൂലം വനഭൂമിയോട് ചേർന്ന് കിടക്കുന്ന കൃഷി ഭൂമികളിൽ കാർഷിക വിളകൾ, വസ്തുവകകൾ എന്നിവയ്ക്കുണ്ടാകുന്ന നാശവും ആളുകൾക്കുണ്ടാകുന്ന പരിക്ക്, മരണം എന്നിവയും തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; ഇതിനായി വനം വന്യജീവി നിയമത്തിൽ കാലോചിതമായ മാറ്റം കൊണ്ടുവരുവാൻ ശ്രമിക്കുമോ;

(സി) വനഭൂമിയോട് ചേർന്ന് നിയമാനുസൃതം ഉടമസ്ഥാവകാശം സിദ്ധിച്ച ഭൂമികളിൽ വീട് നിർമ്മിക്കുന്നതിനും കൃഷി ചെയ്യുന്നതിനും ഭൂമി കൈമാറ്റം ചെയ്യുന്നതിനും മറ്റ് ആവശ്യങ്ങൾക്കും വനം വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട നിരാക്ഷേപപത്രത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

**ചന്ദനമരം കടത്തലുമായി ബന്ധപ്പെട്ട കേസുകൾ**

935 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മറയൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിനു കീഴിലുള്ള റേഞ്ച് ഓഫീസുകളിൽ കഴിഞ്ഞ 45 വർഷത്തിനുള്ളിൽ എത്ര ഒക്വറൻസ് റിപ്പോർട്ട്

(ഒ.ആർ) കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; വർഷവും ഓഫീസുകളും തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ ചന്ദനമരം കടത്തലുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടെന്ന് വർഷവും ഓഫീസും തിരിച്ച് വിശദമാക്കാമോ;

(സി) ചന്ദനമരം കടത്തുകേസുമായി ബന്ധപ്പെട്ട പ്രതികൾക്ക് അന്തർസംസ്ഥാന ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ആരുടെയെങ്കിലും അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>തിരുവനന്തപുരം വനം ഡിവിഷനിലെ ജണ്ട നിർമാണ അഴിമതി</u>

936 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ, ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതി അന്വേഷിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സി. എം. ഒ. പോർട്ടലിൽ നാളിതുവരെ ലഭിച്ച പരാതികളുടെ ഡോക്കറ്റ് നമ്പറും ലഭിച്ച തിയതിയും വെളിപ്പെടുത്താമോ;

(ബി) അതിൽ എത്ര പരാതികളിന്മേലുള്ള അന്വേഷണം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കിയെന്നും ഓരോ പരാതിയുടെയും അനേഷണം പൂർത്തിയാക്കാൻ വേണ്ടി വന്ന സമയം എത്രയെന്നും വെളിപ്പെടുത്താമോ;

(സി) പരാതികളിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ?

## <u>അപകടകരമായ നിലയിൽ നില്ക്കുന്ന വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് നടപടി</u>

937 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളോട് ചേർന്ന് അപകടകരമായ നിലയിൽ നില്ക്കുന്ന വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>വന്യജീവി ആക്രമണത്തിൽ നിന്നും സംരക്ഷണം</u>

938 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും പൊതുജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മഞ്ചേരി നിയോജകമണ്ഡലത്തിന്റെ മലയോരമേഖലയിൽ വന്യമൃഗങ്ങളുടെ ശല്യം കാരണം പൊതുജനങ്ങളുടെ ജീവനും സ്വത്തിനും വ്യാപകമായി നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച പരിഹാര മാർഗങ്ങൾ വിശദമാക്കാമോ;

(സി) വന്യമൃഗങ്ങളിൽ നിന്നും പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ആവശ്യമായ എന്തൊക്കെ നടപടികളാണ് മഞ്ചേരിയിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വന്യജീവി ആക്രമണം

939 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലം 2016 മുതൽ നാളിതുവരെ ഓരോ വർഷവും ഉണ്ടായ കൃഷി നാശത്തിന്റെ അളവും, അതുമൂലം നഷ്ടമായതായി കണക്കാക്കിയ തുകയും, സർക്കാർ നൽകിയ നഷ്ടപരിഹാരവും വർഷം തിരിച്ച് നൽകാമോ?

## ആനയെഴുന്നള്ളിപ്പിന് നിർദ്ദേശിച്ചിട്ടുള്ള നിയന്ത്രണങ്ങൾ

940 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആനയെഴുന്നള്ളിപ്പിന് നിർദ്ദേശിച്ചിട്ടുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ആനയെഴുന്നള്ളിപ്പിനുള്ള നിയന്ത്രണങ്ങൾ പാലിക്കാത്തതിനാൽ എഴുന്നള്ളിപ്പ് നിർത്തിവെച്ചിട്ടുള്ള സംഭവങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കാമോ; വ്യക്തമാക്കാമോ;

(സി) കേരളത്തിൽ ആനയെഴുന്നള്ളിപ്പിന് മുൻകൂട്ടി അനുമതി വാങ്ങേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമം എന്തൊക്കെയെന്ന് അറിയിക്കാമോ?

## ഫെൻസിംഗ്, കിടങ്ങുകൾ എന്നിവ നിർമ്മിക്കൽ

941 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ വനമേഖലയോട് ചേർന്നുകിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ ഫെൻസിംഗ്, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## വന്യജീവി ആക്രമണം തടയാൻ നടപടി

942 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം അതിരൂക്ഷമായി തുടരുകയും എട്ട് വർഷത്തിനിടെ വന്യജീവി ആക്രമണങ്ങളിൽ ആയിരത്തോളം മനുഷ്യർ

കൊല്ലപ്പെടുകയും ചെയ്ത സ്ഥിതിവിശേഷം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഓരോ നിമിഷവും ഭീതിയുടെ മുൾമുനയിൽ നിൽക്കുന്ന വനയോര മേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വന്യജീവി ആക്രമണം തടയുന്നതിനു ബജറ്റിൽ വകയിരുത്തിയ തുക കാര്യക്ഷമമായി ചെലവഴിക്കാൻ സാധിക്കാത്തതിന്റ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത തുക കാര്യക്ഷമമായി ചെലവഴിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം</u>

943 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നിലവിൽ എത്ര രൂപയാണ് നഷ്ടപരിഹാരം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; എത്ര തുകയാണ് കേന്ദ്ര സർക്കാർ നിലവിൽ നൽകുന്നത്;

(സി) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരമായി നിലവിൽ സംസ്ഥാന സർക്കാർ നൽകുന്നത് എത്ര രൂപയാണെന്നറിയിക്കുമോ;

(ഡി) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ഇരട്ടിയാക്കാൻ തയ്യാറാകുമോ?

## <u>കടുവ ആക്രമണം</u>

944 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും കടുവ ആക്രമണത്തിൽ മരണമടഞ്ഞവരുടെയും, പരിക്ക് പറ്റിയവരുടെയും വിവരങ്ങൾ വർഷം, ജില്ല എന്നിവ തിരിച്ച് നൽകുമോ?

## <u>വന്യജീവി ആക്രമണം</u>

945 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും കാട്ടാന ആക്രമണത്തിൽ മരണമടഞ്ഞവരുടെയും, പരിക്ക് പറ്റിയവരുടെയും വിവരങ്ങൾ വർഷം, ജില്ല

തിരിച്ചനൽകാമോ?

## വയനാട്ടിൽ കടുവ ആക്രമണം

946 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ 2016 മുതൽ നാളിതുവരെ ഓരോ വർഷവും കടുവ ആക്രമണത്തിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും സർക്കാർ നഷ്ടപരിഹാരം നൽകിയവരുടെയും കണക്ക് വർഷം തിരിച്ചനൽകുമോ?

## വന്യജീവി ആക്രമണത്തിൽ മരണമടഞ്ഞവരുടെയും, പരിക്ക് പറ്റിയവരുടെയും കണക്ക്

947 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലം 2010 മുതൽ നാളിതുവരെ ഓരോ വർഷവും മരണമടഞ്ഞവരുടെയും, പരിക്ക് പറ്റിയവരുടെയും കണക്ക് വർഷം തിരിച്ച നൽകുമോ?

## കക്കയം-കരിയാത്തുംപാറ ജനവാസകേന്ദ്രങ്ങളിലെ വന്യജീവി ഭീഷണി

948 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ കൂട്ടത്തോടെ ജനവാസകേന്ദ്രങ്ങളിൽ എത്തുന്നത് തടയാനായി കൂരാച്ചുണ്ട്-കക്കയം കരിയാത്തുംപാറ വനമേഖലകളിൽ ഫെൻസിംഗ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കക്കയം-കരിയാത്തുംപാറ വനമേഖലകളിൽ ജനങ്ങൾക്ക് ഭീഷണിയാവുന്ന വന്യമൃഗങ്ങളെ നേരിടുന്നതിനും ജനവാസ കേന്ദ്രങ്ങളിൽ അവ എത്താതിരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നത്; വിശദമാക്കാമോ?

## മനുഷ്യ- വന്യജീവി സംഘർഷം

949 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് മനുഷ്യ- വന്യജീവി സംഘർഷങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വന്യജീവി ആക്രമണത്തിന് ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി എത്ര പേർക്ക് നഷ്ടപരിഹാരം നൽകാൻ അവശേഷിക്കുന്നുണ്ടെന്നും ആയതിന് കാലതാമസം നേരിടുന്നതിന് കാരണമെന്താണെന്നും വിശദമാക്കാമോ;

(സി) സ്ഥിരമായി വന്യജീവികൾ കാടിറങ്ങുന്നതും സ്ഥിരം വന്യ ജീവി ആക്രമണം ഉണ്ടാകുന്നതുമായ ഹോട്ട് സ്പോട്ടുകൾ കണ്ടെത്തുന്നതിനും പ്രതിരോധ മാർഗ്ഗങ്ങൾ

സ്വീകരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ;

(ഡി) വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>കാസർഗോഡ് ജില്ലയിലെ വന്യജീവി ശല്യം</u>**

950 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ പുലിശല്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പുലി, ആന തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണത്തെ പ്രതിരോധിക്കാൻ വനം വകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഉദുമ മണ്ഡലത്തിൽ പുതുതായി ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം വനം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ വനം വകുപ്പിന് ആവശ്യമായ വാഹനങ്ങൾ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>കടുവയുടെ ആക്രമണം</u>**

951 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീയെ കടുവ കൊന്ന സംഭവത്തെത്തുടർന്ന് ഈ മേഖലയിലുണ്ടായ ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) വയനാട് ദേശീയ കടുവ സംരക്ഷണ മേഖലയിൽ കടുവകൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ എണ്ണം കാടിന് താങ്ങാവുന്നതിൽ അധികമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) കടുവകളുടെ നിരന്തര ആക്രമണത്തിൽനിന്നും കർഷകരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് ഏർപ്പെടുത്താനുദ്ദേശിക്കുന്ന സ്ഥിരം സംവിധാനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ;

(ഡി) നാട്ടിലേക്കിറങ്ങാൻ സാധ്യതയുള്ള കടുവകളെ നിരീക്ഷിച്ച് ആക്രമണങ്ങൾ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>മനുഷ്യ വന്യമൃഗ സംഘർഷം ലഘൂകരിക്കാൻ നടപടി</u>**

952 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വടക്കാഞ്ചേരിയിലെ വാഴാനി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതി പ്രകാരം തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

**വന്യജീവി ആക്രമണത്തിൽ പരിക്ക് പറ്റിയവരുടെ ചികിത്സ**

953 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റിയവരിൽ, എത്ര പേരുടെ ചികിത്സ സർക്കാർ പൂർണമായും ഏറ്റെടുത്തിട്ടുണ്ട് എന്ന് അറിയിക്കാമോ ; ഇത് സംബന്ധിച്ച കണക്ക് വർഷം തിരിച്ച് നൽകാമോ ?

**വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കുള്ള നഷ്ടപരിഹാരം**

954 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും ഉണ്ടായ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവരുടെ എണ്ണവും, ഇതിൽ എത്രപേർക്ക് സർക്കാർ നഷ്ടപരിഹാരം നൽകി എന്ന കണക്കും വർഷം തിരിച്ചുനൽകാമോ?

**വന്യജീവികൾ മൂലമുണ്ടായ വാഹനാപകടങ്ങൾ**

955 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും വന്യജീവികൾ മൂലം ഉണ്ടായ വാഹന അപകടങ്ങളിൽ മരണമടഞ്ഞവരുടെയും, പരിക്ക് പറ്റിയവരുടെയും കണക്ക് വർഷം തിരിച്ച് നൽകുമോ?

**വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ധനസഹായം**

956 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണങ്ങളിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും നൽകി വരുന്ന ധനസഹായം എന്തെല്ലാമാണ് ;

(ബി) പ്രസ്തുത ധനസഹായം അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**കാട്ടുപന്നികളെ വെർമിൻ വിഭാഗത്തിൽപ്പെടുത്താൻ നടപടി**

957 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിസ്ഥലങ്ങളിൽ കാട്ടുപന്നികൾ അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം കൂടി വരുന്ന

എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടുപന്നികളെ വെർമിൻ വിഭാഗത്തിൽപ്പെടുത്തണം എന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വന്യമൃഗങ്ങളുടെ ശല്യം നിയന്ത്രിക്കുന്നതിന് കർമ്മസേന രൂപീകരിക്കാൻ വനംവകുപ്പ് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

## വന്യജീവി ആക്രമണത്തിൽ മരണമടഞ്ഞവർ

958 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലം 2016 മുതൽ നാളിതുവരെ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും കണക്ക് വർഷം തിരിച്ച് നൽകാമോ?

## വന്യജീവി ആക്രമണം നേരിടാൻ ഹൈടെക് പ്രതിരോധ സംവിധാനങ്ങൾ

959 **ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നരഭോജികളായ വന്യമൃഗങ്ങളുൾപ്പെടെയുള്ളവയുടെ ആക്രമണത്തിൽ അതിദാരുണമായി മനുഷ്യർ മരിക്കുകയും അനവധി കുടുംബങ്ങൾ അനാഥമാകുകയും ചെയ്യുന്ന സാഹചര്യം വളരെ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) അപകടകാരികളായ വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടക്കുന്നത് തടയുന്നതിനുവേണ്ടി ഹൈടെക് പ്രതിരോധ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) ജനവാസമേഖലയിലെ വന്യജീവികളുടെ സാന്നിധ്യം മനസ്സിലാക്കുന്നതിന് നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന ക്യാമറകളും അലാറം സംവിധാനവും നിരന്തരം വന്യജീവി ആക്രമണം ഉണ്ടാകുന്ന സ്ഥലങ്ങളിൽ സ്മാർട്ട് റെയിൽവേലിയും സ്ഥാപിക്കുന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

## വനാതിർത്തികളിലെ വന്യജീവി ആക്രമണം

960 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാതിർത്തികളിൽ താമസിക്കുന്നവർ നേരിടേണ്ടി വരുന്ന വന്യജീവിയുടെ ആക്രമണവും കൃഷി നശിപ്പിക്കലും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ നിന്നും ജനത്തെ രക്ഷിക്കാനും ഒപ്പം വന്യജീവികളെ സംരക്ഷിക്കുന്നതിനുമുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ 5 വർഷ കാലയളവിൽ ഓരോ വർഷവും എത്ര ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തു എന്നും എത്ര പേർ ആക്രമണത്തിന് ഇരയായി എന്നും എത്ര പേർക്ക് ജീവഹാനി സംഭവിച്ചു എന്നും എത്ര ഹെക്ടർ കൃഷിയിടം നശിപ്പിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>വന്യജീവി ആക്രമണത്തിന്റെ കണക്ക്</u>

961 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2010 മുതൽ നാളിതുവരെ ഓരോ വർഷവും ഉണ്ടായ വന്യജീവി ആക്രമണത്തിന്റെ കണക്ക് വർഷം തിരിച്ചുനൽകുമോ?

## <u>വന്യജീവി ആക്രമണം തടയാൻ അനുവദിച്ച തുകയും ചെലവഴിച്ച തുകയും</u>

962 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും വന്യജീവി ആക്രമണം തടയാൻ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് നൽകാമോ?

## <u>വന്യജീവി ആക്രമണം അനുഭവപ്പെടുന്ന സെറ്റിൽമെന്റിൽ നിന്നും മാറ്റിപാർപ്പിക്കാൻ നടപടി</u>

963 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം അനുഭവപ്പെടുന്ന സെറ്റിൽമെന്റിൽ നിന്നും കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ ഇതിനകം എത്ര കുടുംബങ്ങളെ ഇപ്രകാരം മാറ്റി പാർപ്പിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഇനി എത്ര കുടുംബങ്ങളെ ഇത്തരത്തിൽ മാറ്റി പാർപ്പിക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം</u>

964 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും ഉണ്ടായ വന്യജീവി ആക്രമണത്തിൽ മരണമടഞ്ഞവരുടെ എണ്ണവും, ഇതിൽ എത്ര പേരുടെ കുടുംബത്തിന് സർക്കാർ നഷ്ടപരിഹാരം നൽകിയെന്ന കണക്കും വർഷം തിരിച്ച് നൽകാമോ?

## <u>വന്യജീവി ആക്രമണത്തിന് കാരണമായ ജീവികൾ</u>

965 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മുതൽ കേരളത്തിൽ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായ ജീവികളിൽ വനം വകുപ്പ് ജീവനോടെ പിടികൂടിയവയുടെ വിവരം ലഭ്യമാക്കാമോ; വിശദമാക്കാമോ;

(ബി) 2021 മെയ് മുതൽ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായ ജീവികളിൽ ചത്തതിനുശേഷം വനം വകുപ്പ് കണ്ടെത്തിയവയെക്കുറിച്ച് വിശദമാക്കാമോ;

(സി) 2021 മെയ് മുതൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും നേരെ നടന്ന വന്യജീവി ആക്രമണങ്ങൾക്ക് കാരണമായ ജീവികളിൽ വനം വകുപ്പ് ജീവനോടെ പിടികൂടിയവയിൽ വനത്തിൽ തിരികെ വിട്ടയച്ചവയുടെ വിവരം വിശദമാക്കാമോ;

(ഡി) 2021 മെയ് മുതൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും നേരെ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായ ജീവികളിൽ വനം വകുപ്പ് ജീവനോടെ പിടികൂടിയവയിൽ തിരികെ വനത്തിൽ വിട്ടയച്ച ജന്തുക്കളിൽ തുടർന്നും ആക്രമണത്തിന് കാരണമായവയുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) 2021 മെയ് മുതൽ കേരളത്തിൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും നേരെ നടന്ന വന്യജീവി ആക്രമണത്തിന് കാരണമായിട്ടുള്ള ജീവികളിൽ സർക്കാർ വെടിവെച്ച് കൊന്നിട്ടുള്ളവയുടെ വിവരം ലഭ്യമാക്കാമോ ?

## വന്യജീവി ആക്രമണം

966 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരന്തരമായി ഉണ്ടാകുന്ന വന്യജീവി ആക്രമണം തടയാൻ സർക്കാർ എന്തെല്ലാം പ്രതിരോധമാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) വന്യജീവി ആക്രമണം മൂലം കഴിഞ്ഞവർഷം സംസ്ഥാനത്ത് മരണപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരവും മറ്റ് ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരണപ്പെട്ടവരുടെ ആശ്രിതർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

## വന്യമൃഗശല്ല്യം തടയുന്നതിനായി സ്വീകരിച്ച നടപടികൾ

967 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ വന്യമൃഗശല്യം തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുകയോ പരിക്കേൽക്കുകയോ കൃഷിനാശം സംഭവിക്കുകയോ ചെയ്തിട്ടുള്ളതിന് നൽകിയ നഷ്ടപരിഹാര തുകയുടെ വിശദാംശം നൽകാമോ;

(സി) വന്യമൃഗശല്യത്തിനെതിരെ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വന്യജീവി ആക്രമണംമൂലമുണ്ടായ കൃഷി നാശം

968 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലം 2010 മുതൽ നാളിതുവരെ ഓരോ വർഷവും ഉണ്ടായ കൃഷി നാശത്തിന്റെ അളവും, തുകയും വർഷം തിരിച്ച് നൽകുമോ?

## മനുഷ്യ-വന്യജീവി സംഘർഷം നേരിടാൻ കേന്ദ്രസഹായം

969 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം നേരിടാൻ നിലവിൽ കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; ഇക്കാര്യത്തിനായി കേന്ദ്രത്തെ സമീപിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) ഈ വിഷയത്തിൽ കേന്ദ്രസഹായം ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ?

## ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ

970 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ജീവന് ഭീഷണിയാകുന്നതും കൃഷിയിടങ്ങൾ നശിപ്പിക്കുന്നതുമായ വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ നടപടികളുടെ ലക്ഷ്യം പൂർണ്ണമായും ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ എന്താണെന്നത് പഠന വിധേയമാക്കിയിട്ടുണ്ടോ;

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് വന്യജീവി ആക്രമണങ്ങളും അവ മൂലമുള്ള കൃഷിനാശങ്ങളും വർദ്ധിച്ചുവരുന്നതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ;

(സി) കൃഷികൾ വ്യാപകമായി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ടെങ്കിലും ചില നിബന്ധനകൾ കാരണം ഫലപ്രദമാകുന്നില്ല എന്നതിനാൽ പ്രസ്തുത നിബന്ധനകൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വയനാട്ടിലെ കാട്ടാന ആക്രമണം

971 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ 2016 മുതൽ നാളിതുവരെ ഓരോ വർഷവും കാട്ടാന ആക്രമണത്തിൽ മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും സർക്കാർ നഷ്ടപരിഹാരം നൽകിയവരുടെയും കണക്ക് വർഷം തിരിച്ചുനൽകാമോ?

## വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കുള്ള നഷ്ടപരിഹാരം

972 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത്തരത്തിൽ നഷ്ടപരിഹാരം നൽകുന്നതിന്റെ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വന്യജീവി ആക്രമണങ്ങളിൽ മരണം

973 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനത്തിൽ താമസിക്കുന്ന ആദിവാസി വിഭാഗങ്ങളിലെ ആളുകൾക്ക് വന്യമൃഗാക്രമണം മൂലം മരണം സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര പേരാണ് മരണപ്പെട്ടതെന്നും ഇങ്ങനെ മരിച്ചവരുടെ ബന്ധുകൾക്ക് എന്തെല്ലാം സാമ്പത്തിക സഹായം ഉൾപ്പടെ ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ; പ്രസ്തുത സഹായത്തിന് അപേക്ഷിച്ചിട്ടും നൽകാൻ കഴിയാത്തത് എത്ര പേർക്കാണെന്ന് വിശദമാക്കാമോ?

## വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ടവർ

974 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2015 മുതൽ നാളിതു വരെ വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ട ആദിവാസികളുടെയും ആദിവാസികളല്ലാത്തവരുടെയും എണ്ണം വർഷവും ജില്ലയും തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ട എത്രപേർക്കാണ് ധനസഹായം ലഭ്യമാക്കിയിട്ടുള്ളത് എന്നറിയിക്കുമോ ;

(സി) ധനസഹായം ലഭ്യമാക്കിയിട്ടില്ലാത്തവരുടെ എണ്ണം എത്രയാണ്; ഇവർക്ക് ധനസഹായം ലഭ്യമാക്കാതിരുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

## വന്യജീവി ആക്രമണം

975 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണങ്ങളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്ര പേർ ചികിത്സയിലായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇവർക്കായി നാളിതുവരെ എത്ര രൂപ ധനസഹായമായി അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ?

## വന്യജീവി ആക്രമണം നേരിടാൻ ആർ.ആർ.ടി.

976 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം രൂക്ഷമായതോടെ വനമേഖലയോടുചേർന്ന് താമസിക്കുന്ന ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വന്യജീവി ആക്രമണം തടയുന്നതിനും വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങി ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്നതുമായ സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ; ആയത് എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) എത്ര വനം ഡിവിഷനുകളിൽ സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) ഉണ്ടെന്ന് അറിയിക്കുമോ; വന്യ മൃഗങ്ങൾ കാടിറങ്ങുന്ന സംഭവങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ മനുഷ്യ - വന്യജീവി സംഘർഷം പരമാവധി ലഘൂകരിക്കുന്നതിനായി മുഴുവൻ വനം ഡിവിഷനുകളിലും സ്ഥിരം ആർ.ആർ.ടി.കൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

## കാസർകോട് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവർ

977 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ വന്യജീവികളുടെ ആക്രമണത്തിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്രപേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കു പറ്റിയവരുടെ കുടുംബാംഗങ്ങൾക്കും സർക്കാർ നൽകിയ സഹായങ്ങൾ സംബന്ധിച്ച് മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) വന്യജീവികളുടെ ആക്രമണം മൂലം കാസർഗോഡ് ജില്ലയിൽ സംഭവിച്ച കൃഷി നാശം എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; അതിന്റെ നഷ്ടപരിഹാരം ഇതിനകം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) വന്യജീവി ആക്രമണത്തിൽ നിന്നും നാടിനെയും നാട്ടുകാരെയും രക്ഷിക്കുന്നതിന് കാസർഗോഡ് ജില്ലയിൽ സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ മണ്ഡലം തിരിച്ച വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരം

978 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങൾക്ക് ഇരയാവുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ കണക്കുകൾ വിശദമാക്കുമോ; ഇതിന് ആധാരമായ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ കൂടി നൽകാമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടെ സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ പരിക്കേറ്റവരുടെയും കൊല്ലപ്പെട്ടവരുടെയും ആകെ കണക്കുകൾ വിശദമാക്കുമോ; ഇതിനായി എത്ര തുക നഷ്ടപരിഹാരമായി വിതരണം ചെയ്തുവെന്നും ഇനി വിതരണം ചെയ്യാനുള്ള തുകയെത്രയെന്നും വ്യക്തമാക്കാമോ;

(സി) വന്യജീവി ആക്രമണത്തിൽപ്പെട്ട് ആജീവനാന്തം കിടപ്പുരോഗികളായിത്തീർന്നവർക്ക് അധികമായി എന്തെങ്കിലും നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; ഇപ്രകാരമുള്ള എത്ര പേർ ഉണ്ടെന്ന കണക്കുകൾ നൽകാമോ;

(ഡി) വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണ്; ആയത് പരിഷ്കരിക്കുന്നതിനുള്ള തീരുമാനം ഉണ്ടോ; വന്യജീവി ആക്രമണത്തിൽപ്പെട്ട് ആജീവനാന്തം കിടപ്പുരോഗികളായിത്തീർന്നവർക്ക് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചു നൽകുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാമോ?

## <u>ഏറനാട് മണ്ഡലത്തിലെ വന്യമൃഗശല്യം</u>

979 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ രൂക്ഷമായ വന്യമൃഗശല്യം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെയായി എത്ര തുക അനുവദിച്ചുവെന്നും എന്തെല്ലാം പ്രവർത്തികളാണ് ചെയ്തതെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നിലമ്പൂർ നോർത്ത് ഡിവിഷനിലെ വഴിക്കടവ് പുഞ്ചക്കൊല്ലി എന്ന സ്ഥലത്തു വെച്ച് വന്യ ജീവി ആക്രമണത്തിൽ പരിക്കേറ്റ കരുളായി പുലിമുണ്ട നഗർ ആദിവാസി കോളനിയിലെ കാട്ടുനായിക്കൻ വിഭാഗത്തിൽപ്പെട്ട ശ്രീ സുരേഷ് എന്നയാളിന് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാരം നല്കാത്തതിന്റെ കാരണം എന്താണെന്നും അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

## <u>വന്യജീവി ആക്രമണം നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാൻ നടപടി</u>

980 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വന്യജീവി ആക്രമണത്തിൽ മരിച്ചവരുടേയും ഗുരുതരമായി പരിക്കേറ്റവരുടേയും വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇക്കാലയളവിൽ വന്യജീവി ആക്രമണങ്ങൾമൂലം കർഷകർക്ക് സംഭവിച്ചിട്ടുള്ള കൃഷിനാശം, വന്യജീവികളുടെ ആക്രമണത്തിൽ വളർത്തുമൃഗങ്ങൾ കൊല്ലപ്പെട്ടത് മൂലമുണ്ടായ നാശനഷ്ടം എന്നിവ എത്രയെന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നഷ്ടപരിഹാരം കർഷകർക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനും, ജനവാസ മേഖലകളിൽ പ്രവേശിക്കുന്ന വന്യമൃഗങ്ങളെ എത്രയും വേഗം കാടുകയറ്റുന്നതിനും പര്യാപ്തമാകുന്ന വിധത്തിൽ കൂടുതൽ ക്വിക്ക് റിയാക്ഷൻ ടീമുകൾ രൂപീകരിക്കുന്നതിനും, കൂടുതൽ വാഹനങ്ങളും, അത്യാധുനിക സംവിധാനങ്ങളും അടക്കം അവർക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) വന്യജീവി ആക്രമണത്തിൽ മരിക്കുന്നവർക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കുമുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനും, പരിക്കേറ്റവർക്ക് സ്വകാര്യ ആശുപത്രികളിൽ അടക്കം സൗജന്യ വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ ?

## വാമനപുരം മണ്ഡലത്തിലെ വന്യമൃഗ ശല്യം

981 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പാലോട് ഫോറസ്റ്റ് റേഞ്ചിന്റെ ദ്രുതകർമ്മ സേന (ആർ. ആർ. ടി) മുഖാന്തിരം ജനവാസ മേഖലയിൽ നിന്നും പിടിച്ച് സുരക്ഷിതമേഖലയിലേക്ക് മാറ്റിയ വന്യജീവികളുടെ വിവരങ്ങൾ വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) വാമനപുരം നിയോജക മണ്ഡലത്തിലെ വനമേഖലയോട് ചേർന്ന ജനവാസമേഖലകളിൽ അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കുരങ്ങുശല്യം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വന്യജീവികൾ നാട്ടിലിറങ്ങി കാർഷികവിളകൾ നശിപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽ അവയ്ക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വനാതിർത്തികളിലെ വന്യജീവി ആക്രമണങ്ങൾ

982 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തികളിൽ വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നതും തന്മൂലം നിരവധി മനുഷ്യർക്ക് ജീവാപായം ഉണ്ടാകുന്നു എന്നുമുള്ള ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ഒരു പരിധിവരെ കാരണമാകുന്ന വനങ്ങളിലെ അധിനിവേശ സസ്യങ്ങളും, ദോഷകരമായ വൃക്ഷങ്ങളും ഒഴിവാക്കുന്നതിന് ഈ സർക്കാർ വന്നശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(സി) വന്യജീവി ആക്രമണങ്ങളിൽ നിന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും വന്യജീവികളെ സംരക്ഷിക്കാനുമായുള്ള മാസ്റ്റർപ്ലാൻ നടപ്പിലാക്കൽ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ഡി) കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഓരോ വർഷവും എത്ര വന്യജീവി ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തു; എത്ര പേർ ആക്രമണത്തിന് ഇരയായി; എത്ര പേർക്ക് ജീവഹാനി സംഭവിച്ചു; എത്ര ഹെക്ടർ കൃഷി നശിപ്പിച്ചു; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## കാട്ടാന ആക്രമണം

983 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടാന ആക്രമണം വർധിച്ചു വരുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) നിലമ്പൂർ മുത്തേടത്ത് കാട്ടാന ആക്രമണത്തിൽ സരോജിനി എന്ന സ്ത്രീയും, കുരുളായിയിൽ മണി എന്ന ആദിവാസി യുവാവും, കോതമംഗലത്ത് ക്ലാച്ചേരി സ്വദേശി കൊടിയാട്ട് എൽദോസും, ആൻമേരിയും അടക്കം നിരവധി പേർ കാട്ടാന ആക്രമണത്തിൽ കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ മരിച്ച സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കാട്ടാന ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## വന്യജീവി ആക്രമണം തടയാൻ നടപടി

984 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചു വരുന്ന ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജനവാസമേഖലകളും വനവും തമ്മിൽ വേർതിരിക്കുന്നതിന് ഭിത്തി, വേലി എന്നിവ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിലാണ് വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) വന്യജീവികൾക്ക് വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## മനുഷ്യ – വന്യജീവി സംഘർഷം രൂക്ഷമായ സ്ഥലങ്ങൾ

985 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ - വന്യജീവി സംഘർഷം രൂക്ഷമായതും സംഘർഷത്തിന് കൂടുതൽ സാധ്യതയുള്ളതുമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനായി കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ പ്രദേശങ്ങളിലെ സൗരോർജ്ജവേലികൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വനാന്തർഭാഗത്ത് വന്യമൃഗങ്ങൾക്കാവശ്യമായ ജലം, തീറ്റ എന്നിവ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

## <u>വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്താൻ നടപടി</u>

986 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ ആവശ്യങ്ങൾക്കായി ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും വന്യമൃഗങ്ങൾ ആശ്രയിക്കുന്നത് തടയുന്നതിന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ജലലഭ്യതയും ഭക്ഷണലഭ്യതയും ഉറപ്പുവരുത്തുന്നതിന് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിച്ച തുക എത്രയെന്നും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

## <u>വന്യജീവി ആക്രമണം</u>

987 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം കൃഷിനാശം നേരിടേണ്ടിവരുന്ന കർഷകർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകാൻ വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വന്യജീവികളുടെ ആക്രമണത്തിൽ നിന്നും കർഷകരേയും കാർഷിക വിളകളേയും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(സി) കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>കുറ്റ്യാടിയിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u>

988 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ 2024-25 സാമ്പത്തിക വർഷം പൂർത്തിയായതും നടന്നു വരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ഫണ്ട്, പ്രദേശം, പദ്ധതിയുടെ പ്രത്യേകത എന്നിവ സഹിതം വിശദമാക്കാമോ?

## <u>കായൽ തീരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ നടപടി</u>

989 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ, കടപ്പുറം, ഒരുമനയൂർ പഞ്ചായത്തുകളിലെ കായൽ തീരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>മലപ്പുറം ജില്ലയിൽ ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്</u>

990 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗിന് പ്രൈസ് 3.0 സോഫ്റ്റ്‌വെയർ മുഖേന നിലവിൽ മേലാഫീസിലേക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം ഇറിഗേഷൻ പമ്പ് ഹൗസുകളിൽനിന്നും കൃഷിക്കായുള്ള പമ്പിങ്ങിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് പകരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നോയെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ ഇറിഗേഷൻ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കാൻ ജില്ലയിൽ പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കുന്നതിന് സങ്കേതിക തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകൾക്കായി ചാലക്കുടിയിൽ ഒരു സബ്ഡിവിഷൻ മാത്രം നിലവിലുള്ള സാഹചര്യത്തിൽ മലപ്പുറം കേന്ദ്രമായി പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കുമോ; വിശദമാക്കാമോ?

## <u>സ്വകാര്യ ഭൂമിയിലും പൊതുസ്ഥലങ്ങളിലും എക്കലും മണലും നിക്ഷേപിക്കുന്നതിനുള്ള പദ്ധതി</u>

991 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെയും മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത സഹകരണത്തോടെ പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണലും നീക്കം ചെയ്യുന്നതിനും സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ നിക്ഷേപിക്കുന്നതിനും നിയമപരമായ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലാവസ്ഥാ വ്യതിയാനം മൂലം വെള്ളം കയറുന്ന വൈപ്പിൻ കര, കൊച്ചി ഉൾപ്പെടെയുള്ള തീരപ്രദേശങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് തണ്ണീർത്തടം, നിലം തുടങ്ങിയ പ്രദേശങ്ങൾ ഒഴിവാക്കി വെള്ളം

കയറി മുങ്ങുന്ന സ്വകാര്യ വ്യക്തികളുടെ ഭൂമിയിലും പൊതുസ്ഥലങ്ങളിലും എക്കലും മണലും നിക്ഷേപിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ഉദുമ മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ**

992 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കിയതും പ്രവൃത്തി പുരോഗമിക്കുന്നതുമായ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

**ചാലക്കുടിപ്പുഴയുടെ സംരക്ഷണത്തിന് സംയോജിത നദീതട പ്ലാൻ**

993 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയുടെ പുനരുജ്ജീവനത്തിന് സംയോജിത നദീതട പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ചാലക്കുടിപ്പുഴയിൽ കൂടുതൽ തടയണകൾ നിർമ്മിച്ച് വേനൽക്കാലത്തും ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) മേലൂർ-പരിയാരം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചാലക്കുടിപ്പുഴയിലെ കയ്യാനിക്കടവിൽ തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) റിവർ ബേസിൻ കൺസെർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

**ഏനമാവ് പുഴയിലെ മണലും ചെളിയും നീക്കം ചെയ്യുന്നതിന് നടപടി**

994 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏനമാവ് കോൾ മേഖലയിലേക്ക് ഉപ്പ് വെള്ളം കയറാതിരിക്കുന്നതിനായി അമ്പത് വർഷത്തോളമായി ഏനാമാവ് റെഗുലേറ്റർ ഫേസ് കനാലിൽ നിർമ്മിച്ചുവരുന്ന താൽക്കാലിക വളയംകെട്ട് എല്ലാ വർഷവും മഴക്കാലത്ത് പൊട്ടിച്ച് ഏനമാവ് പുഴയിലേക്കാണ് തള്ളിവിടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്രയും വർഷത്തെ ദശലക്ഷക്കണക്കിന് ക്യൂബിക് മീറ്റർ ചരൽ, മണൽ, ചെളി, മറ്റ് മാലിന്യങ്ങൾ എന്നിവ പുഴയിൽ അടിഞ്ഞ് കിടക്കുന്നത് വെള്ളം ഒഴുകി പോകുന്നതിന് തടസ്സമാവുകയും പുഴ ആഴം കുറഞ്ഞ് ഇല്ലാതാവുകയും ചെയ്യുന്നതിന് കാരണമാകുന്നതിനാൽ പ്രസ്തുത മണലും ചെളിയും നീക്കം ചെയ്യുന്നതിന്

എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ഗുരുവായൂർ മണ്ഡലത്തിലെ പൊതു കുളങ്ങളുടെ നവീകരണം</u>

995 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ നിയോജക മണ്ഡലത്തിൽ പൊതു കുളങ്ങളുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നിന്നും പൊതു കുളങ്ങളുടെ നവീകരണത്തിനായി എത്ര പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>ഇടക്കുറിശി-കേരളമേട് റോഡ് നവീകരണ പ്രവൃത്തി</u>

996 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിരുവാണി ജലസേചനപദ്ധതിയുമായി ബന്ധപ്പെട്ട ഇടക്കുറിശി-കേരളമേട് റോഡ് നവീകരണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; വിശദമാക്കുമോ?

## <u>കുറ്റ്യാടി ഇറിഗേഷൻ പദ്ധതി</u>

997 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ജലവിതരണം സുഗമമായി നടത്തുന്നതിന് 2024-25 സാമ്പത്തികവർഷം കുറ്റ്യാടി മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് ചെലവഴിച്ച ഫണ്ട്, പ്രദേശം എന്നിവ സഹിതം വിശദമാക്കാമോ;

(ബി) കുറ്റ്യാടി ഇറിഗേഷൻ കനാലുകൾ വഴിയുള്ള ജലവിതരണം കുറ്റ്യാടി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ എപ്പോൾ എത്തിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## <u>കുണ്ടൂർ തോട് നവീകരണം</u>

998 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണത്തിനുള്ള പദ്ധതിയുടെ നടപടികൾ വിശദമാക്കാമോ;

(ബി) കുണ്ടൂർ തോട് നവീകരിക്കുന്നതിന് കിഫ്ബി മുഖേന 15 കോടി രൂപ 2016-ലെ ബജറ്റിൽ അനുവദിച്ചിട്ടും ഇതുവരെ പദ്ധതി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭ്യമാക്കിയ പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന്

വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ ടെൻഡർ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## ശിരുവാണി പദ്ധതി

999 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിരുവാണി പദ്ധതിയുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശിക തുകയുടെ വിശദാംശം ലഭ്യമാക്കാമോ; കുടിശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## കണ്ണൂർ ജില്ലയിലെ ഇരിണാവ് ഡാം പാലം

1000 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മടക്കര പുഴയിൽ നിർമ്മിച്ച ഇരിണാവ് ഡാം പാലം കാലപ്പഴക്കത്താൽ തകർന്നതിനാൽ പ്രസ്തുത പാലം ഉപ്പുവെള്ള പ്രതിരോധത്തിന് മാത്രം ഉപയോഗിക്കുന്നതിനായി ഷട്ടറുകൾ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കുന്നതിന് വിദഗ്ധ സമിതി പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ചെല്ലൻകാവ് മിനിഡാം നിർമ്മാണം

1001 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡ്രോയിംഗ് ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോഡ് ചീഫ് എൻജിനീയറിൽ നിന്ന് 03.10.2024-ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കാഞ്ഞിരപ്പുഴ അണക്കെട്ടിലെ ഡ്രിപ്-2 പദ്ധതി

1002 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ അണക്കെട്ടിൽ ഡ്രിപ്-2 പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡ്രിപ് പദ്ധതി പ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ഡാമുകളിലെ ജലസംഭരണ ശേഷി**

1003 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെളിയും മണലും അടിഞ്ഞ് ഡാമുകളിലെ ജലസംഭരണ ശേഷി ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡാമുകളിലെ ജലസംഭരണശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഡാമുകളിലെ ചെളിയും മണലും നീക്കി ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഡാമുകളിലെ ചെളിയും മണലും നീക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

**അരുവിക്കര ഡാമിലെ ഡീസിൽറ്റേഷൻ പ്രവൃത്തി**

1004 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിലെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ?

**വാഴാനി അണക്കെട്ടിൽ ഭൂകമ്പമാപിനി**

1005 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജലകമ്മീഷനിൽ നിന്ന് വാഴാനി അണക്കെട്ടിൽ ഭൂകമ്പമാപിനി സ്ഥാപിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കി ഭൂകമ്പമാപിനി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**വാമനപുരം നദിയിലെ തടയണ നിർമ്മാണം**

1006 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കാരേറ്റ് പാലത്തിന് സമീപം വാമനപുരം നദിയിൽ തടയണ നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പദ്ധതിയുടെ കാലതാമസം നിമിത്തം ജലക്ഷാമം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജലക്ഷാമം പരിഹരിക്കാൻ കഴിഞ്ഞ അഞ്ച് വർഷക്കാലം കാരേറ്റ് മുതൽ കൊല്ലമ്പുഴ വരെ വാമനപുരം നദിയിൽ ഓരോ വർഷവും

എത്ര തടയണകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വർഷവും സ്ഥലവും തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ആവർത്തനച്ചെലവ് ഒഴിവാക്കാൻ സ്ഥിര തടയണ നിർമ്മിക്കുന്നതിന്റെ പ്രാധാന്യം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>തോട് സംരക്ഷണ പ്രവൃത്തികൾക്ക് ഫണ്ട്</u>**

1007 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കോട്ടയം മൈനർ ഇറിഗേഷൻ സബ് ഡിവിഷന് കീഴിൽ പുതുപ്പള്ളി മണ്ഡലത്തിലെ തോട് സംരക്ഷണ ഭിത്തി കെട്ടുന്നതിനുള്ള എത്ര പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടെന്നും ഇനി ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടെന്നും അറിയിക്കാമോ; ഇവയിൽ എത്ര പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരമുള്ള ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങളും നിലവിലെ സ്റ്റാറ്റസും ഫയൽ തീർപ്പാക്കാനുള്ള ഉദ്യോഗസ്ഥതലവും ഫയൽ ഏത് തലത്തിലാണ് നിലവിലുള്ളതെന്ന വിവരവും കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണവും അറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും ഫണ്ടിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോയെന്നും ആയതിന്റെ തീയതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അറിയിക്കാമോ?

**<u>പുളിക്കൂൽ കക്കം വെള്ളി തോടിന്റെ സംരക്ഷണം</u>**

1008 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ നാദാപുരം നഗര മധ്യത്തിലെ പുളിക്കൂൽ കക്കം വെള്ളി തോടിന്റെ സൈഡ് പ്രൊട്ടെക്ഷൻ സംബന്ധിച്ച് നൽകിയ കത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>അമ്പാട്ടുതോട് സംരക്ഷണ ഭിത്തി നിർമ്മാണം</u>**

1009 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബഡ്ജറ്റിൽ 1.5 കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ അമ്പാട്ടുതോട് സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റും ഡി.പി.ആറും മൈനർ ഇറിഗേഷൻ വകുപ്പ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>മാവേലിക്കര മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

1010 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി 2020-21 വർഷം മുതലുള്ള ബജറ്റിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) തഴക്കര ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിലെ കല്ലുവളയം പള്ളിക്ക് സമീപം അച്ചൻകോവിലാറിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുവാൻ മൂന്ന് കോടി രൂപ ബജറ്റിൽ അനുവദിച്ചെങ്കിലും നിർമ്മാണം ആരംഭിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## തൃക്കുന്നപ്പുഴ, ആറാട്ടുപുഴ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ

1011 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് രൂക്ഷമായ കടലാക്രമണം നേരിടുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ ഇപ്പോൾ നടന്നുവരുന്ന കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തുകളിലെ ഏതെല്ലം പ്രദേശങ്ങളിലാണ് ജിയോ ബാഗ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്കുള്ള അനുമതി നൽകിയിട്ടുള്ളതെന്നും ഇതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും അറിയിക്കാമോ;

(ഡി) ലോകബാങ്കിന്റെയും വിവിധ ധനകാര്യ ഏജൻസികളുടെയും സഹായത്തോടെ പ്രസ്തുത പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങളും പദ്ധതികൾ എന്ന് മുതൽ പ്രാവർത്തികമാക്കാൻ സാധിക്കുമെന്നുമുള്ള വിവരങ്ങളും അറിയിക്കാമോ?

## മാടായി, മാട്ടൂൽ പഞ്ചായത്തുകളിലെ കടൽഭിത്തി നിർമ്മാണം

1012 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ എന്നീ പഞ്ചായത്തുകളിലെ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി എപ്പോഴാണ്; വിശദമാക്കാമോ?

## കുന്ദമംഗലം മണ്ഡലത്തിൽ ജൽജീവൻ പദ്ധതിക്കായി കുഴിച്ച റോഡുകൾ

1013 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ ജൽജീവൻ പദ്ധതിക്കായി കുഴിച്ചതും പഞ്ചായത്തിൽ പണം കെട്ടിവെക്കാത്തതും പൂർവസ്ഥിതിയിലാക്കാത്തതുമായ ഏതൊക്കെ റോഡുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ നന്നാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

## ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

1014 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരന്തരപ്പിള്ളി - മറ്റത്തൂർ ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് കുറുമാലിപ്പുഴയിൽ ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് തകർന്ന് ഗതാഗതം തടസ്സപ്പെട്ട് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ അപ്രോച്ച് റോഡിന്റെയും റെഗുലേറ്ററിന്റെയും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതി നൽകുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) അപ്രോച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ ഒരു ഘട്ടമായും റെഗുലേറ്റർ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ അടുത്ത ഘട്ടമായും നടപ്പാക്കുന്ന തരത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വല്ലാർപാടം പനമ്പുകാട് റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണം

1015 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെയും ഗോശ്രീ ഐലന്റ്സ് ഡവലപ്മെന്റ് അതോറിറ്റിയുടെയും ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടം പനമ്പുകാട് റിംഗ് ബണ്ട് റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ;

(ബി) 2012-ൽ ജിഡയുടെയും തുടർന്ന് കിഫ്ബി അനുവദിച്ച ഇരുപത് കോടി രൂപയുടെയും ധനസഹായം ലഭിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ വരുത്തുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) പദ്ധതിയുടെ ഡിസൈൻ എന്നത്തേയ്ക്ക് തയ്യാറാക്കാൻ സാധിക്കുമെന്നും എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) കാലവർഷത്തിലും വൃശ്ചിക വേലിയേറ്റത്തിലും താമസസ്ഥലത്തും ഗൃഹങ്ങളിലും ഓരു വെള്ളം കയറി ദ്വീപ് പ്രദേശമായ വല്ലാർപാടത്തെ ജനജീവിതം ദുസ്സഹമാകുന്ന സാഹചര്യം കണക്കിലെടുത്ത് നിർമ്മാണ പ്രവൃത്തി എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

1016 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്ത പേരാമ്പ്ര, കുറ്റ്യാടി മണ്ഡലങ്ങളിൽ ഉൾപ്പെട്ട പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രവൃത്തി പഴയ കരാറിലാണോ നിലവിൽ ചെയ്യുന്നതെന്ന് അറിയിക്കാമോ; അല്ലെങ്കിൽ പുതിയ ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കുമ്പള കഞ്ചികട്ട വി.സി.ബി. കം ബ്രിഡ്ജ്

1017 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള കഞ്ചികട്ട വി.സി.ബി. കം ബ്രിഡ്ജ് കാലപ്പഴക്കം മൂലം അപകടാവസ്ഥയിലായതിനാൽ അടച്ചിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## ഇടിയഞ്ചിറ റെഗുലേറ്റർ നവീകരണം

1018 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഇടിയഞ്ചിറ റെഗുലേറ്റർ നവീകരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ;

(സി) നിലവിൽ റെഗുലേറ്ററിന് ഷട്ടർ ഇല്ലാത്തതിനാൽ കനാലിലേക്ക് ഉപ്പുവെള്ളം കയറിയിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉപ്പുവെള്ളം നീക്കം ചെയ്ത് മേഖലയിലെ കൃഷി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കൊടുങ്ങല്ലൂർ പെരുംതോട്ടിൽ സ്ലൂയിസ്

1019 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കൊടുങ്ങല്ലൂർ നഗരസഭക്കും എറിയാട് ഗ്രാമപഞ്ചായത്തിനും ഇടയിൽ ഉപ്പുവെള്ളം കയറുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് അഴീക്കോട് പാലത്തിന് സമീപം പെരുംതോട്ടിൽ സ്ലൂയിസ് നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്ലൂയിസ് നിർമ്മിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും നിർമ്മാണ പ്രവൃത്തി

എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

**അരുണാപുരം റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി**

1020 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ അരുണാപുരം റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ ഡിസൈൻ റിവൈസ് ചെയ്ത് ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് ആയി 48.84 കോടി രൂപയുടെ ഡി.പി.ആർ. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) വർഷങ്ങളുടെ കാലതാമസം നേരിടുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

1021 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കേരള ഇറിഗേഷൻ ഇൻഫ്രാ സ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുന്ന കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നും പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

1022 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സ്റ്റേജ് II- ന് അംഗീകാരം ലഭിക്കുന്നതിനായി പരിവേഷ് പോർട്ടലിൽ വകുപ്പ് അടയ്ക്കാനുള്ള 40,39,000/-രൂപ അടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**പാറയിൽ വി.സി.ബി.യിലുണ്ടായ ചോർച്ച**

1023 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംഎൽഎ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ച തിരൂരങ്ങാടി മണ്ഡലത്തിലെ പാറയിൽ വി.സി.ബി.യിലുണ്ടായ ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വി.സി.ബി.യുടെ ചോർച്ച പരിഹരിക്കുന്നതിന് മൈനർ ഇറിഗേഷൻ വിഭാഗവും ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗവും സംയുക്തമായി നടത്തിയ പരിശോധന പ്രകാരം നിലവിലെ ഫൈബർ ഷട്ടർ മാറ്റി മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ആയതിന്റെ എസ്റ്റിമേറ്റ് ഇറിഗേഷൻ വിഭാഗത്തിന് മെക്കാനിക്കൽ വിഭാഗം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) നിലവിൽ സ്ഥാപിച്ചിട്ടുള്ള ഫൈബർ ഷട്ടറുകൾ പ്രസ്തുത പദ്ധതിക്ക് അനുയോജ്യമല്ലെന്ന് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഫൈബർ ഷട്ടറിന് പകരം മെക്കാനിക്കൽ ഷട്ടർ എന്നേക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

## മൂന്നിയൂരിൽ ജലസേചന വകുപ്പിന്റെ സ്ഥലത്ത് അംഗൻവാടി കെട്ടിടം

1024 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം അംഗൻവാടി കെട്ടിടം നിർമ്മിക്കുവാൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഫയൽ നം ഐ.ആർ 1/106/2022-ഡബ്ല്യൂ.ആർ.ഡി. മേൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

## മെതിപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

1025 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമമംഗലം പഞ്ചായത്തിലെ മെതിപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ പ്രവർത്തനക്ഷമമല്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുന്നതിനായി വകുപ്പുതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പദ്ധതി പ്രവർത്തനക്ഷമമല്ലാത്തത് കാരണം കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പാടശേഖരത്തേക്ക് കാർഷികാവശ്യത്തിനായി ജലം എത്തിക്കുന്നതിന് മെതിപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ് പ്രസ്തുത പ്രതിസന്ധിയ്ക്ക് കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധികൾ പരിഹരിച്ച് കാർഷിക ആവശ്യത്തിന് ജലം എത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

## <u>പട്ടാമ്പി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ</u>

1026 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുള്ള ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ പേര്, ഭരണാനുമതി നൽകിയ തുക, പദ്ധതികളുടെ പുരോഗതി എന്നിവയെപ്പറ്റിയുള്ള വിശദ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) പട്ടാമ്പി മണ്ഡലത്തിൽ നവീകരിക്കുവാൻ ബാക്കിയുള്ള ജലാശയങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതിന് നടപടി</u>

1027 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ കായലിൽ അടിഞ്ഞുകൂടിയിട്ടുള്ള വലിയ മൺകൂനകൾ നീക്കം ചെയ്യുന്നതിന് മേജർ ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മൺകൂനകൾ നീക്കം ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(സി) കാലതാമസം ഒഴിവാക്കി എത്രയും വേഗം മൺകൂനകൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## <u>തെന്നല മറക്കപ്പാടം കാപ്പ് നവീകരണം</u>

1028 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല മറക്കപ്പാടം കാപ്പ് നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായെങ്കിലും കയ്യേറ്റം ഉണ്ടെന്ന പരാതി പ്രകാരം തുടർനടപടി സ്വീകരിക്കാതെ പ്രവൃത്തി മാറ്റിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സാങ്കേതിക അനുമതി ലഭ്യമാക്കി ടെൻഡർ നടപടികളും പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ജി.എസ്.ടി. നിരക്കും എസ്റ്റിമേറ്റ് നിരക്കും വർദ്ധിച്ചതിനാൽ എസ്റ്റിമേറ്റിൽ പറയുന്ന പ്രകാരം പ്രവൃത്തി നടപ്പിലാക്കാൻ നിലവിലെ ഭരണാനുമതി തുക പര്യാപ്തമല്ലാത്തതിനാൽ എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## തുമ്പോട്ടുകോണം പാലം നിർമ്മാണത്തിന് എൻ.ഒ.സി.

1029 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിൽ 2024-25 ബജറ്റിൽ അനുബന്ധം II വാല്യം II-ൽ ക്രമ നമ്പർ 2745 ആയി തുമ്പോട്ടുകോണം പാലം നിർമ്മിക്കുന്ന പദ്ധതിയ്ക്ക് 20 ശതമാനം തുക വകയിരുത്തി തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിരാക്ഷേപ സാക്ഷ്യ പത്രത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നറിയിക്കാമോ; പ്രസ്തുത നടപടികളുടെ പകർപ്പ് ലഭ്യമാക്കാമോ?

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ

1030 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖാന്തിരം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം എന്നിവ തരം തിരിച്ച് വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ജല ഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുവാൻ നടപടി

1031 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മണ്ണാർക്കാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പൂർത്തിയായത്; വിശദാംശം നൽകാമോ?

## ജലവിഭവ സംരക്ഷണം

1032 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കുന്ന ജലം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ജല ലഭ്യതയുടെ ഏറ്റക്കുറച്ചിൽ തിരിച്ചറിഞ്ഞ് ജല വർദ്ധനവിനും സംരക്ഷണത്തിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തിന്റെ ജലവിഭവം സംരക്ഷിക്കുന്നതിനായി ജലനയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**ചിറ്റൂർ താലൂക്കിലെ ഭൂഗർഭ ജലവിതാനം**

1033 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ ഭൂഗർഭ ജലവിതാനത്തിന്റെ കണക്ക് പരിശോധിച്ചിട്ടുണ്ടോ; അത് മോസ്റ്റ് ക്രിട്ടിക്കൽ വിഭാഗത്തിൽപ്പെട്ട സ്ഥലമാണോ;

(ബി) പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ജലദൗർലഭ്യം കാരണം പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയും പുതുശ്ശേരിയിൽ പെപ്സികോള കമ്പനിയും പൂട്ടണം എന്ന് ആവശ്യപ്പെട്ട് നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടുത്തെ ഇപ്പോഴത്തെ ജലവിതരണം എപ്രകാരമാണ്; വിശദമാക്കുമോ?

**പൈപ്പ്ലൈൻ പൊട്ടിച്ച് പാഴാക്കുന്ന ജലം**

1034 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട് ചവറ മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടിച്ച് ജലം പാഴാക്കിയതിന് പിഴയായി നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നാളിതുവരെ എത്ര രൂപയുടെ ബില്ലുകൾ നൽകി എന്നറിയിക്കാമോ;

(ബി) ചവറ പന്മന കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ പൊട്ടിച്ച് പാഴാക്കുന്ന ജലത്തിന്റെ കണക്ക് കൂടി ഉൾപ്പെടുത്തിയാണോ ബില്ല് നൽകുന്നത്; വ്യക്തമാക്കുമോ;

(സി) അല്ലെങ്കിൽ ജലനിധിയുടെ പാഴാകുന്ന വെള്ളത്തിന് നഷ്ടപരിഹാരം ലഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുകയെന്ന് അറിയിക്കാമോ?

**എരുമേലി പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ**

1035 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി പഞ്ചായത്തിലെ ജലവിതരണ ശൃംഖല നവീകരിക്കുന്നതിനായി സ.ഉ.(സാധാ) നം.799/2018/ഡബ്ല്യു.ആർ.ഡി. പ്രകാരം 07.11.2018 ൽ NABARD TRANCHE-XXIV -ൽ ഉൾപ്പെടുത്തി 12.6 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ കാലാവധി 2024 സെപ്റ്റംബർ 30 ന് അവസാനിച്ചതുമൂലം എരുമേലി പഞ്ചായത്തിലെ മൂന്ന് പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിരിക്കുന്നത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) എരുമേലി ഗ്രാമപഞ്ചായത്തിലെ ജൽജീവൻ മിഷന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## <u>വാട്ടർ ടേബിൾ സംബന്ധിച്ച പഠനം</u>

1036 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാട്ടർ ടേബിൾ സംബന്ധിച്ച് ജല വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഒടുവിൽ നടത്തിയ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>വാട്ടർ അതോറിറ്റിയിലെ മീറ്റർ റീഡർ തസ്തിക</u>

1037 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കണക്ഷന് ആനുപാതികമായി മീറ്റർ റീഡർമാർ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ മീറ്റർ റീഡർമാരുടെ ജില്ല തിരിച്ചുള്ള ഒഴിവുകളുടെ കണക്ക് ലഭ്യമാക്കുമോ;

(സി) തസ്തിക പരിവർത്തനത്തിലൂടെ മീറ്റർ റീഡർ തസ്തിക വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

## <u>പൈപ്പുകൾ സ്ഥാപിക്കുന്നതിനും റെസ്റ്റൊറേഷൻ പ്രവൃത്തികൾക്കുമുള്ള കാലതാമസം</u>

1038 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും പൈപ്പുകൾ സ്ഥാപിച്ച റോഡുകളിൽ റെസ്റ്റൊറേഷൻ പ്രവൃത്തികൾ നടത്തുന്നതിനും വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, കുറുമാലി-തൊട്ടിപ്പാൾ-മുളങ്ങ് റോഡ്, ചെങ്ങാലൂർ-മണ്ണംപേട്ട-മാവിൻ ചുവട് റോഡ്, നന്തിപുലം-വരന്തരപ്പിള്ളി റോഡ്, ആമ്പല്ലൂർ-പാലപ്പിള്ളി റോഡ്, കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡ്, തൈക്കാട്ടുശ്ശേരി-തലോർ റോഡ്, പല്ലിശ്ശേരി ചർച്ച് റോഡ് ഉൾപ്പടെയുള്ള വിവിധ റോഡുകളിൽ വാട്ടർ അതോറിറ്റി, ജൽജീവൻ മിഷൻ എന്നിവയുടെ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ആയതിന്റെ റെസ്റ്റൊറേഷൻ പ്രവൃത്തികളും ഉടൻ

പൂർത്തിയാക്കുന്നതിനാവശ്യമായ അനുമതിയും ഫണ്ടും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>പയ്യന്നൂരിൽ ജലവിഭവവകുപ്പിന് കീഴിലെ പദ്ധതികൾ</u>**

1039 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പിന് കീഴിൽ പയ്യന്നൂർ നിയോജകമണ്ഡല പരിധിയിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്കനുവദിക്കപ്പെട്ട തുകയും നിലവിലെ അവസ്ഥയും തരം തിരിച്ച് വിശദമാക്കാമോ?

**<u>ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി</u>**

1040 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ലക്ഷ്യം, നിലവിലെ നിർവഹണ പുരോഗതി, പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി എന്നീ വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുമോ?

**<u>ജൽജീവൻ മിഷൻ കരാറുകാരുടെ കുടിശ്ശിക</u>**

1041 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണ്; കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; കരാറുകാർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) രണ്ടാം ഘട്ട കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണ്; കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; കരാറുകാർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാന വിഹിതമായി സർക്കാർ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണ്; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാന വിഹിതം നൽകാത്തതിനെ തുടർന്ന് കരാറുകാർ പ്രവൃത്തികൾ നിർത്തിവെക്കുമെന്ന മുന്നറിയിപ്പ് നൽകിയ സാഹചര്യത്തിൽ കുടിശ്ശിക തുക കൊടുത്തു തീർക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>പുനലൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>**

1042 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ഓരോ

പഞ്ചായത്തിലും നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുള്ള പഞ്ചായത്തുകളുടെയും ഇനിയും പൂർത്തിയാക്കാൻ ഉള്ള പഞ്ചായത്തുകളുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) കരവാളൂർ, ഇടമുളക്കൽ എന്നീ പഞ്ചായത്തുകളിലായി ആകെ എത്ര ഗാർഹിക കണക്ഷനുകൾ കൊടുത്തിട്ടുണ്ടെന്നും ഈ പഞ്ചായത്തുകളിൽ ഇനിയും പൂർത്തിയാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) ഏരൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട ആയിരനല്ലൂർ കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങളും പദ്ധതി നടപ്പാക്കുന്നതിന് നിലവിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്നും ആയത് പരിഹരിക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ ജൽജീവൻ പ്രവൃത്തികൾ

1043 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജൽജീവൻ മിഷൻ മുഖേനയുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രസ്തുത പ്രവൃത്തി ജില്ലയിൽ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## പാറത്തോട് ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ

1044 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറത്തോട് ഗ്രാമപഞ്ചായത്തിലെ പാറത്തോട് - പാലപ്ര - കള്ളുവേലി - വേങ്ങത്താനം റോഡിൽ ജലജീവൻ മിഷന് ആവശ്യമായ പൈപ്പുകൾ ഇടുന്നതിന് റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതിക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അടയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## അമ്പലപ്പുഴയിലെ ജൽജീവൻ മിഷൻ പ്രവൃത്തി

1045 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നാളിതുവരെ നൽകിയ കണക്ഷനുകളും ഇനി നൽകാനുള്ള കണക്ഷനുകളും സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) പുതുതായി കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങി ലഭ്യമാക്കിയ പുറക്കാട്, പുന്നപ്ര തെക്ക്, അമ്പലപ്പുഴ തെക്ക്, പുന്നപ്ര വടക്ക് എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഓവർ ഹെഡ് ടാങ്ക് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ ജൽജീവൻ മിഷൻ

1046 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ജൽജീവൻ മിഷൻ മുഖാന്തരം ഇതുവരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണവും ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണവും ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) തിരുവനന്തപുരം പ്രോജക്ട് ഡിവിഷന്റെ കീഴിൽ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പുരോഗമിക്കുന്നതെന്നും ആയതിന്റെ തൽസ്ഥിതിയും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നില നിൽക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കൊണ്ടോട്ടി മുൻസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതികൾ

1047 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന കിഫ്ബി കുടിവെള്ള പദ്ധതിയുടെയും അമൃത് കുടിവെള്ള പദ്ധതിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) കോഴിക്കോട് - പാലക്കാട് ദേശീയ പാതയിൽ പൈപ്പ് ഇടുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; എങ്കിൽ ഇതിന്റെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) കേരളത്തിലെ ഏറ്റവും വലിയ പട്ടികജാതി സങ്കേതങ്ങളിലൊന്നായ നെടിയിരുപ്പ് എൻ.എച്ച്. പട്ടികജാതി സങ്കേതങ്ങളിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി അമൃത് പദ്ധതിയിൽ അഡീഷണൽ തുകയ്ക്ക് വേണ്ടി മുനിസിപ്പാലിറ്റി നൽകിയ അപേക്ഷയിൽ തീരുമാനമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ജൽജീവൻ മിഷൻ

1048 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷനിലൂടെ എത്ര ഗ്രാമീണ വീടുകളിൽ കുടിവെള്ളമെത്തിക്കാനാണ് ലക്ഷ്യമിട്ടതെന്നും എത്ര വീടുകളിൽ കുടിവെള്ളം എത്തിച്ചുവെന്നും ഇനി എത്ര വീടുകളിൽ കുടിവെള്ളം ലഭ്യമാക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

## ചവറ മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

1049 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിലെ ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിച്ച പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര രൂപയുടെ

ഭരണാനുമതി നൽകിയിട്ടുണ്ട്; പ്രസ്തുത തുക പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ; പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

**മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകളിലെ ജൽജീവൻ പദ്ധതി**

1050 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന ജൽജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) മുണ്ടക്കയം ശുദ്ധജല വിതരണ പദ്ധതിയിലെ പാക്കേജ് 2, പാക്കേജ് 6, പാക്കേജ് 7 എന്നിവയിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

**പയ്യന്നൂർ നഗരസഭ കുടിവെള്ള പദ്ധതി**

1051 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ നഗരസഭ കുടിവെള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ചപ്പാരപ്പടവ് കിണർ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതി കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കായംകുളം ഡിവിഷൻ പരിധിയിലെ കുടിവെള്ള കണക്ഷനുകൾ**

1052 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കായംകുളം ഡിവിഷന്റെ പരിധിയിൽ എത്ര കുടിവെള്ള കണക്ഷനുകളാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്;

(ബി) ജൽജീവൻ മിഷൻ, അമൃത് ഭാരത് പദ്ധതി പ്രകാരം കായംകുളം ഡിവിഷന്റെ പരിധിയിൽ 2025 മാർച്ച് മാസത്തിനുള്ളിൽ എത്ര കുടിവെള്ള കണക്ഷനുകൾ വിതരണം ചെയ്യാൻ കഴിയുമെന്നും ഈ പദ്ധതികൾ പൂർത്തീകരിക്കപ്പെടുമ്പോൾ കായംകുളം ഡിവിഷൻ ഓഫീസ് പരിധിയിൽ ആകെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) ആലപ്പുഴ ജില്ലയിലെ തെക്കൻ പ്രദേശങ്ങളിൽ ഉൾപ്പെട്ടതും കായംകുളം ഡിവിഷൻ ഓഫീസിന്റെ പരിധിയിൽ വരുന്നതുമായ 1.5 ലക്ഷം കുടിവെള്ള കണക്ഷനുകൾ ഉള്ള ഉപഭോക്താക്കളുടെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പരാതികൾ ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ റവന്യൂ ഓഫീസർ തസ്തിക കായംകുളം കേന്ദ്ര കാര്യാലയത്തിൽ നിന്നും ഷിഫ്റ്റ് ചെയ്ത് കായംകുളം ഡിവിഷണൽ ഓഫീസിലേയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ജൽജീവൻ മിഷന്റെ ഭാഗമായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ

1053 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമായി വന്ന ഗ്രാമീണ റോഡുകളിൽ ആയത് നടത്തുന്നതിനാവശ്യമായ തുക പ്രസ്തുത മിഷനിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകൾ മുഖാന്തരം കരാറുകാർക്ക് നൽകുന്നതിന് കഴിയുമോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ആലത്തൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ ജൽജീവൻ മിഷന് അനുവദിക്കേണ്ടി വരുന്ന തുകയുടെ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത തുക നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) ജൽജീവൻ മിഷൻ പ്രവൃത്തികളുടെ ബില്ലുകൾ പാസ്സാക്കി കിട്ടുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ മറ്റ് ബില്ലുകളുടെ സീനിയോറിറ്റി തടസ്സമായി നിൽക്കുമോ; വിശദീകരണം നൽകാമോ?

## ജലവിഭവ വകുപ്പിലെ പദ്ധതികളുടെ വെട്ടിച്ചുരുക്കൽ

1054 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി കാരണം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് ജലവിഭവ വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നതെന്നും എത്ര ശതമാനം വരെ വെട്ടിക്കുറവ് സംഭവിച്ചു എന്നുമുള്ള വിവരം പദ്ധതി തിരിച്ചു ലഭ്യമാക്കാമോ?

## മഴവെള്ള സംഭരണി വഴി ജല സംഭരണം

1055 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും മഴവെള്ള സംഭരണി വഴി എത്ര ലിറ്റർ ജലം സംഭരിക്കാൻ സാധിക്കും എന്ന കണക്ക് ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം ഓരോ ജില്ലയിലും മഴവെള്ള സംഭരണി വഴി എത്ര ലിറ്റർ ജലം സംഭരിക്കുന്നുണ്ട് എന്ന കണക്ക് ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

1056 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ജൽജീവൻ പദ്ധതി പ്രകാരം എത്ര തുകയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കണക്ഷനുകളാണ് ഈ മണ്ഡലത്തിൽ നല്കുന്നതെന്ന് പഞ്ചായത്തുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ എത്ര കണക്ഷനുകൾ മണ്ഡലത്തിൽ നാളിതുവരെ നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയിൽ ഇനി എത്ര കണക്ഷൻ കൂടി മണ്ഡലത്തിൽ നല്കുവാനുണ്ടെന്നും ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ ജൽജീവൻ മിഷൻ

1057 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ പഞ്ചായത്ത് റോഡുകളുടെ റീസ്റ്റോറേഷൻ നടപടികളുടെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

1058 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡത്തിലെ വിവിധ പഞ്ചായത്തുകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടിവെള്ളക്ഷാമം സമയബന്ധിതമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ പ്രത്യേകിച്ച് വേനൽ കാലങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിരിക്കുന്നത്; ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കിൻഫ്ര വ്യവസായ പാർക്കിലേക്ക് വെള്ളമെത്തിക്കാനുള്ള പദ്ധതി

1059 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട്ടെ കിൻഫ്ര വ്യവസായ പാർക്കിലേക്ക് മലമ്പുഴയിൽ നിന്നും വെള്ളമെത്തിക്കാനുള്ള പദ്ധതി സംബന്ധിച്ചുള്ള സർക്കാർ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## മലബാർ ഡിസ്റ്റിലറിക്ക് വെള്ളം നൽകാൻ കരാർ

1060 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറിക്ക് വെള്ളം നൽകാനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>കുറ്റ്യാടിയിലെ ജൽജീവൻ മിഷൻ</u>**

1061 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷന്റെ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ജൽജീവൻ മിഷന് വേണ്ടി റോഡിൽ കുഴിച്ച കുഴികൾ പൂർവസ്ഥിതിയിലാക്കുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും ഈ പ്രവർത്തനം മഴക്കാലത്തിന് മുമ്പ് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

**<u>ജൽജീവൻ പദ്ധതി</u>**

1062 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ കുടിവെള്ള പദ്ധതിക്ക് സംസ്ഥാന സർക്കാർ രണ്ടാംഘട്ട വിഹിതം നൽകാൻ ബാക്കിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കരാറുകാർക്ക് കോടികളുടെ കുടിശിക ഉണ്ടെന്നുള്ളത് വസ്തുതയാണോ; വിശദമാക്കാമോ;

(സി) കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നടത്തികൊണ്ടിരിക്കുന്ന സംസ്ഥാനത്തെ മൊത്തം കരാറുകാർക്ക് എത്ര രൂപയാണ് ജൽജീവനിൽ നിന്ന് കുടിശിക ഇനത്തിൽ ലഭിക്കാനുള്ളതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സീനിയോറിറ്റി മറികടന്ന് വൻകിടക്കാർക്ക് അവിഹിതമായി പണം നൽകുന്നുവെന്ന ആരോപണം സാധൂകരിക്കുന്ന തെളിവുകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഏത് വർഷമാണ് ജൽജീവൻ പദ്ധതി ആരംഭിച്ചതെന്നും ഏത് വർഷം പൂർത്തിയാക്കാനാണ് ആദ്യ നിർദ്ദേശം എന്നും ഇപ്പോൾ മാറ്റം വന്നിട്ടുണ്ടോയെന്നും അറിയിക്കാമോ;

(എഫ്) ആദ്യഘട്ടത്തിൽ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും എത്ര രൂപയാണ് ലഭ്യമാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) രണ്ടാംഘട്ടത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ; സംസ്ഥാന സർക്കാർ പണം മുടക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; സംസ്ഥാനത്തിന് പണം മുടക്കാൻ കഴിയാത്തത് പദ്ധതിയെ സാരമായി ബാധിച്ചിട്ടുണ്ടെന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ?

## ജൽജീവൻ മിഷൻ

1063 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2020-ൽ തുടങ്ങിയ പ്രസ്തുത പദ്ധതി എത്ര ശതമാനം പൂർത്തിയായെന്നും ബാക്കിയുള്ളത് എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടത്തുന്ന പ്രസ്തുത പദ്ധതി എത്ര തുകയുടേതെന്നും എത്ര തുക നാളിതുവരെ ചെലവാക്കി എന്നും ഇതിൽ കേന്ദ്ര വിഹിതം എത്ര, സംസ്ഥാന വിഹിതം എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി വഴി എത്ര ഗ്രാമീണ വീടുകളിൽ കുടിവെള്ളം എത്തിച്ചെന്നും ഇനി നൽകേണ്ടത് എത്രയെന്നും വ്യക്തമാക്കുമോ?

## ജൽജീവൻ മിഷൻ

1064 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് പണി പൂർത്തിയാക്കിയിട്ടും തുക കൈമാറാനാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇപ്രകാരം എത്ര തുക കരാറുകാർക്ക് കുടിശ്ശികയായിട്ടുണ്ട്; അറിയിക്കുമോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക കരാറുകാർക്ക് നൽകിയോ; എങ്കിൽ ഏതെല്ലാം കരാറുകാർക്കാണ് നല്കിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ആയത് നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ഡി) ലഭ്യമാകുന്ന ഫണ്ട് സീനിയോറിറ്റി മറികടന്ന ആർക്കെങ്കിലും ബിൽ തുക വിതരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് നൽകിയതെന്നും എന്താണ് കാരണം എന്നും അവർ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(ഇ) കരാറുകാരുടെ കുടിശിക അടിയന്തിരമായി കൊടുത്ത് തീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## ജൽജീവൻ മിഷൻ

1065 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ ജൽജീവൻ മിഷനു വേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പ്രാദേശിക റോഡുകളുൾപ്പെടെയുള്ള റോഡുകൾ കുഴിച്ചതിന്റെ ഫലമായി പ്രസ്തുത റോഡുകളെല്ലാം സഞ്ചാരയോഗ്യമല്ലാതായിതീർന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളെല്ലാം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണം എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>**മഞ്ചേരി മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ**</u>

1066 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) മഞ്ചേരി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നഗരസഭയിലെ എല്ലാ വാർഡുകളിലും പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ പുതിയ സമ്പൂർണ്ണ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) മഞ്ചേരി മണ്ഡലത്തിൽ ജൽജീവൻ മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) 2025-26 വർഷത്തിൽ ജലവിഭവ വകുപ്പ് മഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

<u>**ജൽജീവൻ മിഷൻ**</u>

1067 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2020-ൽ ആരംഭിച്ച ടി പദ്ധതി എത്ര ശതമാനം പൂർത്തിയായെന്നും എപ്പോൾ പദ്ധതി പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന സംയുക്ത പദ്ധതിയുടെ വിഹിതം എത്രയാണെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) നാളിതുവരെ എത്ര തുക ചെലവാക്കിയെന്നും ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്രയെന്നും തരംതിരിച്ച് വ്യക്തമാക്കുമോ?

<u>**പാലക്കാട് ജില്ലയിലെ ശുദ്ധജല വിതരണം**</u>

1068 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ ഡാമിന്റെ നിലവിലെ സംഭരണ ശേഷി എത്രയാണ്;

(ബി) പാലക്കാട് ജില്ലയിൽ പ്രതിദിനം എത്ര ദശലക്ഷം ഘനമീറ്റർ വെള്ളമാണ് ശുദ്ധജല പമ്പിങ്ങിന് ആവശ്യമായി വരുന്നത്; ഒരു മാസത്തേക്ക് ശുദ്ധജല വിതരണത്തിനായി എത്ര ദശലക്ഷം ഘനമീറ്റർ ജലം ആവശ്യമാണന്ന് അറിയിക്കാമോ;

(സി) വേനൽ കടുക്കുന്ന മാസങ്ങളിൽ ഭാരതപ്പുഴയിലെ ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ എത്ര ദശലക്ഷം ഘനമീറ്റർ വരെ വെള്ളം കരുതിവെയ്ക്കണമെന്ന് വ്യക്തമാക്കുമോ;

(ഡി) പാലക്കാട് ജില്ലയിലെ കൃഷിയ്ക്കും രണ്ടാം വിള നെൽകൃഷിയ്ക്കുമായി എത്ര ദശലക്ഷം ഘനമീറ്റർ വെള്ളം ആവശ്യമാണ്; വിശദമാക്കുമോ;

(ഇ) എത്ര ദശലക്ഷം ലിറ്റർ വെള്ളമാണ് കിൻഫ്ര ആവശ്യപ്പെട്ടതെന്നും നിലവിൽ എത്ര ദശലക്ഷം ലിറ്റർ വെള്ളമാണ് നൽകുന്നതെന്നും അറിയിക്കാമോ;

(എഫ്) ഒയാസിസ് കമ്പനി ദിവസേന എത്ര ദശലക്ഷം ലിറ്റർ വെള്ളമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും എത്ര ദശലക്ഷം ലിറ്റർ വെള്ളം നൽകാമെന്നാണ് സർക്കാർ ഉറപ്പ് നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ?

## <u>ജൽജീവൻ മിഷൻ പൈപ്പിടൽ</u>

1069 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന് വേണ്ടിയുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ഗുരുവായൂർ നിയോജക മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ കുഴിച്ചത് പൂർവ്വ സ്ഥിതിയിലാക്കാത്തതിനാൽ അവ സഞ്ചാരയോഗമല്ലാതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡുകൾ പുനർ നിർമ്മാണം നടത്തുന്നതിന് അനുവദിച്ച ഫണ്ടിന്റെ വിവരങ്ങൾ പഞ്ചായത്ത് / നഗരസഭ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) മേൽ പ്രകാരം തകർന്ന റോഡുകളുടെ വിശദാംശങ്ങളും അവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

## <u>ഹരിപ്പാട് കുടിവെള്ള പദ്ധതി</u>

1070 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർവ്വഹണ പുരോഗതിയും പഞ്ചായത്ത് തലത്തിലുള്ള വിതരണ ലൈനുകളുടെ നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ പുരോഗതിയും അറിയിക്കാമോ;

(ബി) ജൽജീവൻ മിഷന്റെ നിർവ്വഹണ കാലാവധി അവസാനിച്ച സാഹചര്യത്തിൽ സംസ്ഥാനത്തുടനീളം ജൽജീവൻ മിഷൻ പ്രകാരം ടെണ്ടർ ചെയ്ത വിവിധ പ്രവൃത്തികൾക്ക് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ മുൻപാകെ ഈ വിഷയം അവതരിപ്പിച്ചിട്ടുണ്ടോ; പ്രത്യേക പ്രതിനിധി സംഘം ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) ഈ സാങ്കേതിക പ്രശ്നം മറികടക്കുന്നതിന് സർക്കാർ തലത്തിൽ തന്നെ പ്രത്യേക അനുമതി നൽകി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

വിശദമാക്കുമോ?

**കടവന്ത്ര കെ.പി. വള്ളോൻ റോഡിലെ ജല അതോറിറ്റിയുടെ പ്രവൃത്തി**

1071 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ കടവന്ത്ര കെ.പി. വള്ളോൻ റോഡിലൂടെയുള്ള ജല അതോറിറ്റിയുടെ പൈപ്പിടുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക എത്രയെന്നും ആരാണ് കരാർ ഏറ്റെടുത്തിട്ടുള്ളതെന്നും കരാർ പ്രകാരം എന്നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്നും വിശദമാക്കാമോ;

(സി) പൈപ്പിടൽ പ്രവൃത്തിക്കായി പൊളിച്ചിട്ടിരിക്കുന്ന നഗരത്തിലെ തിരക്കേറിയ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവഹണ ഏജൻസി ആരെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) റോഡ് പൊളിച്ചിട്ടിരിക്കുന്നതിനാൽ അനുഭവപ്പെടുന്ന പൊടിശല്യവും പ്രദേശവാസികൾ രോഗബാധിതരാവുന്നതും കണക്കിലെടുത്ത് റോഡിൽ വെള്ളം നനയ്ക്കാനും രോഗബാധിതരാവുന്നവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ;

(ഇ) തിരക്കേറിയ പ്രസ്തുത റോഡ് പൊളിച്ചിട്ടിരിക്കുന്നതിനാൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**ജൽജീവൻ പദ്ധതി**

1072 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, റാന്നി, പൂഞ്ഞാർ നിയോജകമണ്ഡലങ്ങളിലെ ജൽജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഏതൊക്കെ ഭാഗങ്ങളിൽ തുക അനുവദിച്ചതിൻ പ്രകാരം പദ്ധതി പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ബാക്കിയുള്ള സ്ഥലങ്ങളിൽ എത്രയും വേഗം പണികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ?

**മലബാർ ഡിസ്റ്റിലറിക്ക് വെള്ളം ലഭ്യമാക്കാത്തതിനാലുണ്ടായ പ്രതിസന്ധി**

1073 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എം. വിൻസെന്റ്**

**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറിയുടെ പ്രവർത്തനങ്ങൾ ജല അതോറിറ്റി വെള്ളം ലഭ്യമാക്കാത്തതുമൂലം പ്രതിസന്ധിയിലായ വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മലബാർ ഡിസ്റ്റിലറിക്ക് ജല അതോറിറ്റി വെള്ളം നൽകാത്തതിന്റെ കാരണം അറിയിക്കുമോ;

(സി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കൊമേഴ്ഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ആവശ്യമായ വെള്ളം ലഭ്യമാക്കാൻ ജല അതോറിട്ടിയുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സർക്കാർ കമ്പനിക്ക് വെള്ളം നൽകാതെ സ്വകാര്യ കമ്പനിക്ക് വെള്ളം നൽകാൻ എന്തടിസ്ഥാനത്തിലാണ് ജല അതോറിറ്റി ധാരണയിൽ എത്തിയത് എന്നു വ്യക്തമാക്കുമോ?

## <u>മലപ്പുറം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

1074 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് 2.0 പദ്ധതിയിൽ സ്റ്റേറ്റ് വാട്ടർ ആക്ഷൻ പ്ലാൻ മൂന്നാം ഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തി മലപ്പുറം നിയോജക മണ്ഡലത്തിൽ അഡീഷണൽ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയ പാണക്കാട്, മേൽമുറി വില്ലേജുകളിലെ മിനി കുടിവെള്ള പദ്ധതികളുടെ പുരോഗതികൾ വ്യക്തമാക്കാമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും നഗരസഭയുടെയും സംയുക്ത സംരംഭമായ പ്രസ്തുത കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ;

(സി) അമൃത് 2.0 ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 7.5 എം.എൽ.ഡി. സംഭരണശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി നേരത്തെ ഭരണാനുമതി നൽകിയ 7.60 കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജൽജീവൻ മിഷനു കീഴിൽ പ്രവൃത്തികൾ പുരോഗമിക്കുന്ന പുൽപ്പറ്റ, പൂക്കോട്ടൂർ മൊറയൂർ സമഗ്ര കുടിവെള്ള പദ്ധതി, കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതി, അമൃത് പദ്ധതിക്കു കീഴിലുള്ള ഇരുമ്പുഴി കരുമാഞ്ചേരി പദ്ധതി, മലപ്പുറം നഗരസഭയിലെ പാണക്കാട്, മേൽമുറി പദ്ധതികൾ എന്നിവ വേഗത്തിൽ യാഥാർത്ഥ്യമാക്കി മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## <u>കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ</u>

1075 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ളം എത്തിക്കുന്നതിനായി കിഫ്ബി, ജൽജീവൻ, പ്ലാൻ ഫണ്ട്, നബാർഡ്, അമൃത്, മറ്റു ഫണ്ടുകൾ മുഖേന എന്തൊക്കെ പ്രവൃത്തികളാണ് നടന്നു വരുന്നത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കുന്നതെന്നും എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും വിശദവിവരം ലഭ്യമാക്കാമോ;

(സി) സമ്പൂർണ്ണ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് കിഫ്ബി, ജൽജീവൻ തുടങ്ങിയ പദ്ധതികളിലൂടെ എത്ര പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്നും അവ എന്ന് പൂർത്തീകരിക്കാനാകുമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി, ജലജീവൻ, പ്ലാൻ ഫണ്ട്, നബാർഡ്, അമൃത്, മറ്റു ഫണ്ടുകൾ മുഖേന എത്ര കണക്ഷനുകളാണ് ഇതുവരെ നൽകിയിട്ടുള്ളതെന്ന് തദ്ദേശസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

**തരൂർ, ആലത്തൂർ മണ്ഡലങ്ങളിലെ കുടിവെള്ള പദ്ധതി**

1076 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ലെ വാട്ടർ അതോറിറ്റി പ്ലാൻ ഫണ്ടിൽ നിന്നും തരൂർ, ആലത്തൂർ മണ്ഡലങ്ങളിൽ ഒന്നാംഘട്ടമായി 20 കോടി രൂപ അനുവദിച്ച് നടപ്പിലാക്കുന്ന വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**ജൽജീവൻ പദ്ധതി**

1077 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ജൽജീവൻ പദ്ധതികൾക്കായി നാളിതുവരെ ലഭിച്ച കേന്ദ്രവിഹിതം എത്രയെന്നും ചെലവഴിച്ചത് എത്രയെന്നും നാളിതുവരെ വകയിരുത്തിയ സംസ്ഥാനവിഹിതം എത്രയെന്നും ചെലവഴിച്ചത് എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ജൽജീവൻ പദ്ധതിയ്ക്കായി വിവിധ കരാറുകാർക്ക് നൽകുവാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ; ആയത് അടിയന്തിരമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ജൽജീവൻ പദ്ധതി വഴി നാളിതുവരെ നൽകിയ ആകെ കുടിവെള്ള കണക്ഷനുകൾ എത്രയെന്നും ഇതിൽ എത്ര കണക്ഷനുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ഇ) ജൽജീവൻ പദ്ധതിയിൽ കരാറുകാർക്ക് പലതരത്തിലുള്ള മുൻഗണനാ രീതികൾ നടപ്പിലാക്കി വരുന്നതായും അത് യഥാർത്ഥ മുൻഗണനാക്രമം അട്ടിമറിക്കുന്നതായും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## മയിലാട്ടുംപാറ ശുദ്ധജല വിതരണ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ

1078 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എ.സി. എ.ഡി.എസ്. മുഖേന നടപ്പിലാക്കുന്ന കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മയിലാട്ടുംപാറ ശുദ്ധജല വിതരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കെ.എസ്.ഇ.ബി. കണക്ഷൻ നൽകുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ; പ്രസ്തുത പദ്ധതിക്കായി കേരളാ വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി. ക്ക് കണക്ഷൻ ചാർജ് അടച്ചിട്ടുണ്ടോ; ആയത് എന്നേക്ക് അടയ്ക്കുവാൻ കഴിയും എന്നറിയിക്കാമോ;

(സി) കെ.എസ്.ഇ.ബി. കണക്ഷൻ സംബന്ധിച്ച് കേരളാ വാട്ടർ അതോറിറ്റി കടുത്തുരുത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ 23/01/2025 ൽ നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) പ്രസ്തുത ശുദ്ധജല പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## കാരോട് കുടിവെള്ള പദ്ധതി

1079 **ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ കാരോട് കുടിവെള്ള പദ്ധതിയുടെ നാളിതുവരെ നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

## പൈപ്പ് ലൈൻ റോഡിന്റെ തകർച്ച

1080 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മാവൂർ ഗ്രാമ പഞ്ചായത്തിലെ പൈപ്പ് ലൈൻ റോഡ് തകർന്ന് കിടക്കുന്നത് ജനങ്ങൾക്ക് ഏറെ പ്രയാസം സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡ് പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

## മലബാർ ഡിസ്റ്റില്ലറിക്ക് വെള്ളം നൽകുന്നതിനുള്ള പദ്ധതി

1081 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റില്ലറിക്ക് ജല അതോറിറ്റി വെള്ളം നൽകാൻ പദ്ധതി രൂപീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണോ എന്ന് അറിയിക്കാമോ; അല്ലെങ്കിൽ കാരണം വിശദമാക്കാമോ?

**റോഡ് റിസ്റ്റോറേഷന് മുമ്പായി കുടിവെള്ള പൈപ്പ് ലീക്ക് പരിശോധന**

1082 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി റോഡിലെ വശങ്ങളിൽ പൈപ്പിട്ടതിനു ശേഷം റീസ്റ്റോറേഷൻ നടത്തുന്നതിനു മുമ്പായി ലീക്കുകൾ പരിശോധിക്കുന്ന സംവിധാനം നിലവിലുണ്ടോ; റീസ്റ്റോറേഷന് മുമ്പ് ലീക്ക് പരിശോധന നടത്തിയില്ലെങ്കിൽ ലീക്ക് ഉണ്ടായാൽ വീണ്ടും റോഡ് കുത്തിപ്പൊളിക്കേണ്ടി വരും എന്നതിനാൽ ഇത്തരം പരിശോധനകൾ കർശനമായി നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) നാഷണൽ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം പഞ്ചായത്തുകളിലെ കുടിവെള്ളം ഇടക്കിടെ മുടങ്ങുന്നത് പൊതു ടാപ്പിലെ കുടിവെള്ളം മാത്രം ആശ്രയിച്ച് ജീവിക്കുന്ന ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുളവാക്കുന്നതിനാൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

**വെള്ളക്കര വർദ്ധന**

1083 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര തവണ വെള്ളക്കരം വർദ്ധിപ്പിച്ചു; അവസാനമായി വെള്ളക്കരം വർദ്ധിപ്പിച്ചത് എന്നാണ്; എത്ര രൂപയാണ് വർദ്ധന ഉണ്ടായത്; വ്യക്തമാക്കുമോ;

(ബി) വെള്ളക്കരം വർദ്ധിപ്പിച്ചത് വഴി കേരള വാട്ടർ അതോറിറ്റി നാളിതുവരെ എത്ര തുക അധികം സമാഹരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

**ഒയാസിസ് കൊമേഴ്ഷ്യൽ പ്രൈവറ്റ് ലിമിറ്റഡുമായുള്ള കരാർ**

1084 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കൊമേഴ്ഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ആവശ്യമായ അംഗീകാരമോ സമ്മതമോ ജല അതോറിട്ടി നൽകിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ യൂണിറ്റുകൾക്കാണ് ജല അതോറിറ്റി അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് വെള്ളം ലഭ്യമാക്കാൻ ഒയാസിസ് കൊമേഴ്ഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി ജല അതോറിറ്റി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**ജല അതോറിറ്റിക്ക് ലഭിക്കുവാനുള്ള കുടിശ്ശിക തുക**

1085 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വൻകിട സ്വകാര്യസ്ഥാപനങ്ങൾ, ഗാർഹിക ഉപയോക്താക്കൾ തുടങ്ങിയവ ജല അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശികയുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ?

**ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട റോഡ് ടാറിംഗ്**

1086 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മെയിൻ പൈപ്പ്ലൈൻ കടന്നുപോകുന്നതുമായ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വേട്ടുണ്ട വരപ്പുറത്തുകണ്ടി റോഡ് ടാറിംഗ് ചെയ്യുന്നതിന് അനുമതി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജപ്പാൻ കുടിവെള്ള പൈപ്പ്ലൈനിന് യാതൊരുവിധ കേടും സംഭവിക്കാത്ത തരത്തിൽ പൈപ്പ്ലൈന് അരികിലൂടെ മൂന്ന് മീറ്റർ വീതിയിൽ റോഡ് യാത്രാസൗകര്യം ഉണ്ടാക്കുന്നതിന് ടാറിംഗ് ചെയ്യാനായി അടിയന്തരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

**കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ്**

1087 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് വഴി കൊച്ചി നഗരത്തിലെ കുടിവെള്ള വിതരണ ശൃംഖലയുടെ നിയന്ത്രണവും പരിപാലനവും പത്ത് വർഷക്കാലത്തേയ്ക്ക് ബഹുരാഷ്ട്ര കമ്പനിക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കേരള ജല അതോറിറ്റി ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന കൊച്ചിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പത്ത് വർഷത്തേയ്ക്ക് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്ന നടപടി ജല അതോറിറ്റിയുടെ സ്വകാര്യവൽക്കരണത്തിലേയ്ക്ക് നയിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുക

1088 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് 2016 മുതൽ ഓരോ വർഷവും എത്ര തുക അനുവദിച്ചു എന്നും ഇതിൽ എത്ര രൂപ നൽകി എന്നും വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ഒയാസിസ് മദ്യക്കമ്പനിയ്ക്ക് വാട്ടർ അതോറിറ്റി ജലം നൽകാനുള്ള തീരുമാനം

1089 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒയാസിസ് കൊമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മദ്യനിർമ്മാണ യൂണിറ്റിന് ആവശ്യമായ വെള്ളം ലഭ്യമാക്കാൻ ജല അതോറിറ്റിയുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കമ്പനി പ്രതിദിനം എത്ര ലിറ്റർ വെള്ളമാണ് ആവശ്യപ്പെട്ടതെന്നും എത്ര ലിറ്റർ നൽകാനാണ് ജല അതോറിറ്റി സമ്മതിച്ചതെന്നും വ്യക്തമാക്കാമോ?

## കഞ്ചിക്കോട് കിൻഫ്ര വ്യവസായ പാർക്കിലേക്ക് വെള്ളമെത്തിക്കാനുള്ള പദ്ധതി

1090 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് കിൻഫ്ര വ്യവസായ പാർക്കിലേക്ക് മലമ്പുഴയിൽ നിന്നും വെള്ളമെത്തിക്കാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം പ്രതിദിനം എത്ര യൂണിറ്റ് വെള്ളമാണ് കിൻഫ്രയ്ക്ക് നൽകാൻ വിഭാവനം ചെയ്തിരിക്കുന്നത്;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്നും നാല് വർഷത്തോളം പദ്ധതി നീണ്ടുപോകാനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ?

## കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനു നടപടി

1091 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് പരിഹരിക്കുന്നതിനു മൊബൈൽ റിപ്പയറിംഗ് യൂണിറ്റ് സംവിധാനം ഒരുക്കുന്നത് പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് മൂലം ഉണ്ടാകുന്ന പരാതികൾ അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

## കോങ്ങാട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ

1092 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ കാലാവധി നീട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് NH 966 കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ പൈപ്പ്ലൈൻ ഇടുന്നതിന് അനുമതി ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മലബാർ ഡിസ്റ്റിലറിക്കു വെള്ളം

1093 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റിലറിക്ക് ജല അതോറിറ്റി വെള്ളം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര യൂണിറ്റ് വെള്ളമാണ് പ്രതിദിനം നൽകുന്നത് എന്ന വിവരം ലഭ്യമാക്കാമോ;

(ബി) മലബാർ ഡിസ്റ്റിലറിക്കു വെള്ളം നൽകാൻ നാല് വർഷമായിട്ടും ജല അതോറിറ്റിക്ക് സാധിക്കുന്നില്ല എന്നത് വസ്തുതയാണോ; എങ്കിൽ കാരണം വിശദമാക്കാമോ?

## ഒയാസിസ് കൊമേഴ്സ്യൽ മദ്യകമ്പനിക്ക് ജലവിതരണം

1094 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എലപ്പുള്ളിയിൽ ഒയാസിസ് കൊമേഴ്സ്യൽ എന്ന മദ്യ കമ്പനിക്ക് ജലം വിതരണം ചെയ്യുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പിന് തീരുമാനമെടുക്കാം എന്ന് ജല അതോറിറ്റി റിപ്പോർട്ട് ചെയ്യുകയുണ്ടായോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു റിപ്പോർട്ട് നൽകിയതെന്ന് അറിയിക്കുമോ;

(ബി) ജലം വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് കമ്പനി വകുപ്പിന് അപേക്ഷ നൽകിയത് എന്നാണ്; പ്രസ്തുത അപേക്ഷയിന്മേൽ മറുപടി നൽകിയതെന്നാണ്; മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കമ്പനി ഡിസ്റ്റിലറി, ബ്രൂവെറി, വൈനറി യൂണിറ്റുകൾക്കായാണ് ജലം ആവശ്യപ്പെടുന്നതെന്ന വിവരം അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ എത്ര ലിറ്റർ വെള്ളം വേണമെന്നാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്; വിശദീകരിക്കാമോ?

## ഒയാസിസ് മദ്യക്കമ്പനിയ്ക്ക് ജലം

1095 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട്ടെ കിൻഫ്ര വ്യവസായ പാർക്കിലേക്ക് മലമ്പുഴയിൽ നിന്നും വെള്ളമെത്തിക്കാനുള്ള പദ്ധതിയിൽ നിന്നും ഒയാസിസ് കൊമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മദ്യ നിർമ്മാണ യൂണിറ്റിന് ആവശ്യമായ വെള്ളം നൽകുമെന്ന് വാട്ടർ അതോറിറ്റി പ്രസ്തുത സ്ഥാപനവുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ</u>**

1096 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ പഞ്ചായത്തിലും വിവിധ ഘട്ടങ്ങളിൽ ജലജീവൻ പ്രവൃത്തിക്ക് ലഭിച്ച ഭരണാനുമതി സംബന്ധിച്ച വിശദാംശം നൽകാമോ?

**<u>മദ്യ നിർമ്മാണ യൂണിറ്റിന്റെ അംഗീകാരത്തിനായി നൽകിയ അപേക്ഷ</u>**

1097 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒയാസിസ് കൊമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പാലക്കാട് കഞ്ചിക്കോട്ടെ മദ്യ നിർമ്മാണ യൂണിറ്റിന് ആവശ്യമായ അംഗീകാരത്തിനായി ജല അതോറിറ്റിക്ക് സമർപ്പിച്ച അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

**<u>മദ്യ നിർമ്മാണ യൂണിറ്റിന് ജല അതോറിറ്റിയുടെ അംഗീകാരം</u>**

1098 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒയാസിസ് കൊമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പാലക്കാട് കഞ്ചിക്കോട്ടെ മദ്യ നിർമ്മാണ യൂണിറ്റിന് ആവശ്യമായ അംഗീകാരം ജല അതോറിറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ അംഗീകാരം/അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>മണ്ണെണ്ണ വിഹിതം</u>**

1099 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും 2016 മുതൽ നാളിതുവരെയായി ലഭിച്ച മണ്ണെണ്ണ വിഹിതം എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

## മത്സ്യ ലഭ്യതയിലുള്ള സ്വയം പര്യാപ്തത

1100 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷം കഴിയുംതോറും മത്സ്യ ലഭ്യതയിൽ കുറവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തെ കണക്ക് ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ദൈനംദിനം വേണ്ടിവരുന്ന മത്സ്യത്തിന്റെ അളവും , ലഭ്യതയും എത്രയെന്നും ദൈനംദിനം ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയെന്നും ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുമാണ് മത്സ്യം എത്തുന്നതെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് മത്സ്യ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ എന്നത്തേയ്ക്ക് കഴിയുമെന്ന് വ്യക്തമാക്കുമോ?

## മണ്ണെണ്ണ സബ്സിഡി

1101 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ൽ യു.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ മണ്ണെണ്ണ ലിറ്ററിന് എത്ര രൂപ സബ്സിഡിയാണ് മത്സ്യഫെഡ് നൽകിയിരുന്നതു എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ മണ്ണെണ്ണ ലിറ്ററിന് എത്ര രൂപ സബ്സിഡിയാണ് മത്സ്യഫെഡ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

## ഫിഷറീസ് വകുപ്പിന്റെ വർക്കല മണ്ഡലത്തിലെ വികസന പദ്ധതികൾ

1102 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെയും ചുമതലയിൽ ഏതെല്ലാം വികസന പദ്ധതികൾക്കാണ് അനുമതി നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## പൊഴിയൂർ തീരദേശപ്രദേശത്ത് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതി

1103 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പൊഴിയൂർ തീരദേശപ്രദേശത്ത് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയിൽ രണ്ടാം ഘട്ടത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എത്ര തുകയാണ് അനുവദിച്ചതെന്നും എത്ര വീടുകൾ ആണ് നിർമ്മിക്കുന്നതെന്നും വിശദമാക്കാമോ?

## പരപ്പനങ്ങാടി തീരദേശ കോളനി പട്ടയം

1104 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി തീരദേശ ഫിഷറീസ് കോളനികൾക്ക് പട്ടയം നൽകുന്നതിന് ഫിഷറീസ് വകുപ്പിന്റെ നിരാക്ഷേപസാക്ഷ്യപത്രം (NOC) ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ നിരാക്ഷേപസാക്ഷ്യപത്രം ലഭ്യമാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

## മത്സ്യത്തൊഴിലാളി മേഖലയിലെ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷാ പദ്ധതി

1105 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി മേഖലയിൽ പണിയെടുത്തിരുന്ന മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പദ്ധതികൾ

1106 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നാളിതുവരെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

## ഉൾനാടൻ മത്സ്യവികസനം

1107 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉൾനാടൻ മത്സ്യവികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തിന് ആവശ്യമായ മത്സ്യകുഞ്ഞുങ്ങളുടെ എത്ര ശതമാനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

## മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച വിവിധ പാക്കേജുകൾ

1108 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെയുള്ള വിവിധ ബജറ്റുകളിൽ, മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച വിവിധ പാക്കേജുകൾ എന്തൊക്കെയാണെന്നും ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു എന്നും വിശദമാക്കാമോ?

## കല്ലുമ്മക്കായ-കടൽമത്സ്യ വിത്തുല്പാദന കേന്ദ്രം

1109 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി പുതിയങ്ങാടിയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന ആരംഭിച്ച കല്ലുമ്മക്കായ-കടൽ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## ഫിഷറീസ് വകുപ്പിന്റെ പദ്ധതി അടങ്കലിന്റെ വെട്ടിക്കുറവ്

1110 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി മൂലം നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് ഫിഷറീസ് വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് വരുത്തിയിരിക്കുന്നത് എന്നും എത്ര ശതമാനം വരെ വെട്ടിക്കുറവ് സംഭവിച്ചു എന്നുമുള്ള വിവരം പദ്ധതി തിരിച്ചു ലഭ്യമാക്കാമോ ?

## മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവര ശേഖരണം

1111 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ വി ജോയി**
**ശ്രീ എം നൗഷാദ്**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിനുശേഷം കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും കൃത്യമായ വിവര ശേഖരണത്തിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധന തുറമുഖങ്ങളിൽനിന്നും ലാന്റിംഗ് സെന്ററുകളിൽനിന്നും മത്സ്യബന്ധനത്തിനായി പുറപ്പെടുന്ന യാനങ്ങളുടേയും മത്സ്യത്തൊഴിലാളികളുടേയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിന് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ഇത് പ്രായോഗികമാണോ എന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## തീരദേശ വികസനം

1112 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ പശ്ചാത്തല സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാർ മത്സ്യമേഖലയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന്

വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ട്രാൻസ്പോൻഡിയർ ഘടിപ്പിക്കുന്ന പദ്ധതി കേരളത്തിൽ ആദ്യഘട്ടത്തിൽ എത്ര യാനങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ടി പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## <u>മത്സ്യകൃഷി വ്യാപനത്തിനായുള്ള പദ്ധതികൾ</u>

1113 **ശ്രീമതി യു പ്രതിഭ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) 2010 മുതൽ 2024 വരെയുള്ള കാലയളവിൽ മത്സ്യകൃഷിയിലൂടെയുള്ള മത്സ്യ ഉല്പാദനം എത്രയെന്ന് വിശദമാക്കാമോ;

(സി) ബയോ ഫ്ലോക് ടെക്നോളജി, റീ സർക്കുലേറ്റിംഗ് അക്വാകൾച്ചർ സിസ്റ്റം തുടങ്ങിയ നൂതന മത്സ്യകൃഷി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>പുനർഗേഹം പദ്ധതി</u>

1114 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനുമായി മത്സ്യബന്ധന മേഖലയിൽ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) പുനർഗേഹം പദ്ധതി പ്രകാരം നാളിതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകിയിട്ടുണ്ട്; ഇനിയെത്ര അപേക്ഷകളിൽ പരിഹാരം കാണേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>പരവൂർ ചില്ലക്കൽ ഫിഷ് ലാൻഡിംഗ് സെന്റർ.</u>

1115 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ ചില്ലക്കൽ തീരദേശത്ത് ഫിഷ് ലാൻഡിംഗ് സെന്റർ ആരംഭിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി താത്കാലികമായി നിർത്തിവയ്ക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട തുടർനടപടികൾ എന്തെല്ലാമെന്നും ഫണ്ട് ലഭ്യതയ്ക്കുള്ള സാധ്യതകൾ എങ്ങനെയെല്ലാമെന്നും

വിശദമാക്കാമോ?

## <u>മത്സ്യകൃഷി മേഖലയിലെ വൈവിധ്യവൽക്കരണം</u>

1116 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) പുതുതായി ഈ മേഖലയിലേയ്ക്ക് കടന്ന് വരുന്ന സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സഹായവുമാണ് സർക്കാർ നൽകുന്നത്;

(സി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിധ്യവൽക്കരണം കൊണ്ടു വരുന്നതിനും എന്തെല്ലാം സഹായമാണ് ചെയ്ത് വരുന്നത്; വിശദമാക്കാമോ?

## <u>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

1117 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

## <u>അഴീക്കോട് ഫിഷ് ലാൻഡിങ് സെൻറർ നിർമ്മാണം</u>

1118 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോട് അഴിമുഖത്തിനോട് അനുബന്ധിച്ച് പൂച്ചക്കടവ് പ്രദേശത്ത് ഫിഷ് ലാൻഡിങ് സെൻറർ നിർമ്മാണത്തിനായി സ്ഥലമെടുപ്പ് നടത്തിയിട്ടുള്ളതിനാലും അഴീക്കോട് അഴിമുഖവുമായി ബന്ധപ്പെട്ട് ധാരാളം മത്സ്യബന്ധന തൊഴിലാളികളും മത്സ്യബന്ധന ബോട്ടുകളും പ്രവർത്തിക്കുന്നതിനാലും ഇവർക്ക് ഏറെ ആശ്വാസകരമായി മാറുന്ന ഫിഷ് ലാൻഡിങ് സെൻറർ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തന റിപ്പോർട്ട് നൽകാമോ?

## <u>സംസ്ഥാനത്തെ മൽസ്യോൽപാദനം വർദ്ധിപ്പിക്കാൻ "അഡാക്"</u>

1119 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**

**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യ കൃഷിയിലൂടെ സംസ്ഥാനത്തെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സ്ഥാപിതമായ ജലകൃഷി വികസന ഏജൻസി (അഡാക്)-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സർക്കാരിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന ഏതെല്ലാം ഫാമുകളും ഹാച്ചറികളുമാണ് അഡാകിന് കൈമാറിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) അഡാകിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

## ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുക

1120 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വിശദമാക്കാമോ?

## ധാതു ഖനനം

1121 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മൈനിങ് വകുപ്പ് പുറപ്പെടുവിച്ച ഓഫ്ഷോർ ധാതു ഖനന ടെൻഡർ പ്രകാരം കേരളത്തിലെ ഏതൊക്കെ തീരദേശ മേഖലകളിലാണ് ധാതു ഖനനം നടപ്പിലാക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) മത്സ്യമേഖലയെ സാരമായി ബാധിക്കുന്ന പ്രസ്തുത ധാതു ഖനനത്തിലെ സർക്കാരിന്റെ എതിർപ്പ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

## തീരദേശ സ്കൂളുകളുടെ വികസനം

1122 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ എം നൗഷാദ്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം മുതൽ നാളിതുവരെ എത്ര തീരദേശ സ്കൂളുകളുടെ വികസനമാണ് മൽസ്യബന്ധന വകുപ്പ് വഴി ഏറ്റെടുത്ത് നടപ്പിലാക്കിയത്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി മൽസ്യബന്ധന വകുപ്പ്, കിഫ്ബി എന്നിവയുടെ ധനസഹായത്തോടെ നിർമ്മിച്ചതും,

നിർമ്മാണത്തിലിരിക്കുന്നതുമായ സ്കൂളുകൾ എതെല്ലാമാണ്; വിശദമാക്കുമോ;

(സി) തീരദേശ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസന ആവശ്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർതലത്തിൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

## തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിനായുള്ള പദ്ധതികൾ

1123 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വംശനാശ ഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മറൈൻ ആംബുലൻസ് സർവീസ്

1124 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ ആരോഗ്യസേവനം ഉറപ്പാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച മറൈൻ ആംബുലൻസ് സർവീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

## അജാനൂർ മത്സ്യബന്ധന തുറമുഖം

1125 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ അജാനൂർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം

1126 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## തീരദേശ റോഡുകളുടെ നവീകരണം

1127 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകൾ നവീകരിക്കുന്നതിനും യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി എത്ര റോഡുകൾക്കാണ് 2024-25 വർഷത്തിൽ സർക്കാർ ഫണ്ട് അനുവദിച്ചിട്ടുള്ളത്; നിയോജക മണ്ഡലാടിസ്ഥാനത്തിൽ റോഡുകളുടെ പേര്, അനുവദിച്ച തുക എന്നിവ ലഭ്യമാക്കാമോ?

**<u>കാസർഗോഡ് തീരദേശ റോഡുകളുടെ പുനരുദ്ധാരണം</u>**

1128 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ നിയോജക മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ?

**<u>തീരദേശ റോഡ് നവീകരണത്തിനുള്ള പദ്ധതി</u>**

1129 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ ഏതെല്ലാം തീരദേശ റോഡുകളുടെ നവീകരണത്തിനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്;

(ബി) അവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

**<u>തീരദേശ റോഡുകളുടെ പുനരുദ്ധാരണം</u>**

1130 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ 8 വർഷക്കാലം കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ വിഹിതം പ്രസ്തുത പദ്ധതിയിൽ ഉണ്ടെങ്കിൽ കഴിഞ്ഞ എട്ടു വർഷക്കാലം സർക്കാർ നീക്കിവെച്ച തുക, തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക എന്നിവ എത്രയാണെന്ന് മണ്ഡലം തിരിച്ചു വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നിർമാണം പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതും ഭരണാനുമതി ലഭിച്ചിട്ടും പ്രവർത്തി ആരംഭിക്കാത്തതുമായ റോഡുകളുടെ പേരും വർഷവും മണ്ഡലവും തിരിച്ചു വ്യക്തമാക്കാമോ?

**<u>കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് റോഡുകളുടെ പ്രവർത്തന പുരോഗതി</u>**

1131 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഫിഷറീസ് റോഡുകളുടെ നിലവിലെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ ഉത്തരവായിട്ടും നിർമ്മാണം ആരംഭിക്കാത്തതും പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഇനം തിരിച്ച് ഏതൊക്കെയാണെന്നും, ആയത് പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തൊക്കെയാണെന്നും വിശദമാക്കാമോ.?

**<u>മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ</u>**

1132 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും അതുവഴി വരുമാന ചോർച്ച പരിഹരിക്കുന്നതിനും മത്സ്യഫെഡ് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ മത്സ്യഫെഡ് വഴി എത്ര രൂപയാണ് മണ്ണെണ്ണ സബ്സിഡി നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) 2010 മുതൽ നാളിതുവരെ എത്ര തവണ മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിച്ച എന്ന വിവരം നൽകാമോ?

**<u>ജനകീയ മത്സ്യ കൃഷി പദ്ധതി</u>**

1133 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യ കൃഷിക്കായി നടപ്പ സാമ്പത്തിക വർഷം എന്തു തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്;

(ബി) എന്തു തുകയ്ക്കുള്ള ഭരണാനുമതിയാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജനകീയ മത്സ്യ കൃഷിയെന്ന ബൃഹത്തായ പദ്ധതിയുടെ നേട്ടം പ്രതീക്ഷിത അളവിൽ കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പരിശോധിച്ച് കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ</u>**

1134 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് വഴി നിലവിൽ എത്ര രൂപയ്ക്കാണ് മണ്ണെണ്ണ നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) 2016 ൽ യു.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ മണ്ണെണ്ണ ലിറ്ററിന് എത്ര രൂപ നിരക്കിലാണ് മത്സ്യഫെഡ് വഴി നൽകിയിരുന്നത് എന്ന് വ്യക്തമാക്കാമോ?

## 'അന്തിപ്പച്ച' പദ്ധതിയുടെ ഭാഗമായുള്ള വാഹനം

1135 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 'അന്തിപ്പച്ച' പദ്ധതിയുടെ ഭാഗമായി വാഹനം വാങ്ങുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് വാഹനം നിരത്തിലിറക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## കൂട് മത്സ്യകൃഷി പദ്ധതി

1136 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജലസംഭരണികളിൽ ഏത് പദ്ധതി പ്രകാരമാണ് കൂട് മത്സ്യകൃഷി നടപ്പാക്കിവരുന്നത് എന്ന് അറിയിക്കാമോ; വ്യക്തമാക്കാമോ;

(ബി) കൂട് മത്സ്യകൃഷി നടപ്പിലാക്കുന്നതിന് പുതിയ പദ്ധതികൾ നിലവിലുണ്ടോ; ആയത് ഏതെല്ലാം എന്ന് വ്യക്തമാക്കാമോ?

## ജനകീയ മൽസ്യകൃഷി പദ്ധതി

1137 **ശ്രീമതി യു പ്രതിഭ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ എം മുകേഷ്**
**ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നടപ്പാക്കിവരുന്ന ജനകീയ മൽസ്യകൃഷി പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി 2016 മുതൽ നാളിതുവരെ ബഡ്ജറ്റിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ലഭ്യമാക്കുമോ;

(സി) ഇക്കാലയളവിൽ പദ്ധതി വഴിയുള്ള അധിക മത്സ്യ ഉല്പാദനം എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

## മൽസ്യമേഖലയിലെ നൂതന പദ്ധതികൾ

1138 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷിപ്പിംഗ് കണ്ടെയ്നറുകളിലെ ഫിഷ് പ്രോസസിംഗ് & മാർക്കറ്റിംഗ് കിയോസ്ക് പദ്ധതി വിശദീകരിക്കാമോ;

(ബി) മത്സ്യവിൽപ്പന കിയോസ്ക്, ഓൺലൈൻ മത്സ്യവിപണനത്തിന് ഇ-സ്കൂട്ടർ എന്നീ സംരംഭങ്ങളെകുറിച്ച് വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ വിശദമാക്കാമോ?

**മത്സ്യമാർക്കറ്റുകളുടെ നവീകരണം**

1139 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ തൃശ്ശൂർ ജില്ലയിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**വെള്ളയിൽ മത്സ്യ മാർക്കറ്റ് നിർമ്മാണം**

1140 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളയിൽ മത്സ്യ മാർക്കറ്റ് നിർമ്മാണത്തിനു തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ടവർ**

1141 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ, മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(സി) 2021 മുതൽ നാളിതുവരെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ / അർദ്ധസർക്കാർ / സഹകരണ സ്ഥാപനങ്ങളിൽ ജോലി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ടവരുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് 2021 മുതൽ ഇതുവരെ, മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ടവർക്ക് സർക്കാർ നൽകിയിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിശദവിവരം ലഭ്യമാക്കാമോ?

**കടലാക്രമണം തടയുന്നതിനുള്ള നടപടികൾ**

1142 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ തീരപ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കടലാക്രമണത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ എണ്ണം

1143 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മുതൽ നാളിതുവരെ സംസ്ഥാനത്ത് കടലാക്രമണത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ കടലിൽ കാണാതായവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം എത്രയാണെന്ന് വർഷവും ജില്ലയും തിരിച്ച് അറിയിക്കാമൊ;

(സി) ഈ കാലയളവിൽ കടലിലുണ്ടായ അപകടങ്ങളിൽ നഷ്ടമാകുകയോ ഉപയോഗശൂന്യമാവുകയോ ചെയ്ത യാനങ്ങളുടെ എണ്ണം എത്രയാണ് വർഷവും ജില്ലയും തിരിച്ച് കണക്ക് അറിയിക്കുമോ;

(ഡി) കടൽ ആക്രമണങ്ങളുമായും കടലിൽ ഉണ്ടാകുന്ന അപകടങ്ങളുമായും ബന്ധപ്പെട്ട് ഉണ്ടാകുന്ന ഇത്തരം നഷ്ടങ്ങൾക്ക് ഒരോ വ്യക്തിക്കും എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നിലവിൽ അനുവദിച്ചിട്ടുള്ളത്;

(ഇ) നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം ഇപ്രകാരം കടലിൽ ഉണ്ടാകുന്ന അപകടങ്ങളുമായി ബന്ധപ്പെട്ട് വരുന്ന നഷ്ടങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ട് എത്ര പേരാണ് അപേക്ഷ നൽകിയത് ; ഇതിൽ എത്രപേർക്കാണ് ധനസഹായം നൽകിയിട്ടുള്ളത്;

(എഫ്) അപേക്ഷ ലഭിച്ചിട്ടും ധനസഹായം അനുവദിക്കാത്ത എത്ര അപേക്ഷകളാണ് നിലവിലുള്ളത്; അവർക്ക് ധനസഹായം നൽകാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് അറിയിക്കുമോ?

## അരൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1144 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ അരൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു ; ഇനി ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടോ ; എങ്കിൽ ആയതിന്റെ കാരണവും വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ മത്സ്യബന്ധന - ഹാർബർ എഞ്ചിനീയറിംഗ് പ്രവർത്തനങ്ങൾ

1145 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം മുതൽ മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം വിശദമാക്കുമോ?

## ഉദുമ മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

1146 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കിയതും പുരോഗമിക്കുന്നതുമായ വിവിധ ഹാർബർ എഞ്ചിനീയറിഗ് പ്രവൃത്തികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

## തോട്ടപ്പള്ളി ഹാർബർ രണ്ടാംഘട്ട വികസനം

1147 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഹാർബർ രണ്ടാംഘട്ട വികസനം പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY ) സ്കീമിൽ ഉൾപ്പെടുത്തി നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശങ്ങളും കേന്ദ്ര അംഗീകാരത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

## കയ്പമംഗലം ഹാർബർ നിർമ്മാണം

1148 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം ഹാർബർ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് എടുത്തിരിക്കുന്നത്;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കാമോ?

## അഴീക്കോട് പഞ്ചായത്തിലെ നീർക്കടവിൽ ഫിഷ്ലാന്റിംഗ് സെന്റർ

1149 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് പഞ്ചായത്തിലെ നീർക്കടവിൽ ഫിഷ്ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ സാധ്യതാപഠനത്തിനുള്ള തുക അനുവദിക്കുന്നതിനുള്ള നടപടി ആയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) സാധ്യതാപഠനം പൂർത്തിയാക്കി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കുണ്ടറയിലെ ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം

1150 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറയിലെ ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം പേരയം ഗ്രാമപഞ്ചായത്തിലെ ഒരു വാടക കെട്ടിടത്തിൽ താൽക്കാലികമായി ആരംഭിക്കുന്നതിനായി , പ്രസ്തുത സ്ഥലം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിച്ചതിന് ശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രാദേശിക കേന്ദ്രത്തിനുള്ള കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള സമ്മത പത്രത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പ്രത്യേക ഉത്തരവ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സമർപ്പിച്ചിട്ടുണ്ടോ എന്നത് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവ് സംബന്ധിച്ച് ഫിഷറീസ് സർവ്വകലാശാലയുടെ റിപ്പോർട്ട്/ അനുബന്ധ രേഖകളോ ആവശ്യപ്പെട്ട് ലഭിച്ചിട്ടുള്ള കത്തിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ.;

(ഇ) മേൽ സൂചിപ്പിച്ച കത്ത് പ്രകാരം ധനകാര്യ വകുപ്പിന് മറുപടി നൽകിയിട്ടുണ്ടോ. ഇല്ലെങ്കിൽ ആയതിന്റെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

## നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

1151 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഗരുഡൻ തൂക്കം, മുടിയേറ്റ്, ചവിട്ടുനാടകം തുടങ്ങിയ കലകളെ പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആമ്പല്ലൂർ പഞ്ചായത്തിലെ അരയൻ കാവ് ക്ഷേത്രത്തിൽ നടത്തിയ ഗരുഡായനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരം പൈതൃക കലാരൂപങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന തരത്തിൽ സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലായെങ്കിൽ ഇത്തരം കലാരൂപങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സാംസ്കാരിക വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

1152 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാംസ്കാരിക വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ചുള്ള വിവരം, ഭരണാനുമതി നൽകിയ തുക എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

**<u>നാട്ടരങ്ങ് പദ്ധതി</u>**

1153 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ കടലുണ്ടി പുഴയോരത്ത് ചുഴലി മണാല പ്രദേശത്ത് ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള 20 ഓളം സെന്റ് സ്ഥലത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പാക്കുന്നതിന് നിലവിൽ പദ്ധതിയുണ്ടോ; ഈ വിഷയത്തിൻമേൽ സാസ്കാരിക വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>സാംസ്കാരിക സ്ഥാപനങ്ങളിലെ വാഹനങ്ങളിലെ നെയിം ബോർഡ്</u>**

1154 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക കാര്യവകുപ്പിന്റെ കീഴിലുള്ള വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ സർക്കാർ വകുപ്പുകളായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങളിൽ ചുവന്ന നെയിം ബോർഡുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങളിലെ ബോർഡുകൾ എപ്രകാരമുള്ളവയായിരിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) നിയമവിരുദ്ധമായി ബോർഡുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് പിഴ ചുമത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

**<u>നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>**

1155 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2020 മുതൽ 2024 വരെ സാംസ്കാരിക വകുപ്പ് എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

**<u>സാംസ്കാരിക സർവകലാശാല</u>**

1156 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക സർവകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; എന്നത്തേക്ക് പദ്ധതി

യാഥാർഥ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

## പദ്ധതി അടങ്കലിന്റെ വെട്ടിക്കുറവ്

1157 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് സാംസ്കാരിക വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നത് എന്നും എത്ര ശതമാനം വരെ വെട്ടിക്കുറവ് സംഭവിച്ചു എന്നുമുള്ള വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

## മലബാർ കൾച്ചറൽ അക്കാദമി

1158 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ പ്രവർത്തിക്കുന്ന മലബാർ കൾച്ചറൽ അക്കാദമി സ്വന്തമായി കെട്ടിടം പണിയുന്നതിന് വേണ്ടി സർക്കാർ ധനസഹായത്തിനായി അപേക്ഷ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മലബാർ കൾച്ചറൽ അക്കാദമിയുടെ സ്വന്തം കെട്ടിടനിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സഹായം എന്ന് നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) മലബാർ കൾച്ചറൽ അക്കാദമിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മൂന്ന് കോടി രൂപയുടെ പ്രൊപ്പോസൽ പ്രകാരം ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള കാര്യം സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുപ്രകാരമുള്ള പ്രവൃത്തി ആരംഭിക്കുവാൻ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

## വിളവൂർക്കൽ പഞ്ചായത്തിൽ നാട്ടരങ്ങ് പ്രോജക്ട്

1159 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിൽ നാട്ടരങ്ങ് പ്രോജക്ട് ആരംഭിക്കുന്നതിനായുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി വിളവൂർക്കൽ പഞ്ചായത്തിനോട് എന്തൊക്കെ വിവരങ്ങൾ ചോദിച്ചിട്ടുണ്ട്; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## നാട്ടരങ്ങ് പദ്ധതി

1160 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ കല്ലറയിൽ ആരംഭിക്കാൻ നിശ്ചയിച്ചിട്ടുള്ള നാട്ടരങ്ങ് പദ്ധതിക്ക വേണ്ടിയുള്ള റവന്യൂ സ്ഥലത്തിന്റെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ;

വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ?

**ഓഡിയോ വിഷ്വൽ തിയേറ്റർ നിർമ്മാണ പുരോഗതി**

1161 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലുള്ള മൊയിൻ കുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ ഉപകേന്ദ്രത്തിലെ ഓഡിയോ വിഷ്വൽ തിയേറ്ററിന്റെ നിർമ്മാണ പുരോഗതി വിലയിരുത്താമോ;

(ബി) പ്രസ്തുത ഉപകേന്ദ്രത്തിലെ ഓഡിയോ വിഷ്വൽ തിയേറ്റർ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തികരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കലാഭവൻ മണി സ്മാരക നിർമ്മാണം**

1162 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ തറക്കല്ലിടൽ നിർവ്വഹിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

**പേരാമ്പ്ര മൾട്ടിപ്ലക്സ് തീയറ്റർ കോംപ്ലക്സിന്റെ പ്രവൃത്തി**

1163 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പേരാമ്പ്രയിൽ ആരംഭിക്കാൻ തീരുമാനിച്ച മൾട്ടിപ്ലക്സ് തീയറ്റർ കോംപ്ലക്സിന്റെ പ്രവൃത്തിക്ക് എത്ര തുക ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോംപ്ലക്സിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

**കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ തീയറ്റർ നിർമ്മാണം**

1164 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ ഏതെല്ലാം ജില്ലയിൽ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തീയറ്റർ നിർമ്മിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുൻസിപ്പാലിറ്റിയിൽ തീയറ്റർ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

## ലെനിൻ രാജേന്ദ്രൻ സ്മാരക തിയറ്റർ കോംപ്ലക്സ്

1165 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെനിൻ രാജേന്ദ്രൻ സ്മാരക തിയറ്റർ കോംപ്ലക്സും സാംസ്കാരിക കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള ഉത്തരവിൽ (സ.ഉ. (സാധാ) നമ്പർ 656/2024 തീയതി 13.11.2024) മലയിൻകീഴ് പഞ്ചായത്ത് സെക്രട്ടറി നിർദ്ദേശിച്ച ഭൂമി മാറനല്ലൂർ വില്ലേജ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ആയത് മലയിൻകീഴ് വില്ലേജ് എന്ന് തിരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) മലയിൻകീഴ് പഞ്ചായത്ത് നിർദ്ദേശിച്ച ഭൂമി പൂർണ്ണമായും ഏറ്റെടുക്കൽ നടപടികൾക്കായി സർക്കാർ ഉത്തരവിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവ രണ്ടിനുമായി സർക്കാരിന് സമർപ്പിച്ച നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പയ്യന്നൂർ തീയറ്റർ സമുച്ചയ നിർമ്മാണം

1166 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.എഫ്.ഡി.സി മുഖേന നടപ്പിലാക്കുന്ന പയ്യന്നൂർ തീയറ്റർ സമുച്ചയ നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിവരം അറിയിക്കാമോ;

(ബി) തീയറ്റർ സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് മേഖലാ ഫിലിം ഫെസ്റ്റിവൽ

1167 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നടക്കുന്ന ഫിലിം ഫെസ്റ്റിവൽ മാതൃകയിൽ കോഴിക്കോട് മേഖലാ ഫിലിം ഫെസ്റ്റിവൽ നടത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കോഴിക്കോട് മേഖലാ ഫിലിം ഫെസ്റ്റിവൽ നടത്താൻ നടപടി സ്വീകരിക്കുമോ?

## ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ

1168 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമ രംഗത്തെ അനഭിലഷണീയമായ പ്രവണതകൾ സംബന്ധിച്ചുള്ള ഹേമാകമ്മിറ്റി റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) സിനിമാ രംഗത്തുണ്ടാകുന്ന തെറ്റായ പ്രവണതകൾ ഇല്ലാതാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ യുവജനക്ഷേമ പദ്ധതികൾ

1169 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ യുവജനകാര്യ വകുപ്പും യുവജന ക്ഷേമ ബോർഡും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നടപ്പാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
03-02-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].